www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 21 | 2017 JUNE 3 | ₹10

# നിത്യനൂതനമായ വേദഗ്രന്ഥം

## ഇന്ത്യ ജനാധിപത്യത്തിന്റെ കശാപ്പുശാലയാകുമോ?

## ക്വുർആൻ പഠനം എപ്പോൾ തുടങ്ങണം?





# MSM

21

11

നേർപഥം
വാരിക

0021 / 2017 ജൂൺ 03 / 1438 റമദാൻ 08 / പുസ്തകം 01 / ലക്കം 21



# നിത്യനൂതനമായ വേദഗ്രന്ഥം

ശമീർ മദീനി / 10

**മുഖമൊഴി**

ഇന്ത്യ ജനാധിപത്യത്തിന്റെ കശാപ്പുശാലയാകുമോ / 05
എഡിറ്റർ

**കൂട്ടായ്മ**

ബാധ്യതകൾ വിസ്മരിക്കരുത് / 07
ടി.കെ.അശ്റഫ്

**സംശയനിവാരണം**

ഗർഭിണിയുടെയും മുലയൂട്ടുന്ന സ്ത്രീയുടെയും നോമ്പ്/ 17
പി.എൻ.അബ്ദുർറഹ്മാൻ

**കാഴ്ച**

തിരക്കുകൾ തീരെയില്ലാത്ത നേരം/ 19
ഇബ്‌നു അലി എടത്തനാട്ടുകര

**പാരന്റിംഗ്**

ക്വുർആൻ പഠനവും കുട്ടികളും / 32
അശ്‌റഫ് എകരൂൽ

**വിമർശനം**

അദൃശ്യജ്ഞാനവും സൃഷ്ടികളും / 15
അബ്ബാസ് ചെറുതുരുത്തി

**അവലോകനം**

ഹിറാഗുഹയിൽ സംഭവിച്ചത് / 20
മുഹമ്മദ് അജ്മൽ സി

**ലേഖനങ്ങൾ**

ക്വുർആൻ പഠനം എപ്പോൾ തുടങ്ങണം? / 6
നാസിർ ബാലുശ്ശേരി

ഹദീഥ് നിഷധത്തിലെ അപകടം/ 21
ഡോ.മുഹമ്മദ് അശ്‌റഫ്

ഹൃദയത്തിന്റെ സ്വാധീനം സമൂഹത്തിൽ / 24
ഫദ്‌ലുൽ ഹഖ് ഉമരി, ആമയൂർ

ആത്മാർഥയും ആത്മനിയന്ത്രണവും / 26
അഡ്വ.കെ.എ.അബ്ദുസ്സമദ്

റമദാനിൽ അവതരിച്ച അനുഗ്രഹം / 28
അബൂ ഇഹ്‌സാൻ


ഉപജീവനത്തിലെ ഐശ്വര്യം / 30
ശമീർ നദ്‌വി ബാലുശ്ശേരി

**ക്വുർആൻ പഠനം**

മഴക്കാല ചിന്തകൾ/ 34
അബൂ മുബീൻ

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com

## വായനക്കാർ എഴുതുന്നു




## റമദാൻ സമ്മാനം

'നേർപഥം' റമദാൻ സ്‌പെഷ്യൽ പതിപ്പ് ശരിക്കുമൊരു റമദാൻ സമ്മാനമായിരുന്നു. നോമ്പിന്റെ വിധിവിലക്കുകളും സ്ത്രീകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ക്വുർആനുമായി ബന്ധപ്പെട്ട ലേഖനങ്ങളുമെല്ലാം ലളിതവും പഠനാർഹവുമായിരുന്നു. എത്ര വേഗമാണ് വീണ്ടും റമദാൻ വന്നതെന്ന് നമ്മിൽ പലരും പറയും. നാളുകൾ കഴിയുമ്പോൾ, എത്ര വേഗമാണ് റമദാൻ കടന്നുപോയത് എന്നും നാം തന്നെ പറയും. എന്നാൽ റമദാൻ നമ്മിൽ എന്തു മാറ്റമുണ്ടാക്കി എന്ന് പരിശോധിക്കാൻ മിക്കവാറും നാം മറന്നുപോവുകയും ചെയ്യും. ഈ റമദാൻ നമ്മെ ഓരോരുത്തരെയും പുതിയ മനുഷ്യരാക്കണം. നവീകരിക്കപ്പെട്ട വിശ്വാസവും വിമലീകരിക്കപ്പെട്ട മനസ്സും നന്മയോട് ആഭിമുഖ്യവും തിന്മയോട് വെറുപ്പുമുള്ള നല്ല മനുഷ്യർ. അല്ലാഹുവോടും അവന്റെ വേദത്തോടും പ്രവാചകരോടും അവിടുത്തെ ചര്യയോടുമുള്ള പ്രതിപത്തിയും, പ്രലോഭനങ്ങളിലും പ്രകോപനങ്ങളിലും പിടിച്ചുനിൽക്കാനുള്ള മനക്കരുത്തും, പരലോകത്ത് പുലരാനിരിക്കുന്ന പ്രതിഫലവാഗ്ദാനങ്ങളിലുള്ള പ്രത്യാശയും മേൽക്കുമേൽ വർധിച്ച പുതിയ മനുഷ്യർ.

കളിതമാശകളിൽ മുഴുകിയും ആവശ്യത്തിലേറെ ഉറങ്ങിയും ടെലിവിഷന് മുന്നിൽ ചടഞ്ഞിരുന്നും അങ്ങാടികളിൽ അലഞ്ഞുനടന്നും കളഞ്ഞുകുളിക്കാനുള്ളതല്ല വിശ്വാസിക്ക് ഈ സുവർണാവസരം. റമദാനിൽ ജീവിച്ചിരുന്നിട്ട് പാപമുക്തി നേടാനാവാത്തവൻ ദിവ്യകാരുണ്യത്തിൽനിന്ന് അകറ്റപ്പെടട്ടെ എന്ന ജിബ്‌രീൽ(അ)ന്റെ പ്രാർഥനയും അതിനുള്ള തിരുനബി(സ)യുടെ ആമീൻ പറച്ചിലും നമ്മുടെ മനസ്സിൽ മുഴങ്ങിക്കൊണ്ടേയിരിക്കട്ടെ- കെ.സി നജീബിന്റെ വരികൾ മനസ്സിൽ മായാതെ നിൽക്കുന്നു.

**-മുഹമ്മദ് റോഷൻ, മഞ്ചേരി**

●●●

## എന്തുകൊണ്ട് തിന്മകൾ?

'നേർപഥം' റമദാൻ സ്‌പെഷ്യൽ പതിപ്പിലെ 'പിശാചുക്കൾ ചങ്ങലകളിൽ ബന്ധിക്കപ്പെട്ടിട്ടും തിന്മകളോ' എന്ന അൻവർ അബൂബക്കറിന്റെ ലേഖനം പുതുമയുള്ളതായിരുന്നു. പലപ്പോഴും ചിന്തയിൽ വരാറുണ്ടായിരുന്ന ചില സംശയങ്ങൾക്ക് ലേഖനം ഉത്തരം നൽകി.

'ദുർബല വിശ്വാസികളിൽ ഈ മാസത്തിന്റെ ആഗമനം മനഃപ്രയാസമാണ് സൃഷ്ടിക്കുക. മറ്റു മാസങ്ങളെ പോലെയാണ് അവർ റമദാൻ മാസത്തെയും മാനസികമായി പരിഗണിക്കുന്നത്. ഇസ്‌ലാം പഠിപ്പിച്ച നന്മകൾ കൂടുതലായി സ്വീകരിക്കാൻ ഇത്തരം ആളുകൾക്ക് സാധിക്കാറില്ല. പൈശാചികതയിൽ ആഴ്ത്തപ്പെട്ട പരാക്രമിയായ മനുഷ്യന് എന്നിട്ടും നോമ്പിന്റെ പ്രയോജനം ഉണ്ടാകുന്നതിന് വേണ്ടി അല്ലാഹു അവസരങ്ങൾ നൽകുകയാണ്. മനുഷ്യനിലെ പൈശാചികത ചുരുങ്ങുകയും സൂക്ഷ്മതയോടെ അല്ലാഹുവിലേക്ക് അടുക്കുകയും ചെയ്യാനുള്ള സന്ദർഭാനുകൂല്യം റമദാൻ മാസത്തിന്റെ പ്രത്യേകതയാണ്.' ഏറെ ചിന്തക്കും ആത്മ പരിശോധനക്കും പ്രേരിപ്പിക്കുന്ന വരികൾ. അഭിനന്ദനങ്ങൾ, ലേഖകർക്കും അണിയറ പ്രവർത്തകർക്കും.

**-മുബീന ബിൻത് അബ്ദുല്ല, മണ്ണാർക്കാട്**

●●●

## നോമ്പുകാരനും പുകവലിയും

'നേർപഥം' ലക്കം 20ലെ പുകവലിയുമായി ബന്ധപ്പെട്ട ലേഖനം ശ്രദ്ധേയമായിരുന്നു. സാമ്പത്തികമായും ശാരീരികമായും സാമൂഹികമായും ദോഷം മാത്രം വരുത്തിവെക്കുന്നതാണ് എന്നറിഞ്ഞിട്ടും പുകവലിക്കുന്ന മുസ്‌ലിംകൾ എമ്പാടുമുണ്ട്. നോമ്പുകാലത്ത് പകൽ വലിക്കില്ല. നോമ്പു തുറന്നാൽ വലിയോടു വലിതന്നെ. തിന്മകൾ വെടിയാൻ സഹായിക്കുന്നതാകണമല്ലോ വ്രതം. നോമ്പിന്റെ ലക്ഷ്യം തന്നെ സൂക്ഷ്മത പാലിക്കുന്നവരാവുക എന്നതായിരിക്കെ നോമ്പ് തുറന്നതിനു ശേഷം പുകവലിക്കുന്നവർ സൂക്ഷ്മതക്കുറവാണ് കാണിക്കുന്നത് എന്ന് പറയേണ്ടിയിരിക്കുന്നു.

**-അജ്മൽ മുബാറക്. കെ. എം, പൂത്തോൾ**

●●●

### ചോദ്യോത്ത പംക്തി വേണം

വാരിക കൃത്യമായി കിട്ടിത്തുടങ്ങി. അൽഹംദുലില്ലാഹ്. കാലികവും മതപരവുമായ വിഷയങ്ങളിൽ സന്ദർഭോചിതമായ സൃഷ്ടികളുമായി ഇറങ്ങുന്നുണ്ടെങ്കിലും ചോദ്യോത്തര പംക്തിയുടെ കുറവ് മുഴച്ചു കാണുന്നുണ്ട്. പരിഹരിക്കുമല്ലോ.

**-അബ്ദുൽ ജലീൽ. കെ.പി, തിരൂർ**

**വായനക്കാരുടെ പ്രതികരണങ്ങൾ**
**mail@nerpatham.com എന്ന ഇ.മെയിലിലോ**
**9207525244 എന്ന വാട്ട്‌സ്ആപ് നമ്പറിലോ**
**നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.**

# ഇന്ത്യ ജനാധിപത്യത്തിന്റെ കശാപ്പുശാലയാകുമോ?

കന്നുകാലിച്ചന്തകൾ നിയന്ത്രിക്കാനെന്ന പേരിൽ കേന്ദ്ര സർക്കാർ പുതുതായി ഇറക്കിയ ചട്ടങ്ങൾ ഏറെ വിവാദങ്ങൾക്ക് തിരികൊളുത്തിയിരിക്കുകയാണല്ലോ. കന്നുകാലി വിപണി നിയന്ത്രിക്കൽ സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ വരുന്ന വിഷയമായതിനാൽ കേന്ദ്രത്തിന് അധികാരമുള്ള മൃഗക്ഷേമം എന്ന വിഷയത്തിന്റെ മറപിടിച്ചുകൊണ്ടാണ് 'പ്രിവൻഷൻ ഓഫ് ക്രുവൽറ്റി ടു അനിമൽസ്' നിയമം ഉപയോഗിച്ചുകൊണ്ട് ഈ ചട്ടങ്ങൾ കൊണ്ടുവന്നിരിക്കുന്നത്.

സംഘ്പരിവാർ ചിരകാലമായി ആഗ്രഹിച്ചുകൊണ്ടിരുന്ന പല ഗൂഢ അജണ്ടകളും രാജ്യത്ത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഏറ്റവുമൊടുവിലത്തെ ഉദാഹരണമാണ് പശു, കാള, പോത്ത് തുടങ്ങിയവയെ കാലിച്ചന്തയിൽ കശാപ്പിനായി വിൽപന നടത്താൻ പാടില്ലെന്ന ഉത്തരവ്. വിശദീകരണവും ന്യായീകരണവും എത്ര നൽകിയാലും ലക്ഷ്യം മൃഗസംരക്ഷണമല്ലെന്നും മൃഗങ്ങളോടുള്ള ക്രൂരതയിൽ മനംനൊന്തുള്ള നടപടിയല്ലെന്നും ബീഫ് കഴിക്കുന്നവർക്കും കഴിക്കാത്തവർക്കുമെല്ലാം തിരിയും.

ഇന്ത്യയുടെ മാംസ വിപണി ഏകദേശം ഒരുലക്ഷം കോടി രൂപ പ്രതിവർഷം മതിപ്പുള്ളതാണ്. ഇതിന്റെ നിലനിൽപ് കാലിച്ചന്തകളെ ആശ്രയിച്ചാണ്. ഇത്രയും വലിയ വിപണിയിലേക്ക് മാടുകൾ എത്തുന്നത് വീടുകളിൽ നിന്നാണ്. അവിടെനിന്നാണ് കറവ വറ്റിയ മൃഗങ്ങളെ കച്ചവടക്കാർ വാങ്ങുന്നതും കാലിച്ചന്തകളിൽ എത്തിക്കുന്നതും. ഇനി മുതൽ അത് നടപ്പില്ല. അർധ പട്ടിണിക്കാരായ കർഷകരുടെ പിരടിയിൽ യാതൊരു ഉപകാരവുമില്ലാത്ത വൃദ്ധമൃഗങ്ങളെ പോറ്റുക എന്ന ഭാരംകൂടി ചാർത്തിയിരിക്കുന്നു കേന്ദ്ര സർക്കാർ. രാജ്യത്തെ മാട് വളർത്തലുകാരെ ബാധിക്കുമെന്നതിലുപരി ഏതാനും ചിലയാളുകളുടെ കുമ്പുദ്ധിക്ക് ഭരണകൂടം വഴങ്ങിക്കൊടുക്കുകയും ഭൂരിപക്ഷത്തിന്റെ വികാരത്തെ പരിഹസിക്കുകയും ചെയ്യുന്ന തരത്തിലേക്ക് നിയമങ്ങൾ വഴിമാറിപ്പോവുന്നതിലുള്ള ആശങ്കയാണ് ഉദ്ബുദ്ധരായ ജനങ്ങൾ പങ്കുവെക്കുന്നത്.

ശക്തമായ രാഷ്ട്രീയ ആയുധമായാണ് സംഘ്പരിവാർ ശക്തികൾ എന്നും ഗോവധത്തെയും അനുബന്ധ വിവാദങ്ങളെയും കണ്ടിട്ടുള്ളത്. 1870ൽ പഞ്ചാബിലെ സിഖ് കൂക്ക് വിഭാഗവുമായി ചേർന്ന് ഹിന്ദു ഗോരക്ഷ പ്രസ്ഥാനം ആരംഭിച്ചതോട് കൂടിയാണ് കന്നുകാലികൾ രാഷ്ട്രീയ പ്രക്ഷോഭത്തിനുള്ള ഉപകരണങ്ങളായി മാറിയത്. 82ൽ ദയാനന്ദ സരസ്വതി ആദ്യത്തെ ഗോരക്ഷിണി സഭ സ്ഥാപിച്ച് വർഗീയപരമായ വെല്ലുവിളികളുമായി മുന്നോട്ട് പോവുകയും അതിന്റെ ഭാഗമായി തുടർ വർഷങ്ങളിൽ ചെറുതും വലുതുമായ വർഗീയ സംഘട്ടനങ്ങൾ രാജ്യത്ത് അരങ്ങേറുകയും ചെയ്തു.

മതപരമായി വിശുദ്ധ മൃഗമായി ഗണിക്കുന്നതിനാൽ പശുവിനെ കശാപ്പ് ചെയ്തുകൂടാ എന്ന് ഉത്തരവിറക്കിയാൽ അത് ചില സംസ്ഥാനങ്ങളിൽ നടപ്പാകുമെങ്കിലും മതേതര ഇന്ത്യയിൽ മൊത്തത്തിൽ നടപ്പാക്കാൻ കഴിയില്ല എന്ന തിരിച്ചറിവിൽനിന്നാണ് പോത്തിനെയും കാളയെയുമൊക്കെ ഉൾപെടുത്തി വളഞ്ഞ് മൂക്കുപിടിക്കുന്ന രൂപത്തിൽ നിയമം കൊണ്ടുവന്നിരിക്കുന്നത്.

മൃഗങ്ങളോടുള്ള ക്രൂരത തടയാനാണോ ഈ നിയമം? അങ്ങനെയാണെങ്കിൽ ആടിനെയും പന്നിയെയും താറാവിനെയും കോഴിയെയുമൊക്കെ കശാപ്പ് ചെയ്യുന്നതും അതിനായി വിൽപന നടത്തുന്നതും നിരോധിക്കേണ്ടതല്ലേ?

തീൻമേശകളിലെ പാത്രങ്ങളിൽ എന്തു വിളമ്പണമെന്നും എന്ത് വിളമ്പിക്കൂടാ എന്നും ഭരണകൂടം തീരുമാനിക്കുന്ന അവസ്ഥ ഒരു ജനാധിപത്യ രാജ്യത്ത് സംജാതമാകുന്നുവെങ്കിൽ നാം ഭയക്കുക; മൃഗങ്ങൾക്ക് പകരം ജനാധിപത്യം കശാപ്പ് ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

നാസിർ ബാലുശ്ശേരി

ലേഖനം



# ക്വുർആൻ പഠനം എപ്പോൾ തുടങ്ങണം?

**പ്ര**പഞ്ച സ്രഷ്ടാവ് മുഹമ്മദ് നബി(സ)യിലൂടെ മാനവർക്ക് മാർഗദീപമായി അവതരിപ്പിച്ച പരിശുദ്ധ ക്വുർആനിന്റെ അവതരണം കൊണ്ട് ധന്യമാക്കപ്പെട്ട മാസമാണ് റമദാൻ. ആ പരിശുദ്ധമായ ഗ്രന്ഥത്തെ പ്രതിഫലേഛയോടെ പഠിക്കാനും പാരായണം ചെയ്യാനും ഭക്തജനങ്ങൾ ഔത്സുക്യം കാണിക്കുന്ന മാസമാണിത്. യഥാർഥത്തിൽ ഏതെങ്കിലും ഒരു പ്രത്യേക മാസത്തിലോ ദിനങ്ങളിലോ ഒതുങ്ങേണ്ടതല്ല വിശ്വാസിയുടെയും കുടുംബത്തിന്റെയും ക്വുർആനുമായുള്ള ബന്ധം. ജീവിതത്തിന്റെ ഏതു ഘട്ടത്തിലും എവിടെയായിരുന്നാലും ക്വുർആനുമായി ഹൃദ്യമധുരവും ദൃഢവുമായുള്ള ബന്ധം നാം നിലനിർത്തേണ്ടതുണ്ട്. ഓരോരുത്തരുടെയും സംരക്ഷണത്തിൽ വളരുന്ന കുഞ്ഞുങ്ങൾക്ക് ഇളം പ്രായത്തിൽ തന്നെ അതിനുള്ള പ്രേരണയും പ്രചോദനവും പ്രോത്സാഹനവും നൽകുകയാണ് അതിനുള്ള പ്രധാനപ്പെട്ട ഒരുവഴി. മാതാവിന്റെ മാറിടത്തിൽ നിന്ന് അമ്മിഞ്ഞപ്പാല് നുകരുന്ന അനുഭൂതിയോടെ കുട്ടികൾ ക്വുർആൻ പഠിച്ചു തുടങ്ങണം.

ഏട്ടാമത്തെ വയസ്സിൽ ക്വുർആൻ മനഃപാഠമാക്കിയ, നിരവധി വിജ്ഞാന ശാഖകളിൽ വ്യുൽപത്തി നേടിയ, തത്ത്വശാസ്ത്രം, കർമശാസ്ം, തർക്കശാസ്ത്രം, നിദാന ശാസ്ത്രം, ക്വുർആൻ പാരായണ ശാസ്ത്രം, ഗണിതം, വ്യാകരണം തുടങ്ങിയ മേഖലകളിൽ ഗ്രന്ഥരചന നിർവഹിച്ച വിശ്വപ്രസിദ്ധ പണ്ഡിതൻ അബ്ദുർറഹ്മാനുബ്നു അബീബക്കർ ജമാലുദ്ദീൻ സുയൂത്വി പറയുന്നു: "കുഞ്ഞുങ്ങൾക്ക് ക്വുർആൻ പഠിപ്പിക്കുക എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാനങ്ങളിൽ പെട്ടതാണ്. കാരണം ചെറുപ്പം മുതൽ ക്വുർആൻ പഠിച്ചാൽ അവർ സംശുദ്ധമായ പ്രകൃതത്തിൽ തന്നെ വളരും. ഇച്ഛകൾക്ക് അടിമപ്പെട്ട് വഴികേടിന്റെയും അനുസരണക്കേടിന്റെയും ഉടമകളാവുന്നതിനു മുമ്പ് യഥാർഥ ജ്ഞാനത്തിന്റെ പ്രകാശ കിരണങ്ങൾ അവരുടെ ഹൃദയത്തിലേക്ക് മുൻകടന്നെത്തും" (മൻഹജുത്തർബിയത്തിന്നബവിയ്യ ലിത്ത്വിഫ്‌ലി, പേജ് 32).

ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഇബ്നുസീന (അവിസെന്ന) രേഖപ്പെടുത്തി: "കുഞ്ഞുങ്ങൾ കാര്യങ്ങൾ കേട്ട് പഠിക്കാനും മനസ്സിലാക്കാനുമുള്ള പ്രായത്തിലായാൽ അവർക്ക് ക്വുർആൻ പഠിപ്പിച്ചു കൊടുക്കണം. അറബി അക്ഷരമാല അവരെ അഭ്യസിപ്പിക്കുകയും മതത്തിന്റെ അടിസ്ഥാന കാര്യങ്ങൾ പകർന്നു കൊടുക്കുകയും ചെയ്യണം" (കിതാബുസ്സിയാസഃ).

ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയ മഹാന്മാരായ പല പണ്ഡിതന്മാരും നന്നേ ചെറുപ്പത്തിൽ തന്നെ ക്വുർആനുമായി നിരന്തരം ബന്ധപ്പെടുന്നവരായിരുന്നു. പഠിക്കുകയും പാരായണം ചെയ്യുകയും മാത്രമല്ല മനഃപാഠമാക്കുകയും ചെയ്തിരുന്നു. അതിൽ പ്രമുഖനാണ് അബ്ദുല്ലാഹിബ്നു അബ്ബാസ്(റ). പ്രവാചകൻ(സ്വ) ഈ ലോകത്തോട് വിടപറയുമ്പോൾ അദ്ദേഹത്തിന് പത്ത് വയസ്സ് മാത്രമെ പ്രായമുണ്ടായിരുന്നുള്ളുവെങ്കിലും തർജുമാനൽ ക്വുർആൻ (ക്വുർആനിന്റെ പരിഭാഷകൻ), ഹിബ്റുൽ ഉമ്മഃ (സമുദായത്തിലെ പണ്ഡിതൻ) എന്നീ അപരനാമങ്ങൾ അദ്ദേഹം നേടിക്കഴിഞ്ഞിരുന്നു!

ഏഴാമത്തെ വയസ്സിൽ ക്വുർആൻ പൂർണമായും മനഃപാഠമാക്കിയ വ്യക്തിയാണ് ഇമാം ശാഫിഈ(റഹി). ഇബ്നുസീന (അവിസെന്ന) ഏഴാമത്തെ വയസ്സാകുമ്പോഴേക്കും ക്വുർആൻ നന്നായി പഠിച്ചിട്ടുണ്ടെന്ന് അദ്ദേഹത്തെപ്പറ്റി വിരചിതമായ ഗ്രന്ഥങ്ങളിൽ കാണുന്നു. ഇമാം നവവി(റ)യെപ്പറ്റി ശൈഖ് യാസീനുബ്നു യൂസുഫ് രേഖപ്പെടുത്തുന്നു: "പത്താമത്തെ വയസ്സിൽ ഞാൻ ഇമാം നവവിയെ 'നവ' യിൽ വച്ചു കണ്ടു. കുട്ടികൾ അദ്ദേഹത്തെ അവരുടെ കൂടെ കളിക്കാൻ വേണ്ടി നിർബന്ധിക്കുന്നു. അദ്ദേഹമാകട്ടെ, അവരിൽ നിന്ന് കരഞ്ഞുകൊണ്ട് ഓടിയകലുകയും ചെയ്യുന്നു. എന്റെ മനസ്സിൽ അദ്ദേഹത്തോട് വളരെയെറെ ഇഷ്ടം തോന്നി. പിതാവ് അദ്ദേഹത്തെ തന്റെ ഷോപ്പിൽ നിശ്ചയിച്ചു. പക്ഷേ, അദ്ദേഹം ക്വുർആനിൽ നിന്ന് ശ്രദ്ധതെറ്റിച്ച് കച്ചവടത്തിൽ ഏർപെട്ടില്ല. ഞാൻ അദ്ദേഹത്തിന്റെ ഗുരുനാഥനെ സന്ദർശിച്ചു ആശയവിനിമയം നടത്തി. ഞാൻ പറഞ്ഞു: "ഈ കുട്ടി തന്റെ കാലഘട്ടത്തിലെ ഏറ്റവും വലിയ പണ്ഡിതനും ദീനിനുവേണ്ടി ജീവിതം സമർപിക്കുന്നവനും ജനങ്ങൾക്ക് ഉപകാരമുള്ളവനുമാകുമെന്നും ഞാൻ കരുതുന്നു." അദ്ദേഹം ചോദിച്ചു: "താങ്കൾ കാര്യങ്ങൾ മുൻകൂട്ടി പ്രവചിക്കുന്ന ഒരു വ്യക്തിയാണോ?" ഞാൻ പറഞ്ഞു: "അല്ല. ഇത് അല്ലാഹു എന്നെക്കൊണ്ട് സംസാരിപ്പിച്ചതാണ്." അദ്ദേഹം ഇക്കാര്യം നവവി ഇമാമിന്റെ പിതാവിന്റെ ശ്രദ്ധയിൽ പെടുത്തി. അങ്ങനെ അദ്ദേഹം തന്റെ മകനെ ക്വുർആൻ പഠിപ്പിക്കുന്നതിൽ അത്യുൽസാഹം കാണിച്ചു. അങ്ങനെ പ്രായപൂർത്തിയാകുന്നതിനു മുമ്പ് തന്നെ അദ്ദേഹം ക്വുർആൻ വായിച്ചു തീർത്തു" (ഇബ്നുസ്സുബ്കിയുടെ അത്ത്വബക്വാത്തുൽ കുബ്റാ, 8/396).

ഒരിക്കൽ ഇബ്നു അബ്ബാസ്(റ) ഒരാളോടു ചോദിച്ചു: "താങ്കളെ സന്തോഷിപ്പിക്കുന്ന ഒരു ഹദീഥ് ഞാൻ

**പ്രപഞ്ച സ്രഷ്ടാവ് മുഹമ്മദ് നബി(സ)യിലൂടെ മാനവർക്ക് മാർഗദീപമായി അവതരിപ്പിച്ച പരിശുദ്ധ ക്വുർആനിന്റെ അവതരണം കൊണ്ട് ധന്യമാക്കപ്പെട്ട മാസമാണ് റമദാൻ. ആ പരിശുദ്ധമായ ഗ്രന്ഥത്തെ പ്രതിഫലേച്ഛയോടെ പഠിക്കാനും പാരായണം ചെയ്യാനും ഭക്തജനങ്ങൾ ഔത്സുക്യം കാണിക്കുന്ന മാസമാണിത്. യഥാർഥത്തിൽ ഏതെങ്കിലും ഒരു പ്രത്യേക മാസത്തിലോ ദിനങ്ങളിലോ ഒതുങ്ങേണ്ടതല്ല വിശ്വാസിയുടെയും കുടുംബത്തിന്റെയും ക്വുർആനുമായുള്ള ബന്ധം. ജീവിതത്തിന്റെ ഏതു ഘട്ടത്തിലും എവിടെയായിരുന്നാലും ക്വുർആനുമായി ഹൃദ്യമധുരവും ദൃഢവുമായുള്ള ബന്ധം നാം നിലനിർത്തേണ്ടതുണ്ട്. ഓരോരുത്തരുടെയും സംരക്ഷണത്തിൽ വളരുന്ന കുഞ്ഞുങ്ങൾക്ക് ഇളം പ്രായത്തിൽ തന്നെ അതിനുള്ള പ്രേരണയും പ്രചോദനവും പ്രോത്സാഹനവും നൽകുകയാണ് അതിനുള്ള പ്രധാനപ്പെട്ട ഒരുവഴി. മാതാവിന്റെ മാറിടത്തിൽ നിന്ന് അമ്മിഞ്ഞപ്പാല് നുകരുന്ന അനുഭൂതിയോടെ കുട്ടികൾ ക്വുർആൻ പഠിച്ചു തുടങ്ങണം.**

താങ്കൾക്ക് സമ്മാനമായി നൽകട്ടെ?" അദ്ദേഹം പറഞ്ഞു:"അതെ." "നീ സൂറത്തുൽ മുൽക് പാരായണം ചെയ്യുക. താങ്കളുടെ മുഴുവൻ സന്തതികളെയും കുടുംബത്തെയും മറ്റു കുഞ്ഞുങ്ങളെയും നിന്റെ അയൽവാസിയെയും നീ അത് പഠിപ്പിക്കുക. തീർച്ചയായും അത് രക്ഷ നൽകുന്നതാണ്. അന്ത്യനാളിൽ രക്ഷിതാവിനോട് അതിനെ പാരായണം ചെയ്ത വ്യക്തിക്കു വേണ്ടി അത് തർക്കത്തിലേർപെടുന്നതാണ്. ശാശ്വതമായ നരശിക്ഷയിൽ നിന്ന് അവനെ രക്ഷിക്കുന്നതിനു വേണ്ടി അഭ്യർഥിക്കുന്നതാണ്. അത് കാരണം ആ വ്യക്തി (പാരായണം ചെയ്ത ആൾ) ക്വബ്ർ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുന്നതാണ്. നബി(സ്വ) പറഞ്ഞിരിക്കുന്നു: 'എന്റെ സമുദായത്തിൽ പെട്ട എല്ലാ മനുഷ്യരുടെയും ഹൃദയത്തിൽ അത് ഉണ്ടാകട്ടെ എന്ന് ഞാൻ തീർച്ചയായും ആഗ്രഹിച്ചു" (സിൽസിലത്തുൽ അഹാദിഥുസ്സ്വഹീഹഃ, നമ്പർ: 1140).

ഇമാം അബൂഹനീഫ(റഹി) തന്റെ മകൻ ഹമ്മാദിനെ സൂറത്തുൽ ഫാതിഹ പഠിപ്പിച്ചു കൊടുത്ത അധ്യാപകന് 500 ദിർഹം ദാനംനൽകി. അദ്ദേഹം അത്ഭുതത്തോടെ ചോദിച്ചു: "എന്തിനിത്ര വലിയസംഖ്യ? ഞാൻ അവനെ ഫാതിഹയല്ലാതെ മറ്റൊന്നും പഠിപ്പിച്ചിട്ടില്ലല്ലോ!" ഇത്കേട്ട് അബൂഹനീഫ(റഹി) പറഞ്ഞു: "എന്റെ മകനെ താങ്കൾ പഠിപ്പിച്ച കാര്യങ്ങൾ താങ്കൾ നിസ്സാരമായി കാണരുത്. ഇതിനെക്കാളധികം ഞങ്ങളുടെ കൈവശമുണ്ടായിരുന്നെങ്കിൽ പരിശുദ്ധ ക്വുർആനോടുള്ള ബഹുമാനം കാരണം ഞാനത് താങ്കൾക്ക് നൽകുമായിരുന്നു" (ഫത്ഹു ബാബുൽ ഇനായത്, പേജ്:19).

പരിശുദ്ധ ക്വുർആൻ ശ്രുതിമധുരമായി പാരായണം ചെയ്യാനുള്ള മഹാസൗഭാഗ്യം സിദ്ധിച്ച പ്രവാചകന്റെ സന്തതസഹചാരിയായിരുന്ന അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) രോഗിയായി. അദ്ദേഹത്തെ സന്ദർശിച്ച ഖലീഫ ഉസ്മാനുബ്നു അഫ്ഫാൻ(റ) അദ്ദേഹത്തോട് ചോദിച്ചു: "താങ്കൾ എന്തിനെ പറ്റിയാണ് ആവലാതിപ്പെടുന്നത്?" അദ്ദേഹം പറഞ്ഞു: "പാപത്തെ കുറിച്ച്." "എന്തൊന്നിലാണ് താങ്കൾ ആഗ്രഹം വെച്ചുപുലർത്തുന്നത്?." "എന്റെ രക്ഷിതാവിന്റെ കാരുണ്യത്തിൽ." "ഞാൻ താങ്കളെ പരിശോധിക്കാൻ ഒരു ഡോക്ടറെ വരുത്തട്ടെ?" "എന്നെ ഡോക്ടർ ചികിൽസിച്ചിട്ടുണ്ട്!" "ഞാൻ താങ്കൾക്ക് വല്ല ദാനവും തരാൻ നിർദേശിക്കട്ടെ?" "എനിക്കതാവശ്യമില്ല." "താങ്കളുടെ മരണശേഷം മക്കൾക്കത് ഉപയോഗിക്കാമല്ലോ." "എന്റെ മക്കളുടെ കാര്യത്തിൽ ദാരിദ്ര്യത്തെ താങ്കൾ ഭയപ്പെടുന്നുണ്ടോ? അത് വേണ്ടതില്ല; തീർച്ചയായും ഞാൻ അവരോട് എല്ലാദിവസവും രാത്രി സൂറത്തുൽ വാക്വിഅഃ പാരായണം ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വല്ലവനും എല്ലാ രാത്രിയും സൂറത്തുൽ വാക്വിഅഃ പാരായണം ചെയ്യുകയാണെങ്കിൽ അവനെ ഒരിക്കലും ദാരിദ്ര്യം പിടികൂടുകയില്ലെന്ന് നബി(സ്വ) പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്" (മൻഹജുത്തർബിയത്തിന്നബവിയ്യ ലിത്ത്വിഫ്‌ലി: പേജ് 233).

**പ്രവചനാതീതമായ ഭാവി പുരോഗതിയുടെ നിർമാതാക്കളായ വരുംതലമുറയെ നാളെയെയും കീഴടക്കുന്ന ഈ മഹാഗ്രന്ഥവുമായി ബലിഷ്ഠമായി ബന്ധിപ്പിക്കേണ്ടതുണ്ട്. ബഹുമുഖമായ തിന്മകളാൽ തമോഗർത്തത്തിലേക്ക് മുഖം കുത്തുന്ന വിദ്യാർഥികളുടെ എണ്ണം ഭീതിതമാം വിധം വർധിച്ചുകൊണ്ടിരിക്കുന്ന സമകാലിക സാഹചര്യത്തിൽ വ്യക്തിത്വം നിലനിർത്തുന്ന അസ്തിത്വത്തിന്റെ ഉടമകളായി മുസ്‌ലിം നവതലമുറ മാറുവാനും ഇത് അത്യന്താപേക്ഷിതമാണ്.**

മുഹമ്മദ് നബി(സ്വ)യിൽ നിന്നും മതം പഠിക്കാനുള്ള മഹാസൗഭാഗ്യം സിദ്ധിച്ച സ്വഹാബികളും അവരെ തുടർന്നുവന്ന സച്ചരിതരായ സലഫുകളും പരിശുദ്ധ ക്വുർആൻ പഠിക്കുകയും പാരായണം ചെയ്യുകയും ഹൃദിസ്ഥമാക്കുകയും ചെയ്യുന്നതിനു വേണ്ടി കാണിച്ച ശ്രദ്ധയും താൽപര്യവുമാണ് മേലുദ്ധരിച്ച വരികളിൽ നാം കണ്ടത്. ജീവിതത്തിൽ സന്തോഷവും സംതൃപ്തിയും സ്വായത്തമാക്കാൻ സ്വസ്ഥതയും സ്ഥൈര്യവും സമാധാനവും നിലനിർത്തി, ലക്ഷ്യബോധത്തോടെ മുന്നോട്ടുനീങ്ങുവാനും ക്വുർആനുമായുള്ള നിരന്തര ബന്ധം നിർബന്ധമാണെന്നവർ മനസ്സിലാക്കി. ഭൗതിക വിജ്ഞാനത്തിന്റെ സമുന്നതശ്രേണികൾ ചവിട്ടിക്കടന്ന് ചരിത്രങ്ങൾ സൃഷ്ടിച്ചപ്പോഴും, ശാസ്ത്ര-സാങ്കേതിക മേഖലകളിലെ നിർണായകമായ മുന്നേറ്റങ്ങൾക്ക് അടിത്തറ പാകിയപ്പോഴും ഈ മഹാഗ്രന്ഥവുമായുള്ള ബന്ധം അവർ വേർപെടുത്തിയില്ല. എന്നു മാത്രമല്ല, അത്തരം അതുല്യമായ നേട്ടങ്ങൾ കൈവരിക്കാൻ അവർക്ക് പ്രചോദകമായി വർത്തിച്ചത് ഈ അത്ഭുത ഗ്രന്ഥം തന്നെയായിരുന്നു. അതുകൊണ്ട് തന്നെ പ്രവചനാതീതമായ ഭാവി പുരോഗതിയുടെ നിർമാതാക്കളായ വരുംതലമുറയെ നാളെയെയും കീഴടക്കുന്ന ഈ മഹാഗ്രന്ഥവുമായി ബലിഷ്ഠമായി ബന്ധിപ്പിക്കേണ്ടതുണ്ട്. ബഹുമുഖമായ തിന്മകളാൽ തമോഗർത്തത്തിലേക്ക് മുഖം കുത്തുന്ന വിദ്യാർഥികളുടെ എണ്ണം ഭീതിതമാം വിധം വർധിച്ചുകൊണ്ടിരിക്കുന്ന സമകാലിക സാഹചര്യത്തിൽ വ്യക്തിത്വം നിലനിർത്തുന്ന അസ്തിത്വത്തിന്റെ ഉടമകളായി മുസ്‌ലിം നവതലമുറ മാറുവാനും ഇത് അത്യന്താപേക്ഷിതമാണ്.

ടി.കെ.അശ്റഫ്

കൂട്ടായ്മ

# ബാധ്യതകൾ വിസ്മരിക്കരുത്

**ലോ**കത്തിന് അനിവാര്യമായൊരു നാശം വരാനിരിക്കുന്നു. വൻപൊട്ടിത്തെറി. അന്ന് ആകാശം പൊട്ടിപ്പിളരും. നക്ഷത്രങ്ങൾ ഉതിർന്നുവീഴും. പർവതങ്ങൾ ധൂളികളായി മാറും. ഭൂമി നിരപ്പാക്കപ്പെടും. സമുദ്രങ്ങളിൽനിന്ന് അഗ്നിജ്വാലകളുയരും. അതിഭീതിതമായ ഈ അവസാനത്തെക്കുറിച്ച് പറഞ്ഞുതന്നത് പ്രപഞ്ചത്തിന്റെ നാഥൻ തന്നെയാണ്. അതിനാൽ അത് സംഭവിക്കുമെന്ന കാര്യത്തിൽ സംശയമേയില്ല.

എന്നാൽ പ്രപഞ്ച സ്രഷ്ടാവിന്റെ ഈ മുന്നറിയിപ്പ് ഇതുവരെയും അറിയാത്തവരാണ് ലോകത്ത് ഭൂരിപക്ഷവും. ലോകാവസാനത്തിന് ശേഷം മനുഷ്യർ ഉയർത്തെഴുന്നേൽക്കുമെന്നും ആത്യന്തിക രക്ഷയുടെ ഏകമാർഗമായ ഇസ്‌ലാം ഉൾക്കൊണ്ടു ജീവിക്കാത്ത പക്ഷം നരകവാസികളാകേണ്ടിവരുമെന്നുമൊക്കെയുള്ള വസ്തുത മനസ്സിലാക്കിയവർ വിരളമാണ്. അവർക്ക് അക്കാര്യം മനസ്സിലാക്കിക്കൊടുക്കൽ നമ്മുടെ ബാധ്യതയാണ്.

താൻ മനസ്സിലാക്കിയ മഹാസത്യം മറ്റുള്ളവരിൽനിന്ന് മൂടിവെക്കുന്നവൻ മഹാവഞ്ചകനല്ലേ? പ്രബോധനമെന്ന ബാധ്യത വലിയ പണ്ഡിതന്മാരിൽ മാത്രം നിക്ഷിപ്തമാണെന്ന വാദം പ്രമാണവിരുദ്ധവും ബാധ്യതയിൽനിന്നുള്ള ഉൾവലിയലുമാണ്.

സത്യമുൾക്കൊണ്ട് ജീവിച്ചാൽ പോരാ. അത് മറ്റുള്ളവരെ അറിയിക്കാൻ കൂടി ശ്രമിക്കണം. ആത്യന്തിക നഷ്ടത്തിൽനിന്ന് രക്ഷപ്പെടാൻ എന്തുചെയ്യണമെന്ന് അല്ലാഹു പഠിപ്പിക്കുന്നത് കാണുക:

“കാലം തന്നെയാണ് സത്യം, തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു; വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ” (വി.ക്വുർആൻ 103:1-3).

നരകമോചനത്തിന് ശരീരംകൊണ്ടും സമ്പത്തുകൊണ്ടുമുള്ള ധർമസമരം നിർബന്ധമാണ്. അല്ലാഹു പറയുന്നു: “സത്യവിശ്വാസികളേ, വേദനാജനകമായ ശിക്ഷയിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു കച്ചവടത്തെപ്പറ്റി ഞാൻ നിങ്ങൾക്ക് അറിയിച്ച് തരട്ടെയോ? നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കണം. അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ സ്വത്തുക്കൾ കൊണ്ടും ശരീരങ്ങൾ കൊണ്ടും നിങ്ങൾ സമരം ചെയ്യുകയും വേണം. അതാണ് നിങ്ങൾക്ക് ഗുണകരമായിട്ടുള്ളത്. നിങ്ങൾ അറിവുള്ളവരാണെങ്കിൽ”(61:10,11).

പ്രതിസന്ധി ഘട്ടങ്ങളിൽ പ്രബോധനരംഗത്ത് സജീവമായാൽ തന്റെ ജീവിതമാർഗം വഴിമുട്ടുമോ, കുടുംബത്തിന്റെ കാര്യം നോക്കാൻ സമയം കിട്ടാതാകുമോ എന്നൊക്കെ ചിന്തിച്ച് അറിവും കഴിവുമുള്ള പലരും പ്രബോധനരംഗത്തുനിന്നും പിൻമാറാറുണ്ട്. പതുക്കെ പതുക്കെ അവർ മതരംഗത്തുനിന്ന് തന്നെ പുറകോട്ടുപോകും. എന്നാൽ അല്ലാഹുവിന്റെ ഉൽബോധനത്തിൽ നിന്നും അകന്നുപോകുന്നവർക്കാണ് ജീവിതം കുടുസ്സാവുക. അല്ലാഹു പറയുന്നു:

“എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ട് വരുന്നതുമാണ്” (20:124).

അല്ലാഹു നമ്മെ ഈ ഭൂമിയിൽ സൃഷ്ടിച്ചുവിട്ടത് കേവലം കച്ചവടക്കാരനോ, അധ്യാപകനോ, ഡോക്ടറോ, എഞ്ചിനീയറോ, രാഷ്ട്രീയക്കാരനോ മറ്റോ ആയി ജീവിച്ചു മരിക്കാനല്ല. അല്ലാഹുവിനെ മാത്രം ആരാധിച്ച് അവനോടുള്ള ബാധ്യതകൾ പൂർണമായി നിർവഹിക്കുവാനാണ്. അതിനുവേണ്ടി അൽപകാലം ഭൂമിയിൽ ജീവിക്കുമ്പോഴുള്ള ജീവിതോപാധി മാത്രമാണ് കച്ചവടവും മറ്റു ജോലികളും. അതൊന്നും ബാധ്യതാനിർവഹണത്തിന് നമുക്ക് തടസ്സമാകരുത്. അല്ലാഹു നമുക്ക് നൽകിയ അനുഗ്രഹങ്ങൾകൊണ്ട് പരലോകഭവനമാണ് നാം തേടേണ്ടത്:

“അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോകവിജയം തേടുക. ഐഹികജീവിതത്തിൽ നിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നൻമ ചെയ്തത് പോലെ നീയും നൻമചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല” (28:77).

അൽപം നൽകി കൂടുതൽ നേടാനാണല്ലോ മനുഷ്യന് താൽപര്യം. ഹ്രസ്വമായ ഐഹികജീവിതം അല്ലാഹുവിന് സമർപിച്ചാൽ -സമ്പത്തും സമയവും അറിവും കഴിവും സ്വാധീനവുമെല്ലാം- ഇരട്ടിയായി അവൻ വർധിപ്പിച്ച് തരും: “ആരുണ്ട് അല്ലാഹുവിന് ഒരു നല്ല കടം കൊടുക്കുവാൻ? എങ്കിൽ അവനത് അയാൾക്ക് വേണ്ടി ഇരട്ടിപ്പിക്കുന്നതാണ്. അയാൾക്കാണ് മാന്യമായ പ്രതിഫലമുള്ളത്”(57:11).

ശമീർ മദീനി, ആലുവ

കവർ സ്റ്റോറി

**അനേകം പ്രവാചകന്മാരെ അല്ലാഹു ഈ ലോകത്തേക്ക് നിയോഗിച്ചിട്ടുണ്ട്. അവരിൽ ഗ്രന്ഥം നൽകപ്പെട്ടവരുണ്ട്; പലവിധ അമാനുഷിക ദൃഷ്ടാന്തങ്ങൾ നൽകപ്പെട്ടവരുണ്ട്. അല്ലാഹു അയച്ച ദൂതൻതന്നെയാണ് എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുവാനാണ് അമാനുഷിക ദൃഷ്ടാന്തങ്ങൾ അവർക്ക് നൽകപ്പെട്ടത്. അന്തിമ പ്രവാചകന് നൽകപ്പെട്ട ഏറ്റവും വലിയ ദൃഷ്ടാന്തമാണ് വിശുദ്ധ ക്വുർആൻ. 1400 വർഷങ്ങൾക്ക് മുമ്പ് അവതരിപ്പിക്കപ്പെട്ട ക്വുർആൻ യാതൊരുവിധ മാറ്റത്തിരുത്തലുകൾക്കും വിധേയമാകാതെ ഇന്നും നിലകൊള്ളുന്നു എന്നതുതന്നെ അതിന്റെ ദൈവികതക്ക് തെളിവാണ്. കോടിക്കണക്കിന് മുസ്‌ലിംകൾ ഒരേ ഭാഷയിൽ അത് പാരായണം ചെയ്തുകൊണ്ടിരിക്കുന്നു. ക്വുർആനിന്റെ അജയ്യതയെക്കുറിച്ച് ഒരു പഠനം.**

# നിത്യനൂതനമായ വേദഗ്രന്ഥം

നമുക്ക് ജീവൻ നൽകിയ, ശ്വസിക്കുവാൻ വായുവും കുടിക്കുവാൻ വെള്ളവും നൽകിയ, വാസയോഗ്യമായ നിലയിൽ ഭൂമിയെ സംവിധാനിച്ച കരുണാവാരിധിയായ നമ്മുടെ സ്രഷ്ടാവ് അവന്റെ പക്കൽ നിന്നുള്ള കുറ്റമറ്റ മാർഗനിർദേശങ്ങളുമായി കാലാകാലങ്ങളിൽ നിരവധി ദൂതന്മാരെ നിയോഗിച്ചയച്ചു. എന്താണ് നമ്മുടെ ജീവിത ലക്ഷ്യമെന്നും എന്താണ് നന്മ-തിന്മകളെന്നും നാം എങ്ങനെ ജീവിക്കണമെന്നും അവരിലൂടെ കാരുണ്യവാനായ നമ്മുടെ സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു.

"സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായ ദൂതൻമാരായിരുന്നു അവർ. ആ ദൂതന്മാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (4:165).

ദൈവനിയുക്തരായ ആ പ്രവാചക ശൃംഖലയിലെ അവസാനത്തെ കണ്ണിയാണ് മുഹമ്മദ് നബി(സ്വ). അന്തിമ വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. ദൈവവചനമാകുന്ന ക്വുർആനും അതിന്റെ പ്രായോഗിക വിവരണമായ പ്രവാചക ജീവിതവും അഥവാ സുന്നത്തുമാണ് മനുഷ്യരാശിക്കു മുന്നിൽ മോക്ഷത്തിനുള്ള മാർഗമായി ശേഷിക്കുന്നത്.

മുഹമ്മദ് നബി (സ്വ) പറയുന്നു: "എന്റെയും എനിക്ക് മുമ്പുള്ള പ്രവാചകന്മാരുടെയും ഉപമ ഇപ്രകാരമാണ്: ഒരാൾ ഒരു മന്ദിരം നിർമിച്ചു. അതിനെ വളരെ സുന്ദരവും സുഭഗവുമാക്കി. ഒരു മൂലക്കല്ലിന്റെ സ്ഥാനം ഒഴിവാക്കി വെച്ചു. ജനങ്ങളതിനെ ചുറ്റി നടന്ന് കാണുകയും അതിന്റെ ഭംഗി കണ്ട് അത്ഭുതംകൂറുകയും ചെയ്തു. എന്തുകൊണ്ട് ഈ കല്ലുകൂടി വെച്ചില്ല എന്നവർ പറയുകയുണ്ടായി. ഞാനത്രെ ആ കല്ല്. ഞാൻ അന്ത്യപ്രവാചകനാണ് " (ബുഖാരി, മുസ്‌ലിം).

ആ പ്രവാചകനും ആ വേദഗ്രന്ഥവും ഏതെങ്കിലും ഒരു പ്രത്യേക ജനവിഭാഗത്തിലേക്കുള്ളതല്ല: "പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ). അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാ



ഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ നിങ്ങൾ നേർമാർഗം പ്രാപിക്കാം" (7:158).

"നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനും ആയിക്കൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല" (34:28).

"തന്റെ ദാസന്റെ മേൽ സത്യാസത്യവിവേചനത്തിനുള്ള പ്രമാണം (ക്വുർആൻ) അവതരിപ്പിച്ചവൻ അനുഗ്രഹപൂർണനാകുന്നു. അദ്ദേഹം (റസൂൽ) ലോകർക്ക് ഒരു താക്കീതുകാരൻ ആയിരിക്കുന്നതിനു വേണ്ടിയത്രെ അത്" (25:1).

**ക്വുർആൻ ദൈവികമോ?**

മറ്റു ദൂതന്മർക്ക് നൽകപ്പെട്ട ദൈവികഗ്രന്ഥങ്ങൾ ഓരോ പ്രത്യേക കാലഘട്ടങ്ങളിലേക്കും പ്രത്യേക സമൂഹങ്ങളിലേക്കും മാത്രമായി ഇറക്കപ്പെട്ടതായിരുന്നു. ആ കാലഘട്ടങ്ങൾക്ക് ശേഷം അവയുടെ ദൗത്യമവസാനിച്ചു. പിൽകാലക്കാരായ മനുഷ്യർ ആ വേദഗ്രന്ഥങ്ങളിൽ അവരുടെ താൽപര്യത്തിനനുസരിച്ച് പലതും കൂട്ടിച്ചേർത്തു. പലതും ഒഴിവാക്കി. എന്നാൽ ലോകാവസാനം വരെയുള്ള സർവ മനുഷ്യർക്കുമായി ലോകരക്ഷിതാവ് അവതരിപ്പിച്ച വേദഗ്രന്ഥമെന്ന നിലയിൽ അതിന്റെ സംരക്ഷണ ചുമതല അവൻ തന്നെ ഏറ്റെടുക്കുകയും ചെയ്തു:

"തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (15:9).

മുൻ വേദഗ്രന്ഥങ്ങളെ ശരിവെച്ചും അവയുടെ അടിസ്ഥാനാശയങ്ങളെ സംരക്ഷിച്ചുകൊണ്ടും ക്വുർആൻ കൃത്യമായ മാർഗദർശക ഗ്രന്ഥമായി ഇന്നും നിലകൊള്ളുന്നു.

"(നബിയേ,) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തു രക്ഷിക്കുന്നതുമത്രെ അത്...." (5:48)

വിശുദ്ധ ക്വുർആനിന്റെ ദൈവികതയിൽ സംശയമുന്നയിക്കുന്നവരോട് സത്യസന്ധമായ അന്വേഷണത്തിനും പരിശോധനക്കും തയ്യാറാകുവാനും അതിനെ നിഷ്പക്ഷവും സത്യസന്ധവുമായ പഠനത്തിന് വിധേയമാക്കുവാനുമാണ് ക്വുർആൻ ആവശ്യപ്പെടുന്നത്.

1. ദൈവികമെന്ന് സ്വയം അവകാശപ്പെടുന്ന ഏക ഗ്രന്ഥം:

ലോകത്ത് നിരവധി ഗ്രന്ഥങ്ങളുണ്ട്. അവയിൽ ഒന്ന് പോലും ദൈവിക ഗ്രന്ഥമാമെന്ന് സ്വയം അവകാശപ്പെടുന്നില്ല. എന്നാൽ ക്വുർആനാകട്ടെ ലോകസ്രഷ്ടാവായ അല്ലാഹുവിൽ നിന്നവതീർണമായതാണെന്ന് ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിക്കുന്നുണ്ട്:

"അലിഫ്-ലാം-റാ. സ്പഷ്ടമായ വേദഗ്രന്ഥത്തിലെ വചനങ്ങളാകുന്നു അവ. നിങ്ങൾ ഗ്രഹിക്കുന്നതിന് വേണ്ടി അത് അറബിഭാഷയിൽ വായിക്കപ്പെടുന്ന ഒരു പ്രമാണമായി അവതരിപ്പിച്ചിരിക്കുന്നു" (12:1-2)

"അലിഫ് ലാം റാ. മനുഷ്യരെ അവന്റെ രക്ഷിതാവിന്റെ അനുമതി പ്രകാരം ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുവാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചു തന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത്, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്" (14-1).

2. ക്വുർആനിന്റെ ദൈവികതയിൽ സംശയിക്കുന്നവരെ അതിശക്തമായ നിലയിൽ ക്വുർആൻ വെല്ലുവിളിക്കുന്നു:

നിരക്ഷരനായ പ്രവാചകൻ(സ്വ) ക്വുർആനിന്റെ ദൈവികത നിഷേധിച്ച, വലിയസാഹിത്യകാരന്മാരടങ്ങുന്ന ശത്രുപക്ഷത്തോട്, നിങ്ങളെല്ലാവരും ഒത്തുചേർന്ന് ഇതുപോലെ ഒരു ഗ്രന്ഥം കൊണ്ടുവരാൻ കഴിയുമെങ്കൽ കൊണ്ടുവരൂ എന്ന് വെല്ലുവിളിച്ചു.

"(നബിയേ,) പറയുക: ഈ ക്വുർആൻ പോലൊന്ന് കൊണ്ട്വരുന്നതിന്നായി മ

**ആത്മീയവും ഭൗതികവും സാംസ്കാരികവും സ്വഭാവ സംബന്ധവുമായ എല്ലാ മേഖലകളിലും കുറ്റമറ്റതും കിടയറ്റതുമായ മാർഗദർശനമാണ് ക്വുർആൻ നൽകുന്നത്. കുടുംബ-സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക രംഗങ്ങളിലൊക്കെ പാലിക്കേണ്ടുന്ന ധാർമികതയെ കുറിച്ച് ക്വുർആൻ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. അവയിലേതെങ്കിലുമൊന്ന് ന്യായപ്രകാരം തെളിവുകൾ നിരത്തി അധാർമികമെന്ന് വിമർശിക്കാൻ ക്വുർആനിന്റെ ശത്രുക്കൾക്കിന്നോളം സാധിച്ചിട്ടില്ല.**

നുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ട് വരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും" (17:88)

അതിന് സാധ്യമല്ലെങ്കിൽ പത്ത് അധ്യായമെങ്കിലും കൊണ്ടുവരൂ എന്ന് ആവർത്തിച്ചു വെല്ലുവിളിച്ചു:

"അതല്ല, അദ്ദേഹം അത് കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? പറയുക: എന്നാൽ ഇതുപേലെയുള്ള പത്ത് അധ്യായങ്ങൾ ചമച്ചുണ്ടാക്കിയത് നിങ്ങൾ കൊണ്ട്വരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം നിങ്ങൾ വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ" (11:13).

അതിനും സാധ്യമല്ലെങ്കിൽ കേവലം ഒരൊറ്റ അധ്യായമെങ്കിലും കൊണ്ടുവരുവാൻ ക്വുർആൻ ആവശ്യപ്പെട്ടു:

"നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെ (വിശുദ്ധ ക്വുർആനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റെത് പോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ (അതാണല്ലോ വേണ്ടത്)" (2:23).

പതിനാലു നൂറ്റാണ്ടുകളായി ശത്രുക്കളുടെ കർണപുടങ്ങളിൽ അലയടിക്കുന്ന ഈ വെല്ലുവിളി ഏറ്റെടുക്കുവാൻ ഇതുവരെയും ക്വുർആനിന്റെ എതിരാളികൾക്ക് സാധിച്ചിട്ടില്ല എന്നത് അതിന്റെ ദൈവികത വിളിച്ചറിയിക്കുന്ന യാഥാർഥ്യമാണ്.

3. നൂറ്റാണ്ടുകളെ അതിജയിച്ച ഗ്രന്ഥം:

കാലപ്പഴക്കത്താൽ കാലഹരണപ്പെട്ടു പോകാതെ സാഹിത്യ സമ്പുഷ്ടത കൊണ്ടും ആശയ വൈപുല്യം കൊണ്ടും നിത്യനൂതനത്വം തുളുമ്പുന്നതാണ് വിശുദ്ധ ക്വുർആനിന്റെ സൂക്തങ്ങൾ. നിത്യവും ആവർത്തിച്ച് കേട്ടാലും ആവർത്തിച്ചാവർത്തിച്ച് പാരായണം ചെയ്താലും അതിനോട് ഒരു മടുപ്പോ വെറുപ്പോ വിശ്വാസികൾക്ക് ഉണ്ടാകുന്നില്ലെന്നതും ശ്രദ്ധേയമാണ്. പതിനാല് നൂറ്റാണ്ട് പിന്നിട്ടിട്ടും അതിലെ ഏതെങ്കിലും ഒരു പരാമർശം പോലും അബദ്ധമാണെന്ന് വസ്തുനിഷ്ഠമായി ചൂണ്ടിക്കാണിക്കാൻ അതിന്റെ എതിരാളികൾക്ക് സാധിച്ചിട്ടില്ല.

വിശ്വസ്തനായ ജിബ്രീൽ എന്ന മലക്ക് മുഖേന അല്ലാഹുവിൽ നിന്ന് ലഭിച്ച സന്ദേശങ്ങളാണ് ക്വുർആൻ എന്ന അതിന്റെ അവകാശവാദത്തെ സത്യപ്പെടുത്തുന്നതാണ് നാം നേരിട്ടനുഭവിക്കുന്ന ഈ യാഥാർഥ്യവും.

തീർച്ചയായും ഇത് (ക്വുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു. വിശ്വസ്താത്മാവ് (ജിബ്രീൽ) അതും കൊണ്ട് ഇറങ്ങിയിരിക്കുന്നു; നിന്റെ ഹൃദയത്തിൽ. നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടിയത്രെ അത്. സ്പഷ്ടമായ അറബി ഭാഷയിലാണ് (അത് അവതരിപ്പിച്ചത്)" (26:192-195).

4. കുറ്റമറ്റ മാർഗദർശനം:

ആത്മീയവും ഭൗതികവും സാംസ്കാരികവും സ്വഭാവ സംബന്ധവുമായ എല്ലാ മേഖലകളിലും കുറ്റമറ്റതും കിടയറ്റതുമായ മാർഗദർശനമാണ് ക്വുർആൻ നൽകുന്നത്. കുടുംബ-സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക രംഗങ്ങളിലൊക്കെ പാലിക്കേണ്ടുന്ന ധാർമികതയെ കുറിച്ച് ക്വുർആൻ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. അവയിലേതെങ്കിലുമൊന്ന് ന്യായപ്രകാരം തെളിവുകൾ നിരത്തി അധാർമികമെന്ന് വിമർശിക്കാൻ ക്വുർആനിന്റെ ശത്രുക്കൾക്കിന്നോളം സാധിച്ചിട്ടില്ല. അഥവാ ക്വുർആൻ ധർമമെന്ന് പരിചയപ്പെടുത്തിയ ഒന്നിനെ അധർമമെന്ന് തെളിയിക്കാനോ, അധർമമെന്ന് പഠിപ്പിച്ച ഒന്നിനെ ധർമമെന്ന് തെളിയിക്കാനോ ഇന്നോളം സാധിച്ചിട്ടില്ല! മാത്രമല്ല, കാലം മുന്നോട്ട് ഗമിക്കുന്തോറും ലോകം അറിയാതെ തന്നെ ക്വുർആനിന്റെ ധാർമികാധ്യാപനത്തിന്റെ മഹത്ത്വം മനസ്സിലാക്കുന്നു എന്നതാണ് യാഥാർഥ്യം. വിശുദ്ധ ക്വുർആനിനോടുള്ള അന്ധമായ ശത്രുത മാറ്റിവെച്ച് സത്യസന്ധമായി അതിനെ സമീപിക്കുന്നവർക്കൊക്കെയും ഈ വസ്തുത ബോധ്യപ്പെടുന്നതാണ്.

"തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും, സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു" (17:9).

ലൈംഗിക സദാചാരത്തെ കുറിച്ചും മാന്യമായ വസ്ത്രധാരണത്തെ കുറിച്ചും ക്വുർആൻ പറയുന്നത് ഉദാഹരണങ്ങൾ മാത്രം. വ്യഭിചരിക്കരുതെന്ന് മാത്രമല്ല, വ്യഭിചാരത്തോട് അടുക്കുകപോലും ചെയ്യരുതെന്നാണ് ക്വുർആനിക ഉദ്ബോധനം.

"നിങ്ങൾ വ്യഭിചാരത്തെ സമീപിച്ച് പോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു" (17:32).

പാതിവ്യത്യത്തിന്റെ അടയാളമായ മാന്യവും കുലീനവുമായ വസ്ത്രധാരണ രീതിയാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. മാന്യമായ വസ്ത്രധാരണം സ്ത്രീ സുരക്ഷക്കും സാമൂഹിക സാദാചാരത്തിനും അനുഗുണമാണെന്ന് ഇക്കാലത്ത് അനുഭവങ്ങളിലൂടെ ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്ന യാഥാർഥ്യമാണല്ലോ.

ക്വുർആൻ പറയുന്നു: "നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെ മേൽ താഴ്ത്തിയിടാൻ പറയുക: അവർ തിരിച്ചറിയപ്പെടുവാനും അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (33:59).

"(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും, അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ...." (24:30-31).

5. പ്രവചനങ്ങളുടെ പുലർച്ച:

നിരക്ഷരനായ മുഹമ്മദ് നബി (സ്വ)യിലൂടെ ലോകം ശ്രവിച്ച ക്വുർആനിക വചനങ്ങൾ തികച്ചും ദൈവികം തന്നെ എന്ന് വിളിച്ചറിയിക്കുന്ന മറ്റൊരു ദൃഷ്ടാന്തമാണ് ക്വുർആനിക പ്രവചനങ്ങളും അവയുടെ കൃത്യമായ പുലർച്ചയും.

ഉദാഹരണത്തിന്, നബി(സ്വ)യുടെ മക്കാകാലഘട്ടത്തിൽ അവതരിച്ച അധ്യായങ്ങളിലൊന്നാണ് 30-ാം സൂറത്തു റൂം. പേർഷ്യയും റോമും ലോകത്തെ ഏറ്റവും പ്രബല ശക്തികളായിരുന്ന കാലം. തുല്യശക്തികൾക്കിടയിൽ ഉണ്ടാവാറുള്ളതുപോലെയുള്ള യുദ്ധങ്ങളും പോരാട്ടങ്ങളും അവർക്കിടയിലും നടന്നിരുന്നു. പേർഷ്യക്കാർ അഗ്നിപൂജകരായിരുന്ന ബഹുദൈവാരാധകരായിരുന്നു. റോമുകാരാകട്ടെ തൗറാത്തിന്റെയും ഇഞ്ചീലിന്റെയും വക്താക്കാളായി അറിയപ്പെട്ടിരുന്ന വേദക്കാരും. പേർഷ്യക്കാരെക്കാൾ മുസ്‌ലിംകളോട് അടുപ്പമുള്ള റോം വിജയിക്കണമെന്നായിരുന്നു മുസ്‌ലിംകളുട ആഗ്രഹം. എന്നാൽ സംഭവിച്ചതോ നേരെ മറിച്ചും. പേർഷ്യ റോമിനെ നിലംപരിശാക്കിക്കളഞ്ഞു. ഇനി ഒരിക്കലും ഒരു തിരിച്ചുവരവ് റോമിനുണ്ടാകില്ലെന്ന് ആരും വിധിപറയുമാറ് അമ്പേ പരാജപ്പെട്ടിരിക്കുകയാണ് റോം. ആ അവസരത്തിലാണ് ക്വുർആനിലെ ഈ സൂക്തങ്ങൾ അവതരിക്കുന്നത്.

"അലിഫ്-ലാം-മീം. റോമക്കാർ തോൽപിക്കപ്പെട്ടിരിക്കുന്നു. അടുത്തനാട്ടിൽ വെച്ച്. തങ്ങളുടെ പരാജയത്തിനു ശേഷം അവർ വിജയം നേടുന്നതാണ്. ഏതാനും വർഷങ്ങൾക്കുള്ളിൽ തന്നെ. മുമ്പും പിമ്പും അല്ലാഹുവിനാകുന്നു കാര്യങ്ങളുടെ നിയന്ത്രണം. അന്നേ ദിവസം സത്യവിശ്വാസികൾ സന്തുഷ്ടരാകുന്നതാണ്. അല്ലാഹുവിന്റെ സഹായംകൊണ്ട്. താൻ ഉദ്ദേശിക്കുന്നവരെ അവൻ സഹായിക്കുന്നു. അവനത്രെ പ്രതാപിയും കരുണാനിധിയും. അല്ലാഹുവിന്റെ വാഗ്ദാനമത്രെ ഇത്. അല്ലാഹു അവന്റെ വാഗ്ദാനം ലംഘിക്കുകയില്ല. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല. ഐഹികജീവിതത്തിൽ നിന്ന് പ്രത്യക്ഷമായത് അവർ മനസ്സിലാക്കുന്നു. പരലോകത്തെപ്പറ്റിയാകട്ടെ അവർ അശ്രദ്ധയിൽ തന്നെയാകുന്നു"(30:1-7).

**ലൈംഗിക സദാചാരത്തെ കുറിച്ചും മാന്യമായ വസ്ത്രധാരണത്തെ കുറിച്ചും ക്വുർആൻ പറയുന്നത് ഉദാഹരണങ്ങൾ മാത്രം. വ്യഭിചരിക്കരുതെന്ന് മാത്രമല്ല, വ്യഭിചാരത്തോട് അടുക്കുകപോലും ചെയ്യരുതെന്നാണ് ക്വുർആനിക ഉദ്ബോധനം. പാതിവ്യത്യത്തിന്റെ അടയാളമായ മാന്യവും കുലീനവുമായ വസ്ത്രധാരണ രീതിയാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. മാന്യമായ വസ്ത്രധാരണം സ്ത്രീ സുരക്ഷക്കും സാമൂഹിക സാദാചാരത്തിനും അനുഗുണമാണെന്ന് ഇക്കാലത്ത് അനുഭവങ്ങളിലൂടെ ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്ന യാഥാർഥ്യമാണല്ലോ.**

ഈ വചനങ്ങളവതരിക്കുമ്പോൾ അത് തികച്ചും അവിശ്വസനീയമായിക്കണ്ട ബഹുദൈവാരാധകർ മുസ്‌ലിംകളുമായി പന്തയം വെക്കുക പോലുമുണ്ടായി. എന്നാൽ ഏതാനും വർഷങ്ങൾക്കുള്ളിൽ ക്വുർആൻ പറഞ്ഞതുപോലെ റോമിന്റെ അത്ഭുതകരമായ ഒരു തിരിച്ചു വരവും വിജയവുമാണ് ലോകം കണ്ടത്.

6. കൃത്യമായ ചരിത്ര വിവരണം:

മുഹമ്മദ് നബി(സ്വ)യുടെ ജനനത്തിനും എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പ് കഴിഞ്ഞുപോയ പ്രവാചകന്മാരെ കുറിച്ചും ജനസമൂഹങ്ങളെ കുറിച്ചും ക്വുർആൻ പ്രതിപാദിക്കുന്നുണ്ട്. അവരെക്കുറിച്ച് നാട്ടിൽ പ്രചാരത്തിലുള്ളതും കേട്ടുകേൾവിക്കുമപ്പുറം അവരുടെ യഥാർ

ഥ ചരിത്രം ക്വുർആൻ അനാവരണം ചെയ്യുകയാണുണ്ടായത്. ചരിത്ര വിവരണത്തിൽ മറ്റു പലർക്കും സംഭവിച്ച അബദ്ധങ്ങളും പിഴവുകളുമില്ലാതെ വാക്കുകളിലും പ്രയോഗങ്ങളിലും ക്വുർആൻ പുലർത്തുന്ന കൃത്യത പല ചരിത്ര ഗവേഷകരെയും അത്ഭുതപ്പെടുത്തിയിട്ടുണ്ട്.

ഉദാഹരണത്തിന്, ഈജിപ്ഷ്യൻ ഭരണാധികാരികൾക്ക് ആദ്യകാലത്ത് രാജാവ് (മാലിക്) എന്നാണ് പ്രയോഗിച്ചിരുന്നത്. ക്രിസ്തുവിന് മുമ്പ് 1539 വരെ അങ്ങനെയായിരുന്നുവത്രെ. അതിന് ശേഷമാണ് ഫിർഔൻ (ഫറോവ) എന്ന പേര് ഉപയോഗിക്കപ്പെട്ടു തുടങ്ങിയത്. യൂസുഫ് നബി (അ)യുടെയും മൂസാനബി(അ)യുടെയും ചരിത്രം വിശദീകരിക്കുമ്പോൾ ക്വുർആനിന്റെ പ്രയോഗങ്ങളിൽ ഈ കൃത്യത നമുക്ക് കാണാവുന്നതാണ്.

7. വൈരുധ്യങ്ങളില്ല എന്ന പ്രഖ്യാപനം:

ഇരുപത്തിമൂന്ന് വർഷ കാലയളവിൽ വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിൽ പലപ്പോഴായി അവതരിച്ച ക്വുർആനിന്റെ സൂക്തങ്ങൾ തമ്മിൽ ആശയപ്പൊരുത്തക്കേടോ വൈരുധ്യങ്ങളോ വെച്ചുപുലർത്തുന്നില്ലെന്ന് മാത്രമല്ല പരസ്പര പൂരകങ്ങളായ വിവരണങ്ങളും അധ്യാപനങ്ങളുമാണ് അതിലുള്ളത്. ആ കാലഘട്ടത്തിലുണ്ടായിരുന്ന വൈജ്ഞാനിക രംഗത്തെ ഏറ്റക്കുറച്ചിലുകളോ ആളുകളുടെ ചിന്താഗതികളോ ഒന്നും ക്വുർആനിന്റെ വചനങ്ങളെ സ്വാധീനിച്ചിട്ടില്ല. ക്വുർആനിന്റെ ദൈവികതക്കുള്ള മറ്റൊരു തെളിവായി ക്വുർആൻ ഇത് സമർപ്പിക്കുന്നത് കാണുക:

"അവർ ക്വുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുധ്യം കണ്ടെത്തുമായിരുന്നു"(4:82).

ക്വുർആനിന്റെ ഏതെങ്കിലും പരാമർശം ശാസ്ത്രീയ കണ്ടെത്തലുകൾക്കോ ചരിത്രപരമായ വസ്തുതകൾക്കോ നിരക്കാത്തതായിപ്പോയി എന്ന് ന്യായസഹിതം അവതരിപ്പിക്കാൻ ഇന്നേവരെ ക്വുർആനിന്റെ എതിരാളികൾക്ക് സാധിച്ചിട്ടില്ല. എന്നാൽ അവതരണ കാലത്തുണ്ടായിരുന്ന അബദ്ധ ധാരണകളൊന്നും കൂടിക്കലരാത്ത, പുതിയ പുതിയ കണ്ടെത്തലുകളെ വിസ്മയിപ്പിക്കുന്ന തരത്തിലുള്ള പരാമർശങ്ങൾ ക്വുർആനിൽ കാണാൻ സാധിക്കുന്നു! ഭ്രൂണശാസ്ത്രവുമായി ബന്ധപ്പെട്ട് ക്വുർആൻ നൽകുന്ന വിവരണം അതിനൊരുദാഹരണമാണ്. അല്ലാഹു പറയുന്നു:



**ഇരുപത്തിമൂന്ന് വർഷ കാലയളവിൽ വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിൽ പലപ്പോഴായി അവതരിച്ച ക്വുർആനിന്റെ സൂക്തങ്ങൾ തമ്മിൽ ആശയപ്പൊരുത്തക്കേടോ വൈരുധ്യങ്ങളോ വെച്ചുപുലർത്തുന്നില്ലെന്ന് മാത്രമല്ല പരസ്പര പൂരകങ്ങളായ വിവരണങ്ങളും അധ്യാപനങ്ങളുമാണ് അതിലുള്ളത്. ആ കാലഘട്ടത്തിലുണ്ടായിരുന്ന വൈജ്ഞാനിക രംഗത്തെ ഏറ്റക്കുറച്ചിലുകളോ ആളുകളുടെ ചിന്താഗതികളോ ഒന്നും ക്വുർആനിന്റെ വചനങ്ങളെ സ്വാധീനിച്ചിട്ടില്ല.**

"തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തിൽ നിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നം ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു" (23:12-14).

"എന്നാൽ മനുഷ്യൻ ചിന്തിച്ചു നോക്കട്ടെ; താൻ എന്തിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന്. തെറിച്ചു വീഴുന്ന ഒരു ദ്രാവകത്തിൽ നിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മുതുകെല്ലിനും വാരിയെല്ലുകൾക്കുമിടയിൽ നിന്ന് അത് പുറത്തു വരുന്നു"(86:5-7).

ഇത്തരത്തിലുള്ള ദൃഷ്ടാന്തങ്ങളിലൂടെ ക്വുർആനിന്റെ ദൈവികത തിരിച്ചറിയാനും അതിന്റെ മാർഗനിർദേശങ്ങൾ പിൻപറ്റുവാനുമാണ് ക്വുർആൻ മനുഷ്യരാശിയോട് ആവശ്യപ്പെടുന്നത്. അത് അവഗണിച്ച് ജീവിച്ചാൽ വരാനിരിക്കുന്ന മഹാ അപകടത്തെ കുറിച്ചും ക്വുർആൻ മുന്നറിയിപ്പ് നൽകുന്നുണ്ട്:

"എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ട് വരുന്നതുമാണ്" (20:124).

ആത്യന്തിക വിജയത്തിന്റെ നേർവഴി അനുധാവനം ചെയ്യാൻ സർവശക്തനായ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. ●

അബ്ബാസ് ചെറുതുരുത്തി

വിമർശനം

# അദൃശ്യജ്ഞാനവും സൃഷ്ടികളും

**നബിമാർക്കും മറ്റു മഹാന്മാർക്കും നിരുപാധികം മറഞ്ഞ കാര്യങ്ങൾ അറിയാൻ കഴിയും, അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കിയവർക്ക് അതിരില്ലാത്ത ജ്ഞാനം നൽകപ്പെടും എന്നെല്ലാം പ്രചരിപ്പിച്ച് അവരോട് സഹായം തേടാനും പ്രാർഥിക്കാനും ജനങ്ങളെ പ്രേരിപ്പിക്കുകയും അതിനെ എതിർക്കുന്നവരെ പുത്തൻ വാദികളായി ചിത്രീകരിക്കുകയും ചെയ്യുന്നതിലെ നിരർഥകത തുറന്നുകാട്ടുന്നു.**

നബിമാർക്കും മറ്റു മഹാന്മാർക്കും നിരുപാധികം മറഞ്ഞ കാര്യങ്ങൾ അറിയാൻ കഴിയും, അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കിയവർക്ക് അതിരില്ലാത്ത ജ്ഞാനം നൽകപ്പെടും എന്നെല്ലാം പ്രചരിപ്പിച്ച് അവരോട് സഹായം തേടാനും പ്രാർഥിക്കാനും ജനങ്ങളെ പ്രേരിപ്പിക്കുകയും അതിനെ എതിർക്കുന്നവരെ പുത്തൻവാദികളായി ചിത്രീകരിക്കുകയും ചെയ്യുന്ന പ്രവണത നമ്മുടെ നാട്ടിൽ ഏറിവരികയാണ്. 'സുന്നി വേയ്സി'ൽ എഴുതുന്നത് കാണുക:

"പ്രപഞ്ച സ്രഷ്ടാവാണ് അല്ലാഹു. അവൻ ത്രികാലജ്ഞാനിയാണ്. അവന്റെ അറിവിനും കഴിവിനും പരിധിയും പരിമിതിയുമില്ല. എന്നാൽ സ്രഷ്ടാവിന്റെ ഈ ഗുണങ്ങളെല്ലാം സൃഷ്ടികൾക്കും ഉണ്ടാകാമെന്നു പറഞ്ഞ് സൃഷ്ടിപൂജയിലേക്ക് വിശ്വാസികളെ നയിക്കുന്ന പ്രവണത നമ്മുടെ നാട്ടിൽ നിലനിൽക്കുന്നുണ്ട്. ഒരു മുസ്‌ലിയാർ എഴുതുന്നത് കാണുക: "അല്ലാഹുവല്ലാതെ ആകാശങ്ങളിലും ഭൂമിയിലുമുള്ള ഒരാളും അദൃശ്യകാര്യം അറിയുകയില്ല' (അന്നംല് 65), 'അദൃശ്യത്തിന്റെ ഖജനാവുകൾ അല്ലാഹുവിന്റെ പക്കലാണ്' (അൽ അൻആം 69) തുടങ്ങി അല്ലാഹുവല്ലാത്തവർ അദൃശ്യമറിയില്ലെന്നു ബാഹ്യാർഥം കുറിക്കുന്ന സൂക്തങ്ങളെ ഉയർത്തിക്കാണിക്കുകയും 'അല്ലാഹു അദൃശ്യമറിയുന്നവനാണ്, അവന് ഇഷ്ടപ്പെട്ട പ്രവാചകനല്ലാതെ അവൻ ആ്യശ്യം അറിയിച്ചുകൊടുക്കുകയില്ല' (സൂറത്തുൽജിന്ന് 26,27), 'മറഞ്ഞ കാര്യങ്ങളെ അല്ലാഹു നിങ്ങൾക്ക് വെളിപ്പെടുത്തിത്തരികയില്ല, പക്ഷേ, തന്റെ ദൂതന്മാരിൽനിന്നും അവനുദ്ദേശിക്കുന്നവരെ (അതിനുവേണ്ടി) തെരഞ്ഞെടുക്കുന്നു' (ആലുഇംറാൻ179) തുടങ്ങി മഹത്തുക്കൾക്ക് അദൃശ്യജ്ഞാനമുണ്ടെന്ന് വ്യക്തമാക്കുന്ന സൂക്തങ്ങൾ മറച്ചുപിടിച്ച് ജൂതായിസം കളിക്കുകയാണ് നവീനവാദികൾ" (സുന്നി വോയ്സ്, 2015 ഫെബ്രുവരി 16-28, പേജ് 34).

മേൽപറഞ്ഞ സൂക്തങ്ങളിലൊന്നും നബി(സ്വ)ക്ക് സ്വന്തം ഇംഗിത പ്രകാരം അദൃശ്യമറിയുമെന്ന് പറയുന്നില്ല. നേരെ മറിച്ച് അറിയില്ല എന്ന് വ്യക്തമാക്കുന്നുമുണ്ട്. മുകളിലുദ്ധരിച്ച സൂറത്തുൽ ജിന്നിലെ സൂക്തങ്ങൾക്ക് തൊട്ടുമുമ്പുള്ള സൂക്തം കാണുക: "(നബിയേ) പറയുക: നിങ്ങൾക്ക് താക്കീത് നൽകപ്പെടു

**ആത്മാവിന്റെ യഥാർഥ്യം അല്ലാഹുവിനേ അറിയൂ. അന്ത്യനാൾ എപ്പോൾ സംഭവിക്കും എന്നത് അല്ലാഹുവിനേ അറിയു. പരിധിയില്ലാത്ത അറിവ് മനുഷ്യർക്ക് നൽപ്പെട്ടിട്ടില്ല. ഈ വസ്തുതകൾ ഈ സൂക്തങ്ങൾ പഠിപ്പിക്കുന്നു. മുസ്‌ലിയാർ സമർഥിക്കുന്നതോ, നബി(സ്വ)ക്കും ആത്മാവിനെക്കുറിച്ചറിയാം, അന്ത്യനാൾ എന്ന് സംഭവിക്കും എന്നറിയാം, അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നവർക്ക് അതിരുകളില്ലാത്ത ജ്ഞാനം അല്ലാഹു നൽകും എന്നും!**

ന്ന കാര്യം അടുത്തു തന്നെയാണോ അതല്ല നിന്റെ രക്ഷിതാവ് അതിന് അവധി വെച്ചേക്കുമോ എന്ന് എനിക്ക് അറിയില്ല" (സൂറത്തുൽ ജിന്ന്: 25).

ജിബ്‌രീൽ മനുഷ്യരൂപത്തിൽ വന്ന് ഇസ്‌ലാമിനെയും ഈമാനിനെയും ഇഹ്‌സാനിനെയും കുറിച്ച് ചോദിച്ച ശേഷം അന്ത്യനാളിനെക്കുറിച്ച് ചോദിച്ചപ്പോൾ നബി(സ്വ) നൽകിയ മറുപടി 'ചോദിക്കപ്പെട്ടവൻ ചോദ്യകർത്താവിനെക്കാൾ അറിവുള്ളവനല്ല' എന്നായിരുന്നു. നിരുപാധികം അദൃശ്യമറിയുമായിരുന്നെങ്കിൽ ഇങ്ങനെയല്ലല്ലോ മറുപടി പറയുക.

നബി(സ്വ) ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി: "മുലയൂട്ടുന്ന സ്ത്രീകളുമായി സംയോഗത്തിൽ ഏർപ്പെടുന്നത് നിരോധിക്കണമെന്ന് ഞാൻ ചിന്തിച്ചിരുന്നു. അങ്ങനെയിരിക്കെ റോമക്കാരിലും പേർഷ്യക്കാരിലും അക്കാര്യമുണ്ടോ എന്ന് ഞാൻ അന്വേഷിച്ചു. അവരിലുമത് നടക്കുന്നുണ്ട്. അത്കൊണ്ടൊന്നും മുലകുടിക്കുന്ന കുഞ്ഞുങ്ങൾക്ക് യാതൊരു ദോഷവും വരുന്നില്ല" (ബുഖാരി).

നബി(സ്വ)ക്ക് അദൃശ്യമറിയുമായിരുന്നെങ്കിൽ ഇങ്ങനെ ചിന്തിക്കുമായിരുന്നോ?

മുസ്‌ല്യാർ തുടരുന്നു: "മഹാരഥന്മാർ അദൃശ്യമറിയില്ലെന്ന് കുറിക്കുന്ന സൂക്തങ്ങളുടെ വിവക്ഷ, അവർ സ്വയമറിയില്ലെന്നും മറഞ്ഞ കാര്യങ്ങൾ അറിയുമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം അല്ലാഹു അറിയിച്ചുകൊടുക്കുന്നത് കൊണ്ടും നൽകുന്ന കഴിവ് കൊണ്ടും അറിയുമെന്നതാണെന്നും പണ്ഡിത വിവരണങ്ങളിൽനിന്ന് ഗ്രഹിക്കാവുന്നതാണ്. എന്നാൽ വ്യക്തവും സ്പഷ്ടവുമായ ഇത്തരം ആശയങ്ങളിൽ പോലും സംശയത്തിന്റെയും അതിലേറെ നിഷേധത്തിന്റെയും കരിനിഴൽ വീഴ്ത്താനാണ് മതവിരുദ്ധരുടെ ശ്രമം" (സുന്നി വോയ്സ്, 2015 ഫെബ്രുവരി 16-28, പേജ് 34).

ഇവരുടെ വിശ്വാസപ്രകാരം പ്രവാചകന്മാരും ഔലിയാക്കളും അല്ലാഹു കൊടുത്ത കഴിവുകൊണ്ട് സദാസമയവും അദൃശ്യമറിയുന്നവരാണ് എന്നതാണ്. അതും യാതൊരു പരിധിയുമില്ലാത്ത വിധത്തിൽ! ഇതിന് വ്യക്തമായ യാതൊരു തെളിവും കൊണ്ടുവരാൻ ഇവർക്ക് സാധിക്കുന്നുമില്ല. ഇവർ പറയുന്നത് വാസ്തവ വിരുദ്ധമാണ് എന്നതിന് ഒട്ടനേകം തെളിവുകൾ ഉണ്ട് താനും.

ആഇശ(റ)യെക്കുറിച്ച് പ്രചരിച്ച ആരോപണത്തിന്റെ കാര്യം തന്നെ നോക്കുക. നബി(സ്വ)യും സ്വഹാബത്തും എത്രമാത്രം മാനസികമായി പ്രയാസമനുഭവിച്ചു. വിശ്വാസികളുടെ മാതാവായ ആ മഹതി അനുഭവിച്ച വേദനയുടെ ആഴം അളക്കാൻ കഴിയുമോ? മാനവരിൽ മഹോന്നതനായ മുഹമ്മദ് നബി(സ്വ), അല്ലാഹു തൃപ്തിപ്പെട്ടവരും അവന്റെ ഔലിയാക്കളുമായ സ്വഹാബിമാർ... ഇവർക്കൊക്കെ മറഞ്ഞകാര്യം അറിയുമായിരുന്നെങ്കിൽ ദിവസങ്ങളോളം മാനസിക വേദനയുടെ മുൾമുനയിൽ കഴിയേണ്ടിവരുമായിരുന്നോ? നബി(സ്വ)ക്ക് അല്ലാഹു വഹ്‌യിലൂടെ സത്യാവസ്ഥ വ്യക്തമാക്കിക്കൊടുത്തപ്പോഴല്ലേ അവരുടെ വിഷമം നീങ്ങിയത്?

മുസ്‌ലിയാർ പറയുന്നു: "അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നവർക്ക് അല്ലാഹു നൽകുന്ന അതിരുകളില്ലാത്ത ജ്ഞാനങ്ങൾക്ക് പരിധി നിശ്ചയിക്കുന്ന നവീനവാദികളുടെ ശുദ്ധവങ്കത്തങ്ങൾക്ക് ഇസ്‌ലാമിക പ്രമാണങ്ങളുടെ യാതൊരു പിൻബലവുമില്ലെന്ന് മനസ്സിലാക്കാൻ കൂടുതൽ പ്രയാസപ്പെടേണ്ടി വരില്ല" (സുന്നി വോയ്സ്, 2015 ഫെബ്രുവരി 16-28, പേജ് 35).

ആരാണ് നവീനവാദികളും വങ്കത്തങ്ങൾ പറയുന്നവരും എന്ന് വാചകങ്ങൾ വ്യക്തമാക്കുന്നുണ്ട്. അല്ലാഹു അവന്റെ സൃഷ്ടികളിൽ ആർക്കെങ്കിലും അതിരുകളില്ലാത്ത ജ്ഞാനം നൽകിയതിന് ഏത് പ്രമാണത്തിന്റെ പിൻബലമാണുള്ളത്? മുഹമ്മദ് നബി(സ്വ)യും സ്വഹാബികളും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കിയവരല്ലേ? അവർക്കാർക്കെങ്കിലും അല്ലാഹു അതിരുകളിലാത്ത ജ്ഞാനം നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ പ്രാമാണികമായി തെളിയിക്കാമോ? ഒരിക്കലും സാധ്യമല്ല. അത്കൊണ്ടുതന്നെ മുസ്‌ലിയാർ ചില വാറോലകളെയാണ് അഭയം പ്രാപിക്കുന്നത്. മുസ്‌ലിയാർ എഴുതുന്നത് കാണുക:

"ഇമാം സുയൂത്വി(റ) എഴുതുന്നു: 'ക്വുർആനിൽ സൂചിപ്പിച്ച പല പ്രത്യേകമായ അദൃശ്യകാര്യങ്ങളും (മരണം, ആത്മാവ്, അന്ത്യനാൾ തുടങ്ങിയവ) തിരുനബി(സ്വ)ക്ക് അറിയാം. പക്ഷേ, മറച്ചുവെക്കാനുള്ള കൽപനയുള്ളതുകൊണ്ടാണ് വളംബരം ചെയ്യാതിരുന്നത്" (സുന്നി വോയ്സ്, 2015 ഫെബ്രുവരി 16-28, പേജ് 35).

അല്ലാഹുവിനെക്കാളും നബി(സ്വ)യെക്കാളും ജ്ഞാനം ഇവർക്കുണ്ടോ? കാരണം അല്ലാഹു നബി(സ്വ)യോട് പറ

യാൻ കൽപിച്ചത് ഇപ്രകാരമാണ്: “നിന്നോടവർ ആത്മാവിനെപ്പറ്റി ചോദിക്കുന്നു. പറയുക; ആത്മാവ് എന്റെ രക്ഷിതാവിന്റെ കാര്യത്തിൽ പെട്ടതാകുന്നു. അറിവിൽനിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല” (17:85).

“അന്ത്യസമയത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു; അതെപ്പോഴാണ് വന്നെത്തുന്നതെന്ന്. പറയുക: അതിനെപ്പറ്റിയുള്ള അറിവ് എന്റെ രക്ഷിതാവിങ്കൽ മാത്രമാണ്. അതിന്റെ സമയത്ത് അത് വെളിപ്പെടുത്തുന്നത് അവൻ മാത്രമാകുന്നു. ആകാശങ്ങളിലും ഭൂമിയിലും അത് ഭാരിച്ചതായിരിക്കുന്നു. പെട്ടെന്നല്ലാതെ അത് നിങ്ങൾക്കു വരുകയില്ല. നീ അതിനെപ്പറ്റി ചുഴിഞ്ഞന്വേഷിച്ചു മനസ്സിലാക്കിയവനാണെന്ന മട്ടിൽ നിന്നോടവർ ചോദിക്കുന്നു. പറയുക: അതിനെപ്പറ്റിയുള്ള അറിവ് അല്ലാഹുവിങ്കൽ മാത്രമാണ്. പക്ഷേ, അധികമാളുകളും (കാര്യം) മനസ്സിലാക്കുന്നില്ല” (7:187).

ആത്മാവിന്റെ യഥാർഥ്യം അല്ലാഹുവിനേ അറിയൂ. അന്ത്യനാൾ എപ്പോൾ സംഭവിക്കും എന്നത് അല്ലാഹുവിനേ അറിയു. പരിധിയില്ലാത്ത അറിവ് മനുഷ്യർക്ക് നൽപ്പെട്ടിട്ടില്ല. ഈ വസ്തുതകൾ ഈ സൂക്തങ്ങൾ പഠിപ്പിക്കുന്നു. മുസ്‌ലിയാർ സമർഥിക്കുന്നതോ, നബി(സ്വ)ക്കും ആത്മാവിനെക്കുറിച്ചറിയാം, അന്ത്യനാൾ എന്ന് സംഭവിക്കും എന്നറിയാം, അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നവർക്ക് അതിരുകളില്ലാത്ത ജ്ഞാനം അല്ലാഹു നൽകും എന്നും!

എപ്പോഴാണ് അന്ത്യനാൾ സംഭവിക്കുക എന്ന് ജിബ്‌രീൽ(അ) മനുഷ്യരൂപത്തിൽ വന്ന് ചോദിച്ചപ്പോൾ നബി(സ്വ) നൽകിയ മറുപടി ‘ചോദിക്കപ്പെട്ടവന് ചോദ്യകർത്താവിനെക്കാൾ അറിവില്ല’ എന്നായിരുന്നു. മുസ്‌ലിയാരുടെ വാദപ്രകാരം നബി(സ്വ) കളവു പറഞ്ഞു എന്നല്ലേ? (അല്ലാഹുവിൽ ശരണം). ‘അതെന്നാണെന്ന് എനിക്കറിയാം. മറച്ചുവെക്കാനുള്ള കൽപനുള്ളതിനാൽ പറയുന്നില്ല’ എന്നാണല്ലോ മുസ്‌ലിയാരുടെ വാദപ്രകാരം പറയേണ്ടിയിരുന്നത്.

അല്ലാഹുവിന്റെയും പ്രവാചകന്റെയും പേരിൽ കളവുപറയാൻ യാതൊരു വൈമനസ്യവും തോന്നാതിരിക്കൽ മഹാ അപകടമാണ് എന്നേ പറയാനുള്ളൂ.

മുസ്‌ലിയാർ തുടരുന്നു: “അല്ലാമാ സ്വാവി(റ) രേഖപ്പെടുത്തുന്നത് കാണുക: ‘ഇഹലോകത്തും പരലോകത്തും സംഭവിക്കുന്ന മുഴുവൻ അദൃശ്യകാര്യങ്ങളെയും അല്ലാഹു അറിയിച്ച് കൊടുത്തതിന് ശേഷം മാത്രമാണ് തിരുനബി(സ്വ) ഇഹലോകത്തുനിന്ന് യാത്ര പറഞ്ഞതെന്നും അവയെല്ലാം പ്രവാചകൻ(സ്വ)ക്ക് അറിയാമെന്നും വിശ്വസിക്കൽ നിർബന്ധമാണ്. കാരണം ‘എന്റെ സവിധത്തിൽ ഭൂമി ഹാജരാക്കപ്പെട്ടു. എന്റെ കയ്യിലേക്ക് നോക്കുന്ന പോലെ ഭൂമിയിലുള്ളതെല്ലാം ഞാൻ നോക്കിക്കാണു’മെന്ന് ഹദീസിൽ വന്നിട്ടുണ്ട്. മാത്രമല്ല സ്വർഗവും നരകവും അതിലുള്ളവയും അവയല്ലാത്തവയും റസൂൽ(സ്വ) കണ്ടുവെന്ന് അനിഷേധ്യമായ ഹദീസുകളിൽ വന്നിട്ടുണ്ട്. എന്നാൽ ചില അദൃശ്യകാര്യങ്ങൾ മറച്ചുവെക്കാൻ കൽപനയുണ്ടായിരുന്നു” (സ്വാവി 2/11)(സുന്നി വോയ്സ്, 2015 ഫെബ്രുവരി 16-28, പേജ് 35).

വിശ്വാസകാര്യങ്ങളിൽ ഇങ്ങനെയൊന്നുള്ളതായി (ഇഹലോകത്തും പരലോകത്തും സംഭവിക്കുന്ന മുഴുവൻ അദൃശ്യകാര്യങ്ങളെയും അല്ലാഹു അറിയിച്ച് കൊടുത്തതിന് ശേഷം മാത്രമാണ് തിരുനബി(സ്വ) ഇഹലോകത്തു നിന്ന് യാത്ര പറഞ്ഞതെന്നും അവയെല്ലാം പ്രവാചകൻ(സ്വ)ക്ക് അറിയാമെന്നും വിശ്വസിക്കൽ) പ്രമാണങ്ങൾ പഠിപ്പിക്കുന്നില്ല. ത്വബ്‌റാനി ഉദ്ധരിച്ച ‘ഭൂമി ഹാജറാക്കപ്പെട്ടു’ എന്ന ഹദീഥ് അങ്ങേയറ്റം ദുർബലമാണെന്ന് മുഹദ്ദിഥുകളെല്ലാം വ്യക്തമാക്കിയിട്ടുണ്ട് താനും. സമസ്തക്കാർ അംഗീകരിക്കുന്ന ‘ഹൈഥമി’ മജ്മഉസ്സവാഇദിൽ ഇക്കാര്യം ഊന്നിപ്പറയുന്നുണ്ട്.

നബി(സ്വ)യുടെ ഉമ്മത്തിൽ പെട്ട ഒരു വിഭാഗം നരകഭാഗത്തേക്ക് നയിക്കപ്പെടുന്നത് നബി(സ്വ) കാണുമ്പോൾ ‘എന്റെ അനുയായികൾ..എന്റെ അനുയായികൾ’ എന്നിങ്ങനെ തിരുമേനി(സ്വ) വിളിച്ചുപറയും. അപ്പോൾ അല്ലാഹു നൽകുന്ന മറുപടി ‘നബിയേ, താങ്കൾക്ക് ശേഷം അവർ ദീനിലുണ്ടാക്കിയ മാറ്റം താങ്കൾ അറിയുകയില്ല എന്നായിരിക്കും. നബി(സ്വ)യുടെ വഫാത്തിനു ശേഷം ജനങ്ങൾ മതത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ അദ്ദേഹം അറിയുന്നില്ല എന്നാണല്ലോ ഇത് വ്യക്തമാക്കുന്നത്. പിന്നെ എങ്ങനെയാണ് ഇഹലോകത്ത് നടക്കുന്ന മുഴുവൻ അദൃശ്യകാര്യങ്ങളും അല്ലാഹു നബി(സ്വ)ക്ക് കാട്ടിക്കൊടുത്തു എന്ന വാദം ശരിയാവുക? അറിഞ്ഞിട്ടും പരലോകത്ത് നബി(സ്വ) അജ്ഞത അഭിനയിക്കുമെന്നാണോ മുസ്‌ലിയാർ സമർഥിക്കുന്നത്?

സ്വർഗവും നരകവും നബി(സ്വ)ക്ക് കാണിക്കപ്പെട്ടിട്ടുണ്ട് എന്നതിൽ തർക്കമില്ല. അവിടുന്ന് അല്ലാഹു അറിയിച്ചതനുസരിച്ച് ധാരാളം അദൃശ്യകാര്യങ്ങൾ അറിഞ്ഞിട്ടുണ്ട് എന്നും എല്ലാ അദൃശ്യവും അദ്ദേഹത്തിന് അറിയുമായിരുന്നില്ല എന്നും മുസ്‌ലിംകൾ വിശ്വസിക്കുന്നു. വിശുദ്ധ ക്വുർആനിൽനിന്നും സ്വഹീഹായ ഹദീഥുകളിൽനിന്നും തങ്ങളുടെ വികല വിശ്വാസങ്ങൾക്ക് തെളിവു നിരത്താൻ സാധിക്കാത്തതിനാൽ ആരൊക്കെയോ എഴുതിപ്പിടിപ്പിച്ച കള്ളക്കഥകൾ ഉദ്ധരിച്ച് അതിനെ പ്രമാണവചനങ്ങളാക്കി അവതരിപ്പിച്ച് ജനങ്ങളെ കബളിപ്പിക്കുകയാണ് മുസ്‌ലിയാക്കന്മാർ ചെയ്യാറുള്ളത്. സുന്നി വോയ്സിലൂടെ ഇസ്‌ലാമിന്റെ വോയ്സിന് മങ്ങലേൽപിക്കുംവിധം ലേഖനമെഴുതിയ മുസ്‌ലിയാരും ഇതേ തന്ത്രം തന്നെയാണ് പയറ്റുന്നത്. പകൽ പോലെ വ്യക്തമായ സത്യത്തെ കൊഞ്ഞനംകുത്തുന്നവർ അറിയുക, പരലോകം സത്യമാണ്. മതത്തെ വികൃതമാക്കി അവതരിപ്പിക്കാൻ ശ്രമിച്ചവർക്ക് അവിടെ രക്ഷപ്പെടാൻ സാധ്യമല്ല. ●

പി.എൻ അബ്ദുർറഹ്മാൻ

# ഗർഭിണിയുടെയും മുലയൂട്ടുന്ന സ്ത്രീയുടെയും നോമ്പ്

***ചോദ്യം****: റമദാനിന് അൽപ ദിവസങ്ങൾക്ക് മുമ്പ് പ്രസവ ശേഷം നാൽപത് തികയും. അപ്പോൾ റമദാനിൽ നോമ്പ് എടുക്കുന്നത് കൊണ്ട് കുഴപ്പമുണ്ടോ? കുട്ടിക്ക് പാൽ കൊടുക്കുന്നത് കൊണ്ട് നോമ്പ് ഒഴിവാക്കാമെന്നും അതിൽ ഇളവുണ്ടെന്നും ഒരാൾ പറഞ്ഞു. നോമ്പ് എടുക്കുന്നത് കൊണ്ട് തെറ്റുണ്ടോ?*

**ഉത്തരം:** പ്രസവ ശേഷം നിഫാസുള്ള ഒരു സ്ത്രീ നിഫാസിൽ നിന്നും ശുദ്ധിയായാൽ, മറ്റു സ്ത്രീകളെപ്പോലെ അവർക്ക് നോമ്പും നമസ്കാരവും എല്ലാം നിർബന്ധമാണ്. എന്നാൽ കുഞ്ഞിന് ദോഷകരമാകാനും പാൽ കുറയാനുമൊക്കെ ഇടവരുത്തും എങ്കിൽ നോമ്പ് ഒഴിവാക്കാവുന്നതും പിന്നീടത് നോറ്റു വീട്ടേണ്ടതുമാണ്. ചോദ്യത്തിലെ ഓരോ വിഷയങ്ങളും പ്രത്യേകമായി ചർച്ച ചെയ്യാം:

ഒന്ന്: ഒരു സ്ത്രീ നിഫാസിൽ നിന്നും ശുദ്ധിയാകുന്നത് 40 ദിവസത്തിന് മുൻപും സംഭവിക്കാം. നാൽപത് ദിവസത്തിന് മുൻപ് തന്നെ ഒരാൾ ശുദ്ധിയായാൽ അവർക്ക് നമസ്കാരം നിർബന്ധമാണ്. കുഞ്ഞിനോ അവർക്കോ ദോഷകരമല്ലെങ്കിൽ നോമ്പ് പിടിക്കലും നിർബന്ധമാകും. എന്നാൽ പൊതുവെ സ്ത്രീകളിൽ 40 ദിവസം വരെയാണ് നിഫാസ് ഉണ്ടാകാറുള്ളത്. അത് 60 ദിവസം വരെ നീണ്ടു നിൽക്കുകയും ചെയ്തേക്കാം. ഈ സമയപരിധിക്കിടയിൽ രക്തം നിലക്കുകയും ശുദ്ധിയുടെ വൈറ്റ് ഡിസ്ചാർജ് കാണുകയും ചെയ്താൽ അവർ നിഫാസിൽ നിന്നും ശുദ്ധിയായി.

രണ്ട്: ഒരു സ്ത്രീ നിഫാസിൽ നിന്നും ശുദ്ധിയായാൽ നിഫാസ് കാരണത്താൽ അവരുടെ മേൽ നിഷിദ്ധമായിരുന്ന കാര്യങ്ങൾ അവർക്ക് അനുവദനീയമാണ്. അവ നമസ്കാരം, നോമ്പ് എന്നിവ പോലെ നിർബന്ധ കാര്യങ്ങൾ ആണെങ്കിൽ അവർക്കത് നിർബന്ധമാണ്. അതുകൊണ്ട് ഗർഭിണിയാകട്ടെ, മുലയൂട്ടുന്ന സ്ത്രീയാകട്ടെ നോമ്പ് അവർക്കോ കുഞ്ഞിനോ ദോഷകരമായി ബാധിക്കാത്ത പക്ഷം അവർക്ക് റമദാൻ മാസത്തിൽ തന്നെ നോമ്പ് പിടിക്കൽ നിർബന്ധമാണ്. എന്നാൽ അത് അവരുടെയോ കുഞ്ഞിന്റെയോ ആരോഗ്യത്തിന് ദോഷകരമായി ബാധിക്കുന്ന പക്ഷം അവർ നോമ്പ് ഉപേക്ഷിക്കുകയും പിന്നീട് നോറ്റുവീട്ടുകയുമാണ് ചെയ്യേണ്ടത്.

ഗർഭിണികളോ മുലയൂട്ടുന്നവരോ ആയ സ്ത്രീകളെ വ്യത്യസ്ഥ അവസ്ഥയുള്ളവരായി വേർതിരിക്കാം:

1. റമദാനിൽ നോമ്പ് പിടിക്കുന്നത് ദോഷകരമായി ബാധിക്കാത്ത, തനിക്കോ കുഞ്ഞിനോ അക്കാരണത്താൽ പ്രയാസമോ ബുദ്ധിമുട്ടോ ഉണ്ടാകാത്ത സ്ത്രീയാണെങ്കിൽ അവർക്ക് റമദാനിൽത്തന്നെ നോമ്പ് പിടിക്കൽ നിർബന്ധമാണ്.

2. തന്റെ വിഷയത്തിലോ, കുട്ടിയുടെ കാര്യത്തിലോ പേടിക്കുന്നവരോ, പ്രയാസമോ ബുദ്ധിമുട്ടോ നേരിടുന്നവരോ ആയ സ്ത്രീകൾ. അവർ നോമ്പ് ഒഴിവാക്കുകയും പിന്നീട് ആ നോമ്പ് നിർബന്ധമായും നോറ്റു വീട്ടുകയും ചെയ്യണം. ലജ്നതുദ്ദാഇമയുടെ മറുപടിയിൽ ഇപ്രകാരം കാണാം:

"എന്നാൽ ഗർഭിണിക്ക് അവരെയോ കുഞ്ഞിനെയോ ദോഷകരമായി ബാധിക്കും എന്ന് ഭയപ്പെടാത്ത പക്ഷം നോമ്പ് പിടിക്കൽ നിർബന്ധമാണ്. ഇനി ഭയപ്പെടുകയോ (പ്രയാസപ്പെടുകയോ) ചെയ്യുന്നുവെങ്കിൽ അവർക്ക് നോമ്പ് ഉപേക്ഷിക്കാൻ ഇളവുണ്ട്. പ്രസവ ശേഷം നിഫാസിൽ നിന്നും ശുദ്ധിയായ ശേഷം പിന്നീടത് നോറ്റ് വീട്ടിയാൽ മതി" (ഫതാവ ലജ്നതുദ്ദാഇമ: 10/226).

മുലയൂട്ടുന്ന സ്ത്രീയുടെ വിഷയവും ഇപ്രകാരം തന്നെ. കുഞ്ഞിന് പാലില്ലാതെ വരുക, അല്ലെങ്കിൽ അമിതമായ ക്ഷീണം സംഭവിക്കുക തുടങ്ങി നോമ്പ് അവർക്ക് പ്രയാസമുണ്ടാക്കുന്നുവെങ്കിൽ അത് ഉപേക്ഷിക്കുകയും പിന്നീട് നോറ്റ് വീട്ടുകയും ചെയ്യേണ്ടതാണ്. ഇനി ഒന്നിടവിട്ട് നോൽക്കുന്നത് അവർക്ക് കുഴപ്പമില്ലയെങ്കിൽ അപ്രകാരം ചെയ്യണം. അഥവാ അകാരണമായി റമദാനിലെ നോമ്പ് ഒഴിവാക്കാൻ ഒരാൾക്കും ഇളവില്ല. എന്നാൽ കാരണമുണ്ടെങ്കിൽ ഒഴിവാക്കുകയും പിന്നീട് നോറ്റ് വീട്ടുകയും ചെയ്യാം.

3.തനിക്കോ, അതല്ലെങ്കിൽ ഗർഭസ്ഥ ശിശുവിനോ നോമ്പ് വലിയ ദോഷം ചെയ്യും എന്ന് വൈദ്യശാസ്ത്രപരമായി അറിവുള്ളവർ നിർദേശിക്കുകയോ, അനുഭവത്തിലൂടെ മനസ്സിലാക്കുകയോ ചെയ്തവരാണ് എങ്കിൽ അവർ നിർബന്ധമായും നോമ്പ് ഉപേക്ഷിക്കുകയും പിന്നീട് അത് നോറ്റ് വീട്ടുകയും ചെയ്യണം.

ശരിയായ അഭിപ്രായ പ്രകാരം ഗർഭിണിയും മുലയൂട്ടുന്ന സ്ത്രീയും നഷ്ടപ്പെട്ട നോമ്പ് നോറ്റ് വീട്ടിയാൽ മതി. മുദ്ദ് കൊടുക്കേണ്ടതില്ല. നോറ്റ് വീട്ടൽ അവർക്ക് നിർബന്ധവുമാണ്. എന്നാൽ അകാരണമായി ഒരു റമദാനിൽ നഷ്ടപ്പെട്ട നോമ്പ് അടുത്ത റമദാനിന് ശേഷമെന്നോണം വൈകിപ്പിച്ചാൽ നോറ്റ്

ഇബ്നു അലി എടത്തനാട്ടുകര

കാഴ്ച

# തിരക്കുകൾ തീരെയില്ലാത്ത നേരം

മരണവീടുകൾ പലപ്പോഴും തിരക്കുകൾ നിറഞ്ഞ ഇടങ്ങൾ ആകാറുണ്ട്. എത്ര വലിയ വീടാണെങ്കിലും സ്ഥലം തികയാതിരിക്കാൻ മാത്രം ജനനിബിഡമാകാറുള്ളിടം. അകലെയുള്ള കുടുംബക്കാരും നാളുകൾക്ക് ശേഷമോ ചിലപ്പോൾ വർഷങ്ങൾ കഴിഞ്ഞോ കണ്ട് സംസാരിക്കുന്ന നേരം. കുടുംബ വിശേഷങ്ങളും കുട്ടികളുടെ കാര്യങ്ങളും പങ്കുവെക്കപ്പെടുന്ന അവസരങ്ങൾ. ദീർഘകാലത്തിനിപ്പുറത്ത് കൂട്ടുകാർ സന്തോഷ സന്താപങ്ങൾ പങ്കിടുന്നതും ഈ തിരക്കിൽ നിന്ന് മാറി മരത്തണലിലോ അടുത്ത വീടിന്റെ മുറ്റത്തോ ആയിരിക്കും.

ഈ തിരക്കിലും അതിലേറേ തിരക്ക് അഭിനയിക്കുന്ന ചിലരെക്കാണാം. ജോലിത്തിരക്കോ ബിസിനസ്സ് ആവശ്യമോ ആയിരിക്കാം പറയപ്പെടുന്ന കാരണങ്ങളിൽ ചിലത്. നേരത്തിന് ഓഫീസിലെത്തിയില്ലെങ്കിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ അവർ തീർത്താൽ തീരാത്ത തിരക്കിനിടയിലും വിശദീകരിച്ച് കുറച്ചെങ്കിലും നേരം കളയാറുണ്ട്. തന്റെ അസാന്നിധ്യം ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങളെക്കുറിച്ച് അവർ വാചാലരാകും മറ്റു ചിലർ. കച്ചവടക്കാർ, ഉദ്യോഗസ്ഥർ എന്നിവർ അവർ അന്നേ ദിവസം കച്ചവട സ്ഥാപനത്തിലോ ഓഫീസിലോ ഇല്ലെങ്കിൽ മൊത്തം കാര്യങ്ങൾ കീഴ്മേൽ മറിയുമെന്നപോൽ കാര്യങ്ങൾ അവതരിപ്പിക്കും. ഒടുക്കം ധൃതിയിൽ സ്ഥലം കാലിയാക്കും. പലപ്പോഴും ജനാസ നമസ്കാരത്തിന് എത്താറുമില്ല ഇക്കൂട്ടർ, ഈയുള്ളവനും ചിലപ്പോൾ ഇത്തരക്കാരിൽ ഉൾപ്പെടാറുണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല.

ഇവിടെ മറന്നുപോകുന്ന ഒരു കാര്യം, അപ്പുറത്ത് മരിച്ചുകിടക്കുന്ന ദേഹവും വളരെ തിരക്കുപിടിച്ച ഒരാളായിരുന്നു എന്നതാണ്. ആ മനുഷ്യനും ഉണ്ടായിരുന്നു ഭാര്യയും മക്കളും പേരക്കുട്ടികളും സഹോദരന്മാരും പെങ്ങന്മാരും മറ്റും അടങ്ങിയ ഒരു കുടുംബം. ജീവസന്ധാരണത്തിനായി ഓടിക്കൊണ്ടിരിക്കുകയായിരുന്നു അയാളും. മക്കളുടെയും കുടുംബത്തിന്റെയും വൈവിധ്യമാർന്ന പല ആവശ്യങ്ങൾക്കും അയാൾ രാപ്പകൽ ഓടിക്കൊണ്ടിരിക്കുകയായിരുന്നു. ആ പ്രയാണമാണു നിലച്ചിരിക്കുന്നത്. ആ തിരക്കാണ് നിശ്ചലാവസ്ഥക്കു വഴിമാറിക്കൊടുത്തിരിക്കുന്നത്.

വല്ലാതെ തിരക്ക് അഭിനയിക്കേണ്ടതില്ല അല്ലേ?! നന്മയുടെ കൂട്ട് നമുക്ക് നൽകുന്നത് നിഷ്കളങ്ക മനസ്സുകളുടെ പ്രാർഥന എന്ന വിലമതിക്കാനാവാത്ത പ്രതീക്ഷയാണ്. നമ്മളില്ലെങ്കിലും കച്ചവടം മുന്നോട്ടു പോകും, ഓഫീസ് നന്നായി പ്രവർത്തിക്കും, ഒരു പക്ഷേ കൂടുതൽ ഭംഗിയായി.

നമ്മുടെയും ഓട്ടം നിലച്ചുപോകുന്ന ഒരു നാൾ വരാനുണ്ട്. തിരക്കുകൾ ശൂന്യതയിലേക്കു വെട്ടിത്തിരിഞ്ഞു യാത്രകൾ ഇല്ലാതാകുന്ന ഒരുനേരം നമ്മെയും കാത്തിരിപ്പുണ്ട്. എന്നാണത്? ഇന്നോ നാളെയോ? നമുക്കാർക്കുമത് അറിയില്ല എന്നതല്ലേ നമുക്കും അറിയുന്ന സത്യം?

വീട്ടുന്നതോടൊപ്പം മുദ്ദ് കൂടി ബാധകമാകും. ഇത് വീട്ടാനുള്ള നോമ്പ് അകാരണമായി വൈകിപ്പിക്കുന്ന എല്ലാവർക്കും ബാധകമാണ്.

ഇനി ഈ വിഷയസംബന്ധമായി പണ്ഡിതന്മാർ നൽകിയ ചില മറുപടികൾ ഉദ്ധരിക്കാം:

ശൈഖ് ഇബ്നുബാസ് (റ) പറയുന്നു:

“എന്നാൽ അനസ്ബ്ൻ മാലിക് അൽ കഅബി(റ) ഉദ്ധരിക്കുന്നതായ ഇമാം അഹ്മദും, സുനനുകളിലും ഉദ്ധരിക്കപ്പെട്ടതായ, സ്വഹീഹായ സനദിലൂടെ നബി(സ്വ)യിൽ നിന്നും സ്ഥിരപ്പെട്ട് വന്ന ഹദീഥിൽ ഗർഭിണിയും മുലയൂട്ടുന്നവളുമായ സ്ത്രീകളുടെ വിഷയത്തിൽ അവരെ യാത്രക്കാരനോട് സാദൃശ്യപ്പെടുത്തി നോമ്പ് ഉപേക്ഷിക്കാൻ ഇളവ് നൽകപ്പെട്ടതായിക്കാണാം. അതിൽ നിന്നും അവർക്ക് യാത്രക്കാരനെപ്പോലെ നോമ്പ് ഉപേക്ഷിക്കാമെന്നും ശേഷം ആ നോമ്പ് നോറ്റ് വീട്ടണമെന്നും മനസ്സിലാക്കാം. അതുപോലെ രോഗികളെപ്പോലെ അവർക്ക് നോമ്പ് പ്രയാസകരമാകുകയോ, അല്ലെങ്കിൽ അവരുടെ കുഞ്ഞിന്റെ കാര്യത്തിൽ ഭയപ്പെടുകയോ ചെയ്താലല്ലാതെ നോമ്പ് നോൽക്കാതിരിക്കാൻ പാടില്ല എന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ” (മജ്മൂഉൽ ഫതാവ, ഇബ്നു ബാസ്: 15/224).

അതുകൊണ്ട് നോമ്പ് നോൽക്കുന്നത് നിങ്ങൾക്കോ കുഞ്ഞിനോ പ്രയാസകരമല്ലയെങ്കിൽ റമദാനിൽത്തന്നെ നോമ്പ് നോൽക്കൽ നിങ്ങളുടെ മേൽ നിർബന്ധമാണ്. ഇനി പ്രയാസകരമാകുകയോ, പ്രയാസകരമാകും എന്ന് ഭയപ്പെടുകയോ ചെയ്താൽ ഉപേക്ഷിക്കുകയും പിന്നീട് നോറ്റ് വീട്ടുകയും ചെയ്യണം. അല്ലാഹു അനുഗ്രഹിക്കട്ടെ.

മുഹമ്മദ് അജ്മൽ.സി

അവലോകനം

# ഹിറാഗുഹയിൽ സംഭവിച്ചത്

'മുഹമ്മദ് ദ ഫസ്റ്റ് മുസ്‌ലിം' എന്ന ഈയിടെ പുറത്തിറങ്ങിയ മുഹമ്മദ് നബി(സ്വ)യുടെ ജീവചരിത്രം രചിച്ചത് ലെസ്‌ലി ഹാസിൽടൺ എന്ന ജൂത വനിതയാണ്. പൂർണമായും ദൈവവിശ്വാസിയല്ലാത്ത അന്യമതസ്ഥയുടെ പഠനവിഷയം എന്ത് കൊണ്ട് മുഹമ്മദ് നബി(സ്വ)യും അവിടുത്തെ ചരിത്രവുമായി എന്ന് അവർ വിശദീകരിക്കുന്നുണ്ട്. ലജ്ജാശീലനായ, വിനയാന്വിതനായ ഒരു അറബി യുവാവ് മനുഷ്യചരിത്രം ഇന്നുവരെ ദർശിക്കാത്ത തുല്യതകളില്ലാത്ത ഒരു സാമൂഹിക വിപ്ലവത്തിന് തിരികൊളുത്തി തുടങ്ങിയ ആ രാത്രിയെ കുറിച്ച ചിന്തകളാണ് ലെസ്‌ലി ഹാസിൽടൺ എന്ന ചരിത്രകാരിയുടെ മനസ്സിനെ പിടിച്ചുലച്ചത്. മക്കാ മണലാരണ്യത്തിലെ ആ റമദാൻ രാത്രിയിൽ ഇരുട്ടിന്റെ പുതപ്പണിഞ്ഞ ഹിറാ ഗുഹക്കുള്ളിൽ സംഭവിച്ചതെന്തായാലും ചരിത്രത്തിന്റെ ഗതിയെ തന്നെ പിടിച്ചുലച്ച എന്തോ ഒന്നാണത് എന്നവർ വിശ്വസിക്കുന്നു.

ഒരു അമുസ്‌ലിം എന്ന നിലയിൽ ലെസ്‌ലിയുടെ മനസ്സിന് വഴങ്ങാത്തവയാണ് ഇസ്‌ലാമിക വിശ്വാസങ്ങൾ നൽകുന്ന മറുപടി. ജിബ്‌രീൽ എന്ന മലക്ക് മുഹമ്മദ് നബി(സ്വ)ക്ക് പുതിയ ചില വചനങ്ങളുമായി വന്നെത്തി എന്ന ഇസ്‌ലാമിക ചരിത്രപാഠം ഒരു സെക്യുലർ ചരിത്രകാരിയായ ലെസ്‌ലി ഹാസിൽടണിന്റെ മനസ്സിന് പെട്ടെന്ന് ഉൾകൊള്ളാനാവാത്തതിന്റെ സാംഗത്യം നമുക്ക് മനസ്സിലാക്കാം. എന്നാൽ തന്റെ സംശയങ്ങളെ അതിജയിച്ച ചില ചരിത്ര വസ്തുതകൾ, തന്നിൽ കൗതുകമുണർത്തിയ ചില കാര്യങ്ങൾ കൂടി അവർ തന്റെ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. അഥവാ ഇസ്‌ലാമിക ഭാഷ്യത്തിൽ നുബുവ്വത്തിന്റെ/പ്രവാചകത്വത്തിന്റെ ചില തെളിവുകൾ.

'റമദാനിലെ ആ രാത്രിയിൽ എന്ത് സംഭവിച്ചു എന്നതിനെക്കാൾ എന്നെ അത്ഭുതപ്പെടുത്തിയത് എന്ത് സംഭവിച്ചില്ല എന്നതാണ്'- ലെസ്‌ലി ഹാസിൽടൺ പറയുന്നു. ഹിറാ പർവതത്തിന് പുറത്തേക്ക് വായുവിലൂടെ നടന്നു കൊണ്ടല്ല മുഹമ്മദ് വന്നത്. 'ഹല്ലേലൂയ' എന്ന് അലറിവിളിച്ചുകൊണ്ട് ദൈവ സ്‌ത്രോത്രങ്ങൾ ഉരുവിട്ടുകൊണ്ട് അദ്ദേഹം ഇറങ്ങി വന്നില്ല. പ്രകാശകിരണങ്ങൾ അദ്ദേഹത്തിന് ചുറ്റും പ്രസരിച്ചില്ല. മാലാഖമാരുടെ ഗായക സംഘങ്ങൾ ഉണ്ടായിരുന്നില്ല. ആഹ്ലാദമോ ആത്മീയ നിർവൃതിയോ പ്രകടിപ്പിച്ചില്ല. മുൻകൂട്ടി വിധിക്കപ്പെട്ട, പ്രതീക്ഷിച്ച, പ്രവാചകത്വത്തിന്റെ ബഹിർസ്ഫുരണങ്ങൾ ഉണ്ടായിരുന്നില്ല.

വായുവിൽ നിന്ന് ഭസ്മം 'സൃഷ്ടിച്ച്' സ്വയം ദൈവമായി ആരോഹണം നടത്തുന്ന ആൾദൈവങ്ങളും സ്വന്തം കറാമത്തുകൾ നാട് തോറും പാടി നടക്കുന്ന ബീവിമാരും ബാബമാരും ലൈവ് ടീവിയിൽ ക്യാൻസർ മുതൽ ഭ്രാന്ത് വരെ മാറ്റുന്ന പാസ്റ്റർമാരുമുള്ള വർത്തമാന കാലത്ത് മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വം ലെസ്‌ലിക്കൊരു അത്ഭുതം തന്നെയാണ്. ഹിറയിൽ നിന്ന് ഇറങ്ങി ഓടുകയായിരുന്ന മുഹമ്മദ് നബി(സ്വ)ക്ക് അത്യാഹ്ലാദമോ അമിതാവേശമോ ഇല്ല. പകരം വല്ലാത്തൊരു ഭയം! മനുഷ്യേന്ദ്രിയങ്ങൾക്കതീതമായ അനുഭവം സൃഷ്ടിച്ച ഭയം! താനിന്ന് വരെ അനുഭവിച്ച് പോന്ന ചിരപരിചിതത്വങ്ങളെ തകർത്തെറിഞ്ഞ, ആ സംഭവം സൃഷ്ടിച്ച ഭയം! തന്റെ സഹധർമിണി ഖദീജയുടെ അടുത്തേക്ക് ഭയത്തോടെ കേറിച്ചെന്ന് പുതച്ച് മൂടിക്കിടന്ന മുഹമ്മദ് ഇന്നത്തെ ആൾദൈവങ്ങളിൽ നിന്നും സ്വയം സൃഷ്ടിച്ച കൾട്ടുകളുടെ അനിഷേധ്യ നേതാക്കളിൽ നിന്നും എത്രയോ വ്യത്യസ്ഥനാണ് എന്നതാണ് ലെസ്‌ലിയെ അത്ഭുത ഭരിതയാക്കുന്നത്! അത് കൊണ്ടാണ് അന്ന് ഹിറയിൽ എന്ത് സംഭവിച്ചു എന്നതിനെക്കാൾ എന്ത് സംഭവിച്ചില്ല എന്നതോർത്ത് ലെസ്‌ലി ആശ്ചര്യപ്പെടുന്നത്! ഹിറയിലെ അതീന്ദ്രിയ അനുഭവം പുരാണങ്ങളിലെ കെട്ടുകഥയോ, ബൈബിളിലെ അമാനുഷിക പ്രവർത്തനങ്ങളോ പോലെ ഒരു സെക്യുലാർ ചരിത്രകാരിക്ക് തള്ളിക്കളയാവുന്നതല്ല എന്ന് ലെസ്‌ലി ഹാസിൽടൺ പറയുന്നതും അത് കൊണ്ട്തന്നെ. അത്തരമൊരനുഭവം ഏതൊരു സാധാരണക്കാരനുമുണ്ടായാൽ അവർക്കെന്ത് വികാരമാണോ വരിക, അവരെന്താണോ ചെയ്യുക, അത് മാത്രമാണ് മുഹമ്മദ് നബി(സ്വ) ചെയ്തത്.

ഇസ്‌ലാമിന് പുറത്ത് നിന്നുള്ള അക്കാദമികമായ ചില കാഴ്ചപ്പാടുകളും പരിപ്രേക്ഷ്യങ്ങളും ഒരു പക്ഷേ, മുസ്‌ലിം പണ്ഡിതന്മാർക്ക് വരെ ചില ഉൾക്കാഴ്ചകൾ നൽകുന്നതാണ്. മുൻവിധികളില്ലാതെ ആത്മാർഥതയോടെ ചരിത്രത്തെ സമീപിക്കുന്നവർക്ക് ഇസ്‌ലാമും ക്വുർആനും മുഹമ്മദ് നബി(സ്വ)യും അത്ഭുതം തീർക്കുകയാണ്. ●

ഡോ. മുഹമ്മദ് അഷ്റഫ് മൗലവി, മദീന

ലേഖനം

# ഹദീഥ് നിഷേധത്തിലെ അപകടം



**നബി(സ്വ)യുടെ മക്കാ ജീവിതവും ഹദീഥുകളും**

നബി(സ്വ)യുടെ മക്കാജീവിത കാലഘട്ടം എടുത്താൽ അതിലെ പല കാര്യങ്ങളും വിശുദ്ധ ക്വുർആനിൽ കാണാൻ സാധിക്കില്ല. ആ കാലത്തുണ്ടായ പല സംഭവങ്ങളും വിശുദ്ധ ക്വുർആനിൽ വിശദീകരിക്കപ്പെട്ടിട്ടില്ല. ക്വുർആൻ മാത്രമെ അംഗീകരിക്കൂ എന്ന് പറയുന്നവർക്ക് അത്തരം കാര്യങ്ങൾ അറിയാൻ സാധിക്കില്ല. ഹിജ്റ സന്ദർഭത്തെക്കുറിച്ചും ഹിജ്റയുടെ വേളയിൽ റസൂൽ(സ്വ)യുടെ കൂടെയുള്ള കൂട്ടുകാരനെക്കുറിച്ചും വിശുദ്ധ ക്വുർആൻ അറിയിക്കുന്നുണ്ട്. അല്ലാഹു പറയുന്നു: " നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ടുപേരും (നബിയും അബൂബക്കറും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുക്കുകയും നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുകയും സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയു

കയും ചെയ്തു. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്ന് നിൽക്കുന്നത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (9:40).

ഹിജ്‌റയുടെ കൂടുതൽ കാര്യങ്ങളും വിശദീകരിക്കപ്പെട്ടത് ഹദീഥിലാണ്. ഈ വചനത്തിൽ പറഞ്ഞ നബി(സ്വ)യുടെ കൂട്ടുകാരൻ ആരാണ്? ഹദീഥ് വേണ്ട എന്ന് പറഞ്ഞാൽ എങ്ങനെയാണ് അത് മനസ്സിലാക്കാൻ സാധിക്കുക?

**ഹദീഥിനെയും അല്ലാഹു സംരക്ഷിക്കും**

വിശുദ്ധ ക്വുർആനെ അല്ലാഹു സംരക്ഷിക്കുന്നതോടൊപ്പം പ്രവാചകൻ(സ്വ)യുടെ ഹദീഥുകളെയും അല്ലാഹു സംരക്ഷിക്കുന്നുണ്ട്. ഒന്നാം നൂറ്റാണ്ടിന് ശേഷം ഓരോ കാലഘട്ടങ്ങളിൽ ഹദീഥുകളെ തള്ളാനും കള്ള ഹദീഥുകൾ ഉണ്ടാക്കാനും ആളുകൾ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അല്ലാഹു ഏറ്റെടുത്തത് കൊണ്ട് തന്നെ അങ്ങനെയുള്ളവരിൽ നിന്ന് അവൻ ഹദീഥുകളെ സംരക്ഷിച്ചിട്ടുണ്ട്. അങ്ങനെയാണ് സ്വഹീഹായ ഹദീഥ്, ഹസനായ ഹദീഥ്, ദുർബലമായ ഹദീഥ് എന്നിങ്ങനെയൊക്കെ ഹദീഥുകൾ വേർതിരിക്കപ്പെട്ടത്. പ്രവാചകൻ(സ്വ)യുടെ മുഴുവൻ ഹദീഥുകളും കൃത്യമായി ക്രോഡീകരിക്കപ്പെട്ടിട്ടുമുണ്ട്. മഹാരഥൻമാരായ ഇമാമുമാരിലൂടെ അല്ലാഹു ഈ കാര്യം നിറവേറ്റി എന്നത് നമുക്ക് ചരിത്രം പരിശോധിച്ചാൽ മനിസ്സിലാക്കാൻ കഴിയുന്ന യാഥാർഥ്യമാണ്.

**ക്വുർആൻ അല്ലാഹുവിന്റെ കലാമാണ്**

ക്വുർആൻ അല്ലാഹുവിന്റെ കലാം ആണെന്ന് നമ്മെ അറിയിക്കുന്നത് റസൂൽ(സ്വ) ആണ്. ജിബ്‌രീൽ ഇത് നമ്മുടെ കൈകളിൽ നേരിട്ട് എത്തിച്ച് തന്നിട്ടില്ലല്ലോ. മുഹമ്മദ് നബി(സ്വ) അബ്ദുല്ലയുടെയും ആമിനയുടെയും മകനാണെന്ന് വിശുദ്ധ ക്വുർആനിൽ കാണാൻ സാധ്യമല്ല. റസൂൽ(സ്വ മക്കയിലാണ് ജനിച്ചതെന്നും ക്വുർആനിൽ പറഞ്ഞിട്ടില്ല. പിന്നെ അതൊക്കെ ഹദീഥിനെ നിഷേധിക്കുന്നവർ എങ്ങനെ മനസ്സിലാക്കും? അതൊക്കെ ഹദീഥുകളിലൂടെ റസൂൽ(സ്വ) പഠിപ്പിക്കുന്ന കാര്യങ്ങളാണ്. ഞാൻ നബിയാണെന്ന് റസൂൽ(സ്വ) പറയുന്നുണ്ട്. അത് മക്കയിലെ ഇന്ന ആളാണെന്ന് ക്വുർആൻ മാത്രം മതി എന്ന് വാദിക്കുന്നവർക്ക് എങ്ങനെ മനസ്സിലക്കാൻ സാധിക്കും? അത് പോലെ മുഹമ്മദ്(സ്വ) അല്ലാഹുവിന്റെ ദൂതനാണെന്ന് വിശുദ്ധ ക്വുർആൻ അറിയിക്കുന്നുണ്ട്. ആ മുഹമ്മദ് ഇന്ന വ്യക്തിയാണെന്ന് പഠിപ്പിക്കുന്നതും ഹദീഥുകൾ തന്നെയാണ്.

**ഹദീഥ് നിഷേധികൾ**

**കാഫിറുകളെന്ന് ക്വുർആൻ**

അല്ലാഹുവോടൊപ്പം റസൂൽ(സ്വ)യെ അനുസരിക്കാത്ത ആളുകൾ കാഫിറുകളാണെന്ന് അല്ലാഹു അറിയിക്കുന്നു:

"പറയുക: നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം അല്ലാഹു സത്യനിഷേധികളെ സ്നേഹിക്കുന്നതല്ല; തീർച്ച" (3:32).

ഈ വചനത്തിൽ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കാൻ കൽപിക്കുന്നതോടൊപ്പം, അത് ശ്രദ്ധിക്കാതെ പിന്തിരിഞ്ഞ് കളയുന്നവരായ 'കാഫിറുകളെ' അല്ലാഹു ഇഷ്ടപ്പെടുകയില്ല എന്ന് അറിയിക്കുന്നത് ശ്രദ്ധിക്കുക. അത് കൊണ്ട് ഹദീഥുകളെ നിഷേധിച്ച് കൊണ്ട് കുഫ്‌റിൽ അകപ്പെടുന്നതിനെ നാം സൂക്ഷിക്കുക. ഈമാൻ ലഭിച്ചതിന് ശേഷം സത്യനിഷേധത്തിലേക്ക് മടങ്ങുന്ന ഹദീഥ് നിഷേധികളെ പോലുള്ളവരെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

"വിശ്വസിച്ചതിന് ശേഷം അവിശ്വാസികളായി മാറുകയും, അവിശ്വാസം കൂടിക്കൂടി വരികയും ചെയ്ത വിഭാഗത്തിന്റെ പശ്ചാത്താപം ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. അവരത്രെ വഴിപിഴച്ചവർ" (3:90).

അറിവില്ലായ്മ മൂലം ഹദീഥ് നിഷേധത്തിൽ അകപ്പെട്ടവർ, കാര്യം മനസ്സിലായതിന് ശേഷവും അതിൽ തന്നെ ഉറച്ച് നിന്നാലുള്ള അപകടങ്ങൾ ഈ ആയത്തിന്റെ വെളിച്ചത്തിൽ നമുക്ക് മനസ്സിലാവുന്നതാണ്. ഹദീഥ് നിഷേധത്തിന്റെ അപകടം മനസ്സിലായാൽ ഉടൻ തന്നെ അതിൽ നിന്ന് പിൻമാറിയില്ലെങ്കിൽ വഴിപിഴച്ചവരായി അവർ മാറുന്നതാണ്. ഇത്തരം അപകടങ്ങളിൽ അറിവില്ലായ്മ മൂലം അകപ്പെടാതെ അറിവുള്ളവരോട് കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കണം എന്ന് പറഞ്ഞത് അതിന്റെ ഗൗരവം കൊണ്ടാണ് എന്ന് തിരിച്ചറിയണം. അല്ലാഹു പറയുന്നത് കാണുക:

"അവിശ്വസിക്കുകയും അവിശ്വാസികളായിക്കൊണ്ട് മരിക്കുകയും ചെയ്തവരിൽ പെട്ട ഒരാൾ ഭൂമി നിറയെ സ്വർണം

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

പ്രായശ്ചിത്തമായി നൽകിയാൽ പോലും അത് സ്വീകരിക്കപ്പെടുന്നതല്ല. അവർക്കാണ് വേദനയേറിയ ശിക്ഷയുള്ളത്. അവർക്ക് സഹായികളായി ആരുമുണ്ടായിരിക്കുന്നതുമല്ല"(3:91).

**ഹദീഥുകളിൽ ദുർബലമായവയും ഇല്ലേ?**

ഇവർ ജനങ്ങൾക്കിടയിൽ ഉണ്ടാക്കുന്ന മറ്റൊരു സംശയമാണ് ഹദീഥുകളിൽ ബലഹീനമായവയും ഉണ്ടല്ലോ എന്നത്. ഇങ്ങനെ ചോദിക്കുന്നവരോട് പറയാനുള്ളത് അവർ ആദ്യം ഹദീഥ് നിഷേധം അവസാനിപ്പിച്ച് തൗബ ചെയ്ത് മടങ്ങണമെന്നാണ്.

വിശുദ്ധ ക്വുർആനെ അല്ലാഹു സംരക്ഷിക്കുമെന്ന് അല്ലാഹു തന്നെ പറയുന്നുണ്ട്:

"തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (15:9).

ക്വുർആനിനെ സംരക്ഷിക്കുമെന്ന് പറഞ്ഞ റബ്ബ് ഹദീഥുകളെയും സംരക്ഷിക്കുമെന്ന് വിശുദ്ധ ക്വുർആനിലൂടെ അറിയിക്കുന്നുണ്ട്:

"പിന്നീട് അത് വിവരിച്ചുതരലും നമ്മുടെ ബാധ്യതയാകുന്നു" (75:19). വിശുദ്ധ ക്വുർആൻ വിവരിച്ച് തരലും അല്ലാഹുവിന്റെ ബാധ്യതയാണെന്ന് ഇവിടെ അറിയിക്കുന്നു. അതിന്റെ വിശദീകരണമായ ഹദീഥുകളെയും അവൻ സംരക്ഷിച്ച് കൊണ്ടേയിരിക്കുമെന്നർഥം.

**ബുദ്ധിക്ക് യോജിക്കുന്നില്ല എന്ന് പറഞ്ഞ് ഓരോന്നോരോന്നായി നിഷേധിച്ച് അവസാനം ഹദീഥുകൾ തന്നെ വേണ്ട എന്ന് വാദിക്കലാവും ഇത്തരം നിഷേധികൾ ചെയ്യുക. മുഴുവൻ ഹദീഥുകളും തള്ളുന്ന അവസ്ഥയായിരിക്കും അവർക്കുണ്ടാവുക. ഇത്തരക്കാരെ വിശ്വാസികൾ നന്നായി സൂക്ഷിക്കണം. മതം പഠിപ്പിച്ച എല്ലാ കാര്യങ്ങളും സംശയമില്ലാതെ സ്വീകരിക്കേണ്ടവരാണ് വിശ്വാസികൾ. സ്വീകാര്യമായ, സ്ഥിരീകരിക്കപ്പെട്ട ഹദീഥുകൾ ബുദ്ധിക്ക് യോജിച്ചാലും ഇല്ലെങ്കിലും സ്വീകരിക്കണമെന്നതാണ് സലഫുസ്സ്വാലിഹുകൾ പറഞ്ഞത്. അത് പോലെ തന്നെ നമ്മൾ അവ സ്വീകരിക്കാൻ തയ്യാറാവുക.**

ഹദീഥിനെ അംഗീകരിക്കുന്നതോടൊപ്പം അതിൽ ചിലതിനെ നിഷേധിക്കുന്ന രോഗമാണ് നാമിന്ന് കണ്ടുകൊണ്ടിരിക്കുന്നത്. അതിന് കാരണമായി പറയുന്നത് ഹദീഥിൽ ബുദ്ധിക്ക് യോജിക്കാത്തവയും ഉണ്ടെന്നതാണ്. നബി(സ്വ)ക്ക് സിഹ്ർ ബാധിച്ചതിനെ വിവരിക്കുന്ന സ്വഹീഹായ ഹദീഥ് പോലെയുള്ളവ ബുദ്ധിക്ക് അംഗീകരിക്കാൻ സാധിക്കില്ല എന്ന് പറഞ്ഞാണ് അവരത് തള്ളുന്നത്. മതത്തിന്റെ കാര്യങ്ങൾ നമ്മെ പഠിപ്പിക്കാനും റസൂൽ(സ്വ) പച്ചയായ മനുഷ്യനാണെന്നും ദിവ്യത്വമില്ല എന്നും മനസ്സിലാക്കിത്തരാൻ വേണ്ടിയും അല്ലാഹു റസൂൽ(സ്വ)ക്ക് മാരണം തട്ടിച്ചു. ആ സന്ദർഭത്തിൽ രിസാലത്തിന്റെ ഒരു തത്ത്വവും മറക്കുകയോ, അത് എത്തിച്ച് കൊടുക്കുന്നതിൽ വീഴ്ച വരികയോ ചെയ്തിട്ടില്ല. തന്റെ ഭാര്യയെ സമീപിച്ചോ ഇല്ലേ എന്ന ഒരു സംശയം മാത്രമാണ് അത് മുഖേന റസൂൽ(സ്വ)ക്ക് ഉണ്ടായത്. മുശ്‌രിക്കുകൾ പറയുന്നത് പോലെയുള്ള മാരണം റസൂൽ(സ്വ)ക്ക് ബാധിച്ചിട്ടില്ല. അവരുടെ അടുക്കൽ അറിയപ്പെട്ട മാരണം ബുദ്ധിയില്ലാത്ത, കളവ് പറയുന്ന അവസ്ഥയിലുള്ളതാണ്. അങ്ങനെയുള്ള മാരണം റസൂൽ(സ്വ)ക്ക് ബാധിച്ചിട്ടുണ്ടെന്ന് ഹദീഥിലും ഇല്ല. മാരണത്തിൽ നിന്ന് രക്ഷപ്പെടേണ്ട രീതി അല്ലാഹു ഇതിലൂടെ പഠിപ്പിച്ചു. ഇതിൽ ബുദ്ധിക്ക് യോജിക്കാത്തതായി ഒന്നുമില്ല. മാരണവുമായി ബന്ധപ്പെട്ട് ഒരു സ്വഹാബിക്കും സംശയമുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടത് കാണാൻ സാധ്യവുമല്ല. മറവിയുടെ സുജൂദ് റസൂൽ(സ്വ)ക്ക് പഠിപ്പിച്ച് കൊടുക്കാൻ വേണ്ടി അല്ലാഹു നമസ്കാരത്തിൽ റസൂൽ(സ്വ)ക്ക് മറവി നൽകി. ഈ സംഭവം ഹദീഥിൽ കാണാം:

അബൂഹുറയ്‌റ(റ)യിൽ നിന്നും നിവേദനം: നബി(സ്വ) (നമസ്കാരത്തിൽ) രണ്ട് റക്അത്തിന് ശേഷം വിരമിച്ചു. അപ്പോൾ റസൂൽ(സ്വ)യോട് ദുൽയദൈൻ ചോദിച്ചു: 'അല്ലയോ അല്ലാഹുവിന്റെ ദൂതരേ, നമസ്കാരം ചുരുക്കപ്പെട്ടോ, അതല്ല താങ്കൾ മറന്നോ..?' അപ്പോൾ റസൂൽ(സ്വ) ചോദിച്ചു: 'ദുൽയദൈൻ സത്യമാണോ പറഞ്ഞത്?' അപ്പോൾ ജനങ്ങൾ (സ്വഹാബികൾ) പറഞ്ഞു: 'അതെ.' അപ്പോൾ റസൂൽ(സ്വ) എഴുന്നേറ്റ് വേറെ രണ്ട് റക്അത്ത് നമസ്കരിച്ചു സലാം വീട്ടി. പിന്നെ തക്ബീർ ചൊല്ലി (നമസ്കാരത്തിലെ) സുജൂദ് പോലെയുള്ള അല്ലെങ്കിൽ അതിനെക്കാൾ ദീർഘിച്ച സുജൂദ് ചെയ്തു. (മറവിയുടെ സുജൂദിന്റെ ഒരു രൂപമാണിത്).

അല്ലാഹുവിന് മറവിയുടെ സുജൂദ് പഠിപ്പിക്കാൻ ഇങ്ങനെ മറവി സംഭവിപ്പിക്കാതെ തന്നെ ചെയ്യാമായിരുന്നു. എന്നിട്ടും ഈ രൂപത്തിലാണ് അല്ലാഹു ഇത് ചെയ്തത്. അപ്പോൾ ബുദ്ധിക്ക് യോജിക്കുന്നില്ല എന്ന് പറഞ്ഞ് ഓരോന്നോരോന്നായി നിഷേധിച്ച് അവസാനം ഹദീഥുകൾ തന്നെ വേണ്ട എന്ന് വാദിക്കലാവും ഇത്തരം നിഷേധികൾ ചെയ്യുക. മുഴുവൻ ഹദീഥുകളും തള്ളുന്ന അവസ്ഥയായിരിക്കും അവർക്കുണ്ടാവുക. ഇത്തരക്കാരെ വിശ്വാസികൾ നന്നായി സൂക്ഷിക്കണം. മതം പഠിപ്പിച്ച എല്ലാ കാര്യങ്ങളും സംശയമില്ലാതെ സ്വീകരിക്കേണ്ടവരാണ് വിശ്വാസികൾ. സ്വീകാര്യമായ, സ്ഥിരീകരിക്കപ്പെട്ട ഹദീഥുകൾ ബുദ്ധിക്ക് യോജിച്ചാലും ഇല്ലെങ്കിലും സ്വീകരിക്കണമെന്നതാണ് സലഫുസ്സ്വാലിഹുകൾ പറഞ്ഞത്. അത് പോലെ തന്നെ നമ്മൾ അവ സ്വീകരിക്കാൻ തയ്യാറാവുക.

ഫദ്‌ലുൽ ഹഖ് ഉമരി, ആമയൂർ



# ഹൃദയത്തിന്റെ സ്വാധീനം സമൂഹത്തിൽ

വ്യക്തിവിശുദ്ധി ഹൃദയവിശുദ്ധിയിലൂടെയാണെന്ന് മുൻ ലേഖനങ്ങളിൽ നിന്ന് നാം മനസ്സിലാക്കി. മനുഷ്യന്റെ നന്മയും സുരക്ഷയുമെല്ലാം ഹൃദയത്തിന്മേൽ പണയപ്പെടുത്തപ്പെട്ടതാണ്. ഹൃദയം അതിന്റെ ശുദ്ധവും ആരോഗ്യപരവുമായ അവസ്ഥയിൽ നിലകൊള്ളലാണ് ഹൃദയത്തിന്റെ 'സലാമത്ത്.' അല്ലാഹുവിനെയും റസൂലിനെയും സ്നേഹിക്കണം. ആ സ്നേഹത്തിന് എല്ലാറ്റിനെക്കാളും മുൻഗണന കൊടുക്കണം. വിശ്വാസികളെ സ്നേഹിക്കണം. അങ്ങനെ വിശ്വാസത്തിൽ അധിഷ്ഠിതമായ ശ്രേഷ്ഠസ്വഭാവങ്ങൾ കൊണ്ട് വെളിച്ചം നിറഞ്ഞതായിരിക്കണം നമ്മുടെ ഹൃദയം. അതാണ് സലീമായ ഹൃദയം.

സമൂഹം എന്നുപറഞ്ഞാൽ വ്യക്തികളുടെ കൂട്ടമാണ്. അവർ ഒറ്റ ശരീരമാണ്. എല്ലാവരുടെയും ഹൃദയങ്ങൾ നന്നായാൽ പരസ്പര സ്നേഹത്തോടെയും കാരുണ്യത്തോടെയും അവർക്ക് ജീവിക്കാൻ കഴിയും. വെറുപ്പും ഭിന്നതകളും ഇല്ലാത്ത ഒരു കൂട്ടം! തന്റെ സഹോദരന് പ്രയാസമുണ്ടാകുന്ന എല്ലാം തനിക്കും പ്രയാസമായി തോന്നണം. അവനെ സന്തോഷിപ്പിക്കുന്നത് തന്നെയും സന്തോഷിപ്പിക്കണം. നബി(സ്വ) പറഞ്ഞു: "ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിക്ക് കെട്ടിടം പോലെയാണ്. ഒന്ന് മറ്റൊന്നിനെ ശക്തിപ്പെടുത്തുന്നു "(മുസ്‌ലിം). "സ്നേഹത്തിലും കാരുണ്യത്തിലും അനുകമ്പയിലും സത്യവിശ്വാസികൾ ഒറ്റ ശരീരം പോലെയാണ്. ശരീരത്തിലെ ഒരു അവയവത്തിന് പ്രയാസങ്ങൾ ബാധിച്ചാൽ ഉറക്കമിളച്ചും പനിച്ചും മറ്റു അവയവങ്ങൾ അതിനോട് സഹകരിക്കുന്നു" (ബുഖാരി, മുസ് ലിം). ശക്തമായ ചില കാര്യങ്ങളാണ് നബി(സ) ഇവിടെ പഠിപ്പിക്കുന്നത്.

1. പരസ്പര സ്നേഹം: സമൂഹത്തിലെ വ്യക്തികൾക്കിടയിൽ ഉണ്ടാകേണ്ട ഒരു ആത്മ ബന്ധമാണിത്. ഞാൻ സമൂഹത്തിന്റെ ഭാഗമാണെന്നും സമൂഹം എന്റേതാണെന്നും ഓരോരുത്തർക്കും തോന്നണം.

2. പരസ്പര കാരുണ്യം: പരസ്പരം പങ്കുവെക്കലും കൈമാറലുമാണിത്. അതു സന്തോഷത്തിലും സന്താപത്തിലും വേണം. മറ്റുള്ളവരോടുണ്ടാകുന്ന മനസ്സിന്റെ പ്രവർത്തനമാണിത്. മേൽപറഞ്ഞ രണ്ട് സ്വഭാവങ്ങളും ഒരു വ്യക്തിയിൽ കാണപ്പെട്ടാൽ ദുഷിച്ച ഒന്നും അവനിൽ നിന്ന് പുറത്തേക്ക് വരില്ല. എനിക്ക് മറ്റുള്ളവരെ അടക്കി ഭരിക്കണമെന്ന ചിന്തയോ അതിലൂടെ പൊട്ടിമുളക്കുന്ന അസൂയയോ പകയോ ഉണ്ടാവുകയില്ല. എനിക്കെല്ലാം വേണം, മറ്റുള്ളവർക്കൊന്നും ഉണ്ടാകരുത് എന്ന തോന്നലുണ്ടാവുകയില്ല. നബി(സ്വ) പറഞ്ഞു: "തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടുന്നതുവരെ നിങ്ങൾ സത്യവിശ്വാസികളാവുകയില്ല"(ബുഖാരി, മുസ്‌ലിം).

"എന്റെ ആത്മാവ് അവരുടെ കയ്യിലാണോ അവൻ തന്നെയാണു സത്യം, നിങ്ങൾ വിശ്വസിക്കുന്നതുവരെ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. പരസ്പരം സ്നേഹിക്കുന്നതുവരെ നിങ്ങൾ വിശ്വാസികളാവുകയില്ല"(മുസ്‌ലിം).

എന്നാൽ ഇതിനു പകരം പരസ്പര വെറുപ്പാണെങ്കിലോ? എല്ലാ നന്മകളെയും നശിപ്പിച്ചുകളയാൻ അതു മാത്രം മതി. നബി(സ്വ) പറയുന്നു: "പരസ്പര വിദ്വേഷവും അസൂയയും മുൻസമൂഹങ്ങളെ ബാധിച്ച രോഗമാണ്. അതു നിങ്ങളിലും ഇഴഞ്ഞു വരുന്നു. ദീനിനെ നശിപ്പിച്ച് (വടിച്ച്) കളയുന്നതാണ് പരസ്പരമുള്ള നിങ്ങളുടെ വെറുപ്പ് . അല്ലാഹുവാണ് സത്യം! വിശ്വാസികളാവാതെ നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. പരസ്പരം സ്നേഹിക്കാതെ വിശ്വാസികളാവുകയുമില്ല. സ്നേഹം നിലനിർത്താനാവശ്യമായ ഒന്ന് ഞാൻ പറഞ്ഞുതരട്ടെയോ? നിങ്ങൾക്കിടയിൽ പരസ്പരം സലാം വ്യാപിപ്പിക്കുക"(ബസ്സാർ).

"നിങ്ങൾ പരസ്പരം അസൂയ കാണിക്കരുത്. ചുഴിഞ്ഞന്വേഷിക്കരുത്. വെറുക്കരുത്. ശത്രുത കാണിക്കരുത്. സഹോദരന്റെ കച്ചവടത്തിൽ ഇടയിൽ കയ



റി കച്ചവടം ചെയ്യരുത്. അല്ലാഹുവിന്റെ അടിമകളേ, നിങ്ങൾ സഹോദരന്മാരാകുക. ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്. അവനെ അക്രമിക്കരുത്, നിന്ദിക്കരുത്, അപമാനിക്കരുത്. തക്‌വ (സൂക്ഷ്മത) ഇവിടെയാണ് (നബി(സ്വ) തന്റെ ഹൃദയത്തിന്റെ ഭാഗത്തേക്ക് മൂന്ന് തവണ ചൂണ്ടിക്കാണിച്ചു). ഒരു വ്യക്തി തന്റെ മുസ്‌ലിമായ സഹോദരനെ അപമാനിച്ചാൽ തന്നെ അവൻ തിന്മ ചെയ്തതിനു മതിയായതാണ്. ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന് പവിത്രമാണ്. അവന്റെ രക്തവും സമ്പത്തും അഭിമാനവും"(ബുഖാരി, മുസ്‌ലിം).

അസൂയയും വിദ്വേഷവും ചുഴിഞ്ഞന്വേഷണവുമൊക്കെ ഹൃദയത്തിന്റെ ആരോഗ്യത്തെ ബാധിക്കുന്ന തകരാറുകളാണ്. ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിനെ നിന്ദ്യനായി കാണൽ അവനിൽ അഹങ്കാരമെന്ന രോഗമുണ്ടെന്ന് അറിയിക്കുന്നു: "സത്യത്തെ അവഗണിക്കലും ജനങ്ങളെ പുഛിച്ചുതള്ളലുമാണ് അഹങ്കാരം" (മുസ്‌ലിം) എന്ന് നബി(സ്വ) അറിയിച്ചിട്ടുണ്ട്. ഹൃദയം നന്നായാലല്ലാതെ ഇതൊന്നും ഒഴിവാക്കാൻ കഴിയുകയില്ല. സമൂഹത്തിന്റെ ശക്തിയിലും ഭദ്രതയിലും സുരക്ഷിതത്വത്തിലും എത്രയാണ് ഹൃദയത്തിന്റെ സ്വാധീനമെന്ന് ഉപരിസൂചിത വരികളിൽ നിന്നും നമുക്ക് വ്യക്തമായി. മനസ്സുകളുടെ ഒന്നിക്കൽ ദീനിനെ സംരക്ഷിക്കുകയും ശത്രുവിനെ പരാജയപ്പെടുത്തുകയും ചെയ്യും. പരസ്പര വിദ്വേഷം സുരക്ഷയുടെ കെട്ടുറപ്പ് നശിപ്പിക്കുകയും തകർക്കുകയും ചെയ്യും.

സമൂഹത്തിലെ വ്യക്തികളുടെ ഹൃദയം കുറ്റമറ്റതായാൽ സ്നേഹവും കാരുണ്യവും അവരുടെ നേതൃത്വം ഏറ്റെടുക്കും. പരദൂഷണം പറയില്ല, ദുരാരോപണമുന്നയിക്കില്ല, അസഭ്യം പറയില്ല, രഹസ്യങ്ങൾ പരസ്യപ്പെടുത്തുകയോ ചാരപ്പണി നടത്തുകയോ ഇല്ല. പക്ഷേ, എന്താണിന്നത്തെ സമൂഹത്തിന്റെ അവസ്ഥ? അഹങ്കാരം, കിടമത്സരം, നശീകരണചിന്ത... എങ്ങോട്ടാണ് മുസ്‌ലിം സമൂഹം പോകുന്നത്?

പ്രവാചകാനുചരന്മാരിലേക്ക് നോക്കുക. അവർ വലിയവരെ ബഹുമാനിച്ചിരുന്നു. ചെറിയവരോട് കാരുണ്യം കാണിച്ചിരുന്നു. അവരുടെ സ്നേഹവും ബന്ധവും അടുപ്പവും സലീമായ അവരുടെ ഹൃദയങ്ങളിൽ നിന്നും നിർഗളിച്ച പ്രകാശകിരണങ്ങളായിരുന്നു.

"അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ചവർക്കും (അൻസ്വാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസ്വാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ" (59:9).

ദൃഢമായ വിശ്വാസവും ശരിയായ തവക്കുലും (അല്ലാഹുവിൽ ഭരമേൽപിക്കൽ) ഉണ്ടായാൽ ഇത്തരം രോഗങ്ങൾക്ക് ചികിത്സയായി. ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനിലേക്ക് ആത്മാർഥമായി പശ്ചാതപിച്ച് മടങ്ങണം. എല്ലാവിധ ദുഷ്ചിന്തകളും അതോടെ തീരും. ഹൃദയം സമാധാനമടയുകയും രോഗമുക്തമാവുകയും ചെയ്യും.

"അതായത് വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്" (13:28). ഈ സ്മരണയില്ലാത്തവർക്ക് ഒരിക്കലും സന്തോഷകരമായ ജീവിതം സാധ്യമല്ല.

"എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ടുവരുന്നതുമാണ്" (20:124).

ചുരുക്കത്തിൽ സലീമായ ഹൃദയമാണ് എല്ലാ അത്യുന്നതവിശേഷണങ്ങളുടേയും ഉറവിടം രോഗബാധിത ഹൃദയമാണെങ്കിൽ നേരെ തിരിച്ചും. ●

അഡ്വ.അബ്ദുസ്സമദ് കെ. എ, കലൂർ

ലേഖനം

# ആത്മാർഥതയും ആത്മനിയന്ത്രണവും

**അ**ല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമസമരമാണല്ലൊ ജിഹാദ്. ഏറ്റവും സുപ്രധാനമായ ജിഹാദ് സ്വന്തത്തോടുതന്നെയാണ് എന്നാണ് തിരുനബി(സ്വ) നമ്മെ പഠിപ്പിച്ചത്. അപ്പോൾ ആത്മനിയന്ത്രണം എത്രയോ പ്രാധാന്യമേറിയതാണ്! ഏതൊരു സൽപ്രവൃത്തിയിലും നിഷ്‌കളങ്കത അഥവാ ഇഖ്‌ലാസ് നിലനിർത്താൻ കഴിയുക എന്നത് അല്ലാഹുവിന്റെ അപാരമായ അനുഗ്രഹം തന്നെ!

അല്ലാഹുവിന്റെ മാത്രം തൃപ്തിയും അപ്രകാരം നമുക്ക് സിദ്ധിക്കുന്ന മഹത്തായ പ്രതിഫലവുമല്ലാതെ യാതൊരു ഭൗതികലക്ഷ്യവും നമ്മുടെ നിയ്യത്തിൽ (ഉദ്ദേശ്യത്തിൽ) കയറിക്കൂടാൻ പാടില്ല. അങ്ങനെ സംഭവിച്ചാൽ പ്രതിഫലം തടയപ്പെടും എന്നു മാത്രമല്ല, സ്രഷ്ടാവിന്റെ കോപത്തിന് ഇരയാവുകയും ചെയ്യും. മനസ്സിൽ അതീവ ജാഗ്രത അഥവാ സൂക്ഷ്മതാബോധം ആത്മനിയന്ത്രണത്തിലൂടെ വളർത്തിയെടുക്കണം. എത്ര നന്മ ചെയ്തു എന്നതിലല്ല എപ്രകാരം അവ ചെയ്തു എന്നാണ് അല്ലാഹു പരിശോധിക്കുന്നത്. അത്മാർഥതയിലേക്ക് നയിക്കുന്നത് വിശ്വാസ വിശുദ്ധിയാകുന്നു. അത്തരം സ്വഭാവക്കാർ ഒരു പ്രലോഭനങ്ങളിലും അകപ്പെടാതെ ഇഛാശക്തി കൈമുതലാക്കി മുന്നേറുന്നവരായിരിക്കും.

ഇഖ്‌ലാസിന് 'അല്ലാഹുവിന്ന് മാത്രം' എന്ന അർഥ കൽപനയിൽ 'തൗഹീദ്' എന്നു വ്യാഖ്യാനിക്കാറുണ്ട്. അല്ലാഹുവിന് തന്റെ അടിമകളിൽ നിന്നും ലഭിക്കേണ്ട പരമമായ അവകാശമാണ് ആരാധന. പകരം അല്ലാഹു തന്റെ ഇഷ്ടദാസൻമാർക്ക് സ്വർഗം വാഗ്ദാനം ചെയ്യുന്നു.

നബി(സ)അരുളിയിരിക്കുന്നു: "അല്ലാഹുവിൽ യാതൊന്നും പങ്കു ചേർക്കാതെ അവനെ മാത്രം ആരാധിക്കുക എന്നതാണ് അല്ലാഹുവിനോടുള്ള അടിമകളുടെ ബാധ്യത" (ബുഖാരി, മുസ്‌ലിം).

ഉൽകൃഷ്ടമായ തൗഹീദിനെക്കുറിച്ച് വ്യക്തവും ശക്തവുമായ ബോധം വിശ്വാസികളിൽ ഇല്ലായെങ്കിൽ ഈമാൻ അല്ലാഹുവിങ്കൽ സ്വീകാര്യമല്ലാതെ വരാം. അപ്പോൾ കർമങ്ങളെല്ലാം നിഷ്ഫലമാകും.

മനുഷ്യനെ പ്രവർത്തനനിരതനാക്കാൻ പ്രേരണ നൽകുന്നത് അവനിൽ ഉണ്ടാകുന്ന വിവിധതരത്തിലുള്ള വികാരങ്ങളാണ്. അപ്രകാരം, വികാരങ്ങളെ സമചിത്തതയോടെ നിയന്ത്രിക്കുന്നതിനാണ് ആത്മനിയന്ത്രണം എന്ന് പറയുന്നത്. വികാരത്തിന്റെ ഉറവിടം ഹൃദയമാണെന്ന് ആധുനിക വൈദ്യശാസ്ത്രം ഇന്ന് അംഗീകരിച്ചിട്ടുണ്ട്.

വിശുദ്ധ ക്വുർആൻ മനുഷ്യമനസ്സിനും ഹൃദയത്തിനും ക്വൽബ് എന്ന പദം ഉപയോഗിക്കുന്നുണ്ട്. മൂന്ന് തരത്തിലുള്ള മനസ്സുകൾ വിശുദ്ധ ക്വുർആൻ വിവരിക്കുന്നു.

ദുഷ്പ്രവൃത്തികൾക്ക് പ്രേരണ നൽകുന്ന മനസ്സാണ് ഒന്ന്. മനസ്സിന്റെ സ്രഷ്ടാവായ റബ്ബിന്റെ കരുണ ലഭിച്ച മനസ്സ് ഇത്തരം പാപങ്ങളിൽ നിന്നും മുക്തമാണ് എന്നും ക്വുർആൻ എടുത്ത് പറയുന്നു:

"ഞാൻ എന്റെ മനസ്സിനെ കുറ്റത്തിൽ നിന്ന് ഒഴിവാക്കുന്നില്ല. തീർച്ചയായും മനസ്സ് ദുഷ്പ്രവൃത്തിക്ക് പ്രേരിപ്പിക്കുന്നത് തന്നെയാകുന്നു. എന്റെ രക്ഷിതാവിന്റെ കരുണ ലഭിച്ച മനസ്സൊഴികെ. തീർച്ചയായും എന്റെ രക്ഷിതാവ് ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (12:53).

സ്വയം കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്ന മനസ്സാണ് മറ്റൊന്ന്. മനുഷ്യന്റെ മനസ്സാക്ഷി അവൻ ചെയ്ത തെറ്റായ കാര്യങ്ങളെക്കുറിച്ച് അവനെ കുറ്റപ്പെടുത്തുമെന്നാണ് ഇതിൽ നിന്നും തെളിയുന്നത്.

"കുറ്റപ്പെടുത്തുന്ന മനസ്സിനെക്കൊണ്ടും ഞാൻ സത്യം ചെയ്തു പറയുന്നു" (75:2).

"എന്നിട്ട് അതിന്ന് അതിന്റെ ദുഷ്ടതയും അതിന്റെ സൂക്ഷ്മതയും സംബന്ധിച്ച് അവൻ ബോധം നൽകുകയും ചെയ്തിരിക്കുന്നു" (91:8).

പരമകാരുണികനായ റബ്ബ് തന്റെ അടിമകളെ പാപവിമുക്തരാക്കാൻ അവരവരുടെ മനസ്സുകളിൽ തന്നെ ചെയ്തുവെച്ചിട്ടുള്ള ക്രമീകരണം എത്ര അത്ഭുതകരം!

മൂന്നാമത്തേത് സ്വർഗം പൂകുന്ന സമാധാനമടഞ്ഞ ആത്മാവാണ്. മരണവേളയിലും അന്ത്യനാളിലുമെല്ലാം അല്ലാഹുവിങ്കൽ നിന്നും സ്വാഗതവും സന്തോഷവാർത്തയും ലഭിക്കുന്ന ഈ സുകൃതവാന്മാരെ കുറിച്ച് ക്വുർആൻ പറയുന്നുണ്ട്. സന്തോഷത്തിലും സന്താപത്തിലും ദൈവസ്മരണയോടുകൂടി, സമാധാന ചിത്തരായി, സുകൃതങ്ങൾ ചെയ്ത് ജീവിക്കുകയും സമാധാനമുള്ളവരായിക്കൊണ്ട് തന്നെ പരലോകത്ത് എത്തിപ്പെട്ട് റബ്ബിന്റെ തൃപ്തിക്ക് വിധേയരായ സത്യവിശ്വാസികളും സത്യവിശ്വാസിനികളും ആയിട്ടുള്ള ഒരു ന്യൂനപക്ഷമാണവർ:

“ഹേ; സമാധാനമടഞ്ഞ ആത്മാവേ, നീ നിന്റെ രക്ഷിതാവിങ്കലേക്ക് തൃപ്തിപ്പെട്ടുകൊണ്ടും, തൃപ്തി ലഭിച്ചു കൊണ്ടും മടങ്ങിക്കൊള്ളുക. എന്നിട്ട് എന്റെ അടിയാൻമാരുടെ കൂട്ടത്തിൽ പ്രവേശിച്ചുകൊള്ളുക. എന്റെ സ്വർഗത്തിൽ പ്രവേശിച്ചു കൊള്ളുക” (89:27-30).

വിശ്വാസത്തിൽ ആത്മാർഥത കൈവരിക്കാനുള്ള ഒരു മാർഗം ആത്മപരിശോധനയാകുന്നു. അല്ലാഹു കൽപിക്കുന്നു: “സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളെക്ക് വേണ്ടി എന്തൊരുമുന്നൊരുക്കമാണ് ചെയ്തു വെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു'' (59:18).

ഒരിക്കൽ ഉമർ(റ) പറയുകയുണ്ടായി: “നിങ്ങൾ വിചാരണ ചെയ്യപ്പെടുന്നതിനു മുമ്പായി സ്വയം വിചാരണ ചെയ്യുവിൻ” (തുർമുദി).

ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുന്നവരുടെ ലക്ഷണങ്ങളാണ് ആത്മപരിശോധനയും നിഷ്‌കളങ്കമായ പശ്ചാതാപവും.

തക്വ്‌വ അഥവാ സൂക്ഷ്മതാബോധം കുറയുന്നതിനനുസരിച്ച് മനസ്സ് ദുർബലമായിക്കൊണ്ടിരിക്കും.

ശരീരത്തെ എന്നപോലെ മനസ്സിനെയും കരുത്തോടെ പരിപാലിക്കേണ്ടതാണ്. രോഗാതുരമാകുന്ന മനസ്സിനെക്കുറിച്ച് പലതവണ വിശുദ്ധക്വുർആൻ പരാമർശിക്കുന്നുണ്ട്. മനസ്സിന്റെ രോഗങ്ങൾക്ക് വിശുദ്ധ ക്വുർആൻ ശമനമാകുന്നു: “സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ക്വുർആനിലൂടെ നാം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു...” (17:82).

അബൂഹുറയ്റ(റ) പറഞ്ഞു: “ഹൃദയം അവയങ്ങളുടെ രാജാവാകുന്നു. ശരീരാവയവങ്ങൾ രാജാവിന്റെ സൈന്യവുമാകുന്നു. രാജാവ് നന്നായാൽ പ്രജകളും നന്നായി. രാജാവ് നീചനായാൽ തന്റെ സൈന്യവും ചീത്തയായി” (മുസ്വന്നഫു അബ്ദുർറസാക്).

സംവേദനക്ഷമതയുള്ള പതിനായിരക്കണക്കിന് ന്യൂറോണുകൾ തലച്ചോറിലുണ്ടെന്നത് പതിറ്റാണ്ടുകൾക്കു മുമ്പ് ശാസ്ത്രം കണ്ടെത്തിയിട്ടുള്ളതാണ്. അത്തരം 40,000 ന്യൂറോണുകൾ ഹൃദയത്തിന്റെ നാഡീവ്യൂഹത്തിലുമുണ്ടെന്ന് ശാസ്ത്രം ഈയിടെ കണ്ടെത്തിയിരിക്കുന്നു. തലച്ചോർ ഹൃദയവുമായി സംവദിച്ചുകൊണ്ടിരിക്കുന്നുവെന്നും തലച്ചോറിൽ നിന്നുള്ളതിനെക്കാൾ 500 ഇരട്ടി ശക്തിയുള്ള വൈദ്യുത-കാന്തിക സന്ദേശങ്ങൾ ഹൃദയത്തിൽനിന്നും തലച്ചോറിലെത്തുന്നുണ്ടെന്നും ന്യൂറോ കാർഡിയോളജി എന്ന പുതിയ ശാസ്ത്രശാഖയിലെ പഠനത്തിൽ കണ്ടെത്തിയിരിക്കുന്നു. അല്ലാഹുവിന് കഴിയാത്തതായി യാതൊന്നുമില്ലല്ലോ.

വിശുദ്ധ ക്വുർആൻ പ്രഖ്യാപിക്കുന്നു: “അവൻ (അല്ലാഹു) പറഞ്ഞു: അങ്ങനെ തന്നെ. മുമ്പ് നീ യാതൊന്നുമല്ലാതിരുന്നപ്പോൾ നിന്നെ ഞാൻ സൃഷ്ടിച്ചിരിക്കെ, ഇത് എന്നെ സംബന്ധിച്ചിടത്തോളം ഒരു നിസ്സാര കാര്യം മാത്രമാണ് എന്ന് നിന്റെ രക്ഷിതാവ് പ്രഖ്യാപിച്ചിരിക്കുന്നു. അദ്ദേഹം (സകരിയ്യാ) പറഞ്ഞു: നീ എനിക്ക് ഒരു ദൃഷ്ടാന്തം ഏർപെടുത്തിത്തരേണമേ. അവൻ (അല്ലാഹു) പറഞ്ഞു: നിനക്കുള്ള ദൃഷ്ടാന്തം വൈകല്യമൊന്നും ഇല്ലാത്തവനായിരിക്കെത്തന്നെ ജനങ്ങളോട് മൂന്ന് രാത്രി (ദിവസം) നീ സംസാരിക്കാതിരിക്കലാകുന്നു” (19:9,10).

ദേഹേഛയിൽ നിന്നും മുളപൊട്ടുന്ന അധമവികാരങ്ങളെ ഈമാനിൽ അടിയുറച്ച ഇഛാശക്തികൊണ്ട് സ്വയം നിയന്ത്രിച്ച് മനസ്സാകുന്ന പൂന്തോട്ടത്തിൽ സദ്‌വികാരങ്ങളായ തക്വ്‌വയും നിഷ്‌കളങ്ക സ്‌നേഹവും കാരുണ്യവും സാഹോദര്യവും സഹാനുഭൂതിയും ക്ഷമയും സഹിഷ്ണുതയുമെല്ലാം നട്ടുവളർത്തുക. നന്മകൾ കൊണ്ടും തിന്മകൾകൊണ്ടും അല്ലാഹു നമ്മുടെ വിശ്വാസത്തെ നിരന്തരം പരീക്ഷിക്കുമെന്ന സത്യം എപ്പോഴും ഓർത്തുവെക്കുക.

സ്വന്തത്തിലോ, കുടുംബത്തിലോ, ബന്ധങ്ങളിലോ, നാട്ടിലോ എന്തെന്തു ദുരിതങ്ങളും ദുരന്തങ്ങളുമുണ്ടായാലും അതൊക്കെ സ്രഷ്ടാവിന്റെ നടപടികളാണെന്ന് നാം തിരിച്ചറിയണം.

‘ഞാൻ ദാസന്മാരോട് ഒട്ടും അനീതി കാണിക്കുന്നവനല്ലെന്ന്’ (50:29)അല്ലാഹു പ്രഖ്യാപിക്കുന്നുണ്ട്. ഓരോ ക്ലേശവും പ്രയാസവുമെല്ലാം നമ്മെ സ്വർഗത്തിലേക്കടുപ്പിക്കുന്ന പുണ്യങ്ങളായി രേഖപ്പെടുത്തുമെന്ന് പരമകാരുണികൻ നമുക്ക് ഉറപ്പുതന്നതാണ്. അതിന് അങ്ങേയറ്റം ക്ഷമിക്കാൻ നാം തയ്യാറാവണം. പരീക്ഷണങ്ങളും വേദനകളും പാപമോചനത്തിനുള്ള പാതയൊരുക്കുമെന്നും നാം മനസ്സിലാക്കണം.

അല്ലാഹുവിന് ഏറ്റവും പ്രിയങ്കരനായ നബി(സ്വ)യും അവിടുത്തെ പ്രിയപ്പെട്ട അനുചരന്മാരും കൊടിയ പീഡനങ്ങളും ക്രൂരമർദനങ്ങളും ക്ലേശങ്ങളും പട്ടിണിയുമെല്ലാം ക്ഷമയോടെ സഹിച്ചു ജീവിച്ചതിൽ നമുക്ക് മാതൃകയുണ്ട്.

‘തന്റെ ദാസന് അല്ലാഹു മതിയായവനല്ലയോ?’ (39:36) എന്ന സ്രഷ്ടാവിന്റെ ചോദ്യത്തിനുള്ള ഉത്തരമായിരുന്നു നബി(സ്വ)യുടെ മഹനീയജീവിതം. ഏറ്റവും മഹത്തരമായ മനുഷ്യജീവിതത്തിന്റെ മാതൃക (33:21) ലോകർക്ക് നൽകി സ്വർഗത്തിലേക്ക് നടന്നുപോയ പുണ്യപ്രവാചകൻ(സ്വ) നമുക്ക് പ്രചോദനമാവുന്നില്ലെങ്കിൽ...! ●

അബൂഇഹ്സാൻ ഉമരി

ലേഖനം

# റമദാനിൽ അവതരിച്ച അനുഗ്രഹം

**ലോ**കം വീർപ്പുമുട്ടുകയായിരുന്നു. സ്വതന്ത്ര്യത്തിനും മോചനത്തിനും വേണ്ടി കരയുകയായിരുന്നു. പലിശക്കു കടം വാങ്ങി അതു തിരിച്ചുനൽകാനാകാതെ ഭാരങ്ങൾക്കുമേൽ ഭാരങ്ങൾ പേറുന്നവർ. മക്കയുടെ തെരുവുകളിൽ മുതലാളിമാരുടെയും പ്രമാണിമാരുടെയും പിടിയിലമർന്ന് കണ്ണീരിൽ കുതിർന്ന സ്ത്രീരോദനങ്ങൾ. സ്വന്തം രക്തത്തിൽ പിറന്ന ജീവനെ അതേ അവസ്ഥയിൽ കുഴിച്ചു മൂടുമ്പോൾ കരുണയുടെ തെല്ലുപോലുമില്ലാത്ത നോട്ടങ്ങൾ. യുദ്ധങ്ങൾ, അക്രമങ്ങൾ, നുരയുന്ന ലഹരി ചഷകങ്ങൾ... എണ്ണിയാലൊടുങ്ങാത്ത തിന്മകളുടെ നിറകാലം. അതിനെക്കാളെല്ലാം ഗൗരവത്തോടെ ആളിപ്പടരുന്ന ശിർക്ക്. കഅ്ബാലയത്തിനുചുറ്റും തലയുയർത്തിനിൽക്കുന്ന വിഗ്രഹങ്ങൾ. സ്വഫായിലും മർവയിലും ഇസ്വാഫും നാഇലയും. ഔലിയാക്കളുടെ പേരിൽ ഉഴിഞ്ഞ് വെക്കപ്പെട്ട ഒട്ടകങ്ങൾ. മഹത്തുക്കൾക്ക് വേണ്ടി മാറ്റിവെക്കപ്പെട്ട കൃഷിസ്ഥലങ്ങൾ... എന്തുകൊണ്ടും എല്ലായിടത്തും ഇരുട്ട് മാത്രം. ശിർക്കിന്റെയും കുഫ്റിന്റെയും ചൂഷണങ്ങളുടെയും അക്രമങ്ങളുടെയും ഇരുട്ടുകൾ...!

അന്നൊരു റമദാനായിരുന്നു. ജിബ്രീൽ (അ) ഇറങ്ങിവന്നു; ദിവ്യഗ്രന്ഥത്തിന്റെ പ്രഥമ വചനങ്ങളുമായി. ഇരുപത്തിമൂന്ന് വർഷം ഇത് തുടർന്നു. മനുഷ്യർ അത്ഭുതപ്പെട്ടു; ജിന്നുകളും. സ്ത്രീകൾക്കും കുട്ടികൾക്കും അടിമകൾക്കും അനാഥർക്കും സന്തോഷമായി. കാരണം സ്വാതന്ത്ര്യത്തിന്റെ വാതിലുകൾ തുറക്കപ്പെട്ടിരിക്കുന്നു. തങ്ങളുടെ അവകാശങ്ങൾ ലഭിക്കുന്നു. തങ്ങളെ പരിഗണിക്കുന്നു. ലക്ഷ്യബോധമില്ലാതെ ജീവിച്ചിരുന്നവർക്ക് ജീവിതഗതി നിശ്ചയിക്കാൻ സാധിച്ചു. അതോടെ ജീവിതത്തിൽ സന്തോഷമായി. നന്മകളെ തിരിച്ചറിയലായി. സ്രഷ്ടാവിനു മുമ്പിൽ സർവം സമർപ്പിക്കലായി... ക്വുർആനിനെ അല്ലാഹു പരിചയപ്പെടുത്തിത്തരുന്നത് കാണുക:

"തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു. പരലോകത്തിൽ വിശ്വസിക്കാത്തവരാരോ അവർക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട് എന്നും (സന്തോഷവാർത്ത അറിയിക്കുന്നു)"(17: 9,10).

റമദാനുകൾ ആവർത്തിക്കുകയാണ്; വേദഗ്രന്ഥത്തിന്റെ അവതരണവും അതിലെ സന്ദേശങ്ങളും ഓർമപ്പെടുത്തിക്കൊണ്ട്. റമദാനിന്റെ പ്രത്യേകത എടുത്തു പറയുന്നതു തന്നെ ക്വുർആനിന്റെ അവതരണം പറഞ്ഞുകൊണ്ടാണ്:

"ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ. അതു കൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്. ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്.) നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും നിങ്ങൾക്ക് നേർവഴി കാണിച്ചുതന്നിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്വം നിങ്ങൾ പ്രകീർത്തിക്കുവാനും നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ (ഇങ്ങനെ കൽപിച്ചിട്ടുള്ളത്)" (2:185).

ജനങ്ങൾക്കുള്ള മാർഗദർശനമാണ് ക്വുർആൻ എന്ന് ഈ വചനത്തിന്റെ ആദ്യഭാഗത്തും നിങ്ങൾക്കു ഹിദായത്തുനൽകിയതിന്റെ പേരിൽ അല്ലാഹുവിനെ വാഴ്ത്തുവാനാണ് നോമ്പ് എന്ന് ശേഷവും അല്ലാഹു ബോധ്യപ്പെടുത്തുമ്പോൾ ക്വുർആനും റമദാനും തമ്മിലുള്ള ബന്ധം നമുക്ക് വ്യക്തമാവുകയാണ്.

ക്വുർആൻ പഠിക്കാനും മനസ്സിലാക്കാനും മറ്റു സമയങ്ങളെക്കാൾ ഉപരി ഉപയോഗപ്പെടുത്തേണ്ടത് റമദാനിനെയാണെന്നകാര്യത്തിൽ സംശയമില്ല. ജിബ്രീൽ (അ) ഓരോ റമദാനിലും വന്ന് ക്വുർആൻ കേൾപ്പിക്കാറുണ്ടായിരുന്നു. നബി(സ്വ) മരിക്കുന്നതിന്റെ മുമ്പുള്ള റമദാനിൽ രണ്ടുതവണയാണ് വന്നത്. ക്വുർആനുമായി അടുക്കാനും പരിചയം കൂട്ടുവാനും അതിലൂടെ അല്ലാഹുവിന്റെ തൃപ്തി നേടുവാനും ഉതകുന്ന മാസമാണ് റമദാൻ.

ഈ റമദാനിനെ നാം ഉപയോഗപ്പെടുത്തുക; ക്വുർആൻ ഓതാൻ, അർഥമറിയാൻ, ആശയം പഠിക്കാൻ, മനപ്പാഠമാക്കാൻ. ഇനി ഒരു റമദാൻ നമ്മുടെ ജീവിതത്തിൽ ആവർത്തിക്കുമോ എന്ന്പറയാൻ സാധിക്കുകയില്ല. ഉപയോഗപ്പെടുത്തിയവൻ വിജയിച്ചു. അല്ലാത്തവൻ തീരാനഷ്ടത്തിലാവുകയും ചെയ്തു.

ക്വുർആനിന്റെ തണലിൽ ജീവിക്കാൻ കഴിയുക എന്നത് വലിയൊരു അനുഗ്രഹമാണ്. അത് ആസ്വദിച്ചവനേ അത് തിരിച്ചറിയുകയുള്ളൂ. മനുഷ്യനോട് അല്ലാഹു സംസാരിക്കുകയാണ് ക്വുർആനിലൂടെ:

"നാം നിനക്ക് വേദഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നു എന്നതു തന്നെ അവർക്കു (തെളിവിന്) മതിയായിട്ടില്ലേ? അതവർക്ക് ഓതിക്കേൾപിക്കപ്പെട്ട് കൊണ്ടിരിക്കുന്നു. വിശ്വസിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും അതിൽ അനുഗ്രഹവും ഉൽബോധനവുമുണ്ട്(29:51).

മനുഷ്യന് ലഭിച്ച മഹാ അനുഗ്രഹമാണ് ക്വുർആൻ:

"പറയുക: അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും കാരുണ്യം കൊണ്ടുമാണത്. അതുകൊണ്ട് അവർ സന്തോഷിച്ചു കൊള്ളട്ടെ. അതാണ് അവർ സമ്പാദിച്ചു കൂട്ടിക്കൊണ്ടിരിക്കുന്നതിനെക്കാൾ ഉത്തമമായിട്ടുള്ളത്" (10:58).

മുൻഗാമികളായ സച്ചരിതർ ക്വുർആൻ ഓതിയും പഠിച്ചും ചർച്ച ചെയ്തും റമദാനുകളെ ധന്യമാക്കി. അത് അവരുടെ ജീവിതത്തിന്റെ വ്യത്യസ്ഥ മേഖലകളിൽ സാധ്വീനമുണ്ടാക്കി.

നിങ്ങളിൽ ഏറ്റവും നല്ലവൻ കുർആൻ പഠിച്ചവനും പഠിപ്പിച്ചവനുമാണെന്ന് നബി(സ്വ) പറഞ്ഞുവല്ലോ. നമ്മുടെ വീടുകളും പള്ളികളും ഈ ഒരാവശ്യത്തിനായി റമദാനിൽ നമുക്കുപയോഗപ്പെടുത്താം. വീട്ടിൽ ഗൃഹനാഥൻ ഓതിക്കൊടുക്കുന്നു. അല്ലെങ്കിൽ അതിന് പ്രാപ്തിയുള്ള മറ്റാരെങ്കിലും. കുട്ടികൾ ഏറ്റു ചൊല്ലുന്നു. അർഥം പറഞ്ഞു കൊടുക്കുന്നു. ചെറിയതോതിൽ ആശയവും വ്യക്തമാക്കിക്കൊടുക്കുന്നു. തജ്‌വീദിന്റെ ചെറുനിയമങ്ങൾ പലിപ്പിച്ച് കൊടുക്കുന്നു. റമദാനിലെ ഓരോദിവസത്തിലുമായി ഒരു നിശ്ചിത സമയം ഇതിനു വേണ്ടി ക്രമീകരിക്കണം. ഇതിനൊന്നും കഴിയില്ല എന്ന് പറയാൻ വരട്ടെ, ഓതിക്കൊടുക്കാനെങ്കിലും ഭൂരിപക്ഷത്തിനും സാധിക്കുമല്ലോ. റമദാൻ കഴിഞ്ഞാലും ചിലപ്പോൾ ഇത് നില നിർത്തിപ്പോകാൻ സാധിക്കും. വീടുകളിൽ മാത്രമല്ല. പള്ളികൾ കേന്ദ്രീകരിച്ചും ഇത്തരം കാര്യങ്ങളൊക്കെ ചെയ്യാൻ സാധിക്കും.

റമദാനിലെ അതിശ്രേഷ്ഠമായ രാവാണല്ലോ ലൈലത്തുൽ ക്വദ്ർ. അന്നു തന്നെയായിരുന്നു ക്വുർആനിന്റെ അവതരണവും:

"തീർച്ചയായും നാം ഇതിനെ (ക്വുർആനിനെ) നിർണയത്തിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു" (97:1). അനുഗൃഹീത രാത്രി എന്നും അല്ലാഹു അതിനെ പരിചയപ്പെടുത്തി: "തീർച്ചയായും നാം അതിനെ ഒരു അനുഗൃഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും നാം മുന്നറിയിപ്പ് നൽകുന്നവനാകുന്നു" (44:3).

മുൻവേദ ഗ്രന്ഥങ്ങളുടെയും അവതരണം റമദാനിൽ തന്നെയായിരുന്നു എന്ന് അറിയിക്കുന്ന നബിവചനങ്ങളും കാണാൻ സാധിക്കും. അന്തിമ വേദ ഗ്രന്ഥമാകുന്ന ക്വുർആനിന് റമദാനുമായുള്ള ബന്ധം കാരണത്താൽ മുൻഗാമികൾ റമദാനിൽ അതീവശ്രദ്ധ ക്വുർആനിന്റെ കാര്യത്തിൽ കാണിച്ചിരുന്നു. ഖതാദ(റ) ഓരോ ഏഴ് ദിവസങ്ങളിലും ക്വുർആൻ ഓതി പൂർത്തിയാക്കാറുണ്ടായിരുന്നു. എന്നാൽ റമദാൻ മാസമായാൽ ഓരോ മൂന്ന് ദിവസങ്ങളിൽ തന്നെ പൂർത്തിയാക്കാറുണ്ടായിരുന്നു. മുൻഗാമികൾ നമുക്ക് മാതൃകയാണ്.

ക്വുർആനിനെ ശ്രദ്ധിക്കാതിരിക്കലും പാരായണം ചെയ്യാതിരിക്കലും ഉറ്റാലോചന നടത്താതിരിക്കലുമെല്ലാം അതിനെതള്ളിക്കളയലാണ്. ക്വർആനുമായി ബന്ധമുള്ളവരാണ് അല്ലാഹുവിന്റെ സ്വന്തക്കാർ. ക്വുർആൻ പാരായണം പോലെത്തന്നെ വളരെ അനിവാര്യമായ ഒരു കാര്യമാണ് ആഴത്തിലേക്കിറങ്ങിച്ചെന്നു കൊണ്ടുള്ള പഠനവും. അല്ലാഹുവിനെ അറിയാനും പരലോകഭയം ഉണ്ടാകാനും ഇത് ഏറെ ഉപകരിക്കും. ക്വുർആൻ പാരായണത്തിനു വേണ്ടി മാത്രമുള്ളതല്ല:

"നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗൃഹീത ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചു നോക്കുന്നതിനും ബുദ്ധിമാൻമാർ ഉൽബുദ്ധരാകേണ്ടതിനും വേണ്ടി" (38 :29).

ക്വുർആൻ നമ്മോടെന്ത് പറയുന്നു എന്നുപോലും അറിയാത്ത ഒരു ജനതയായി നാം മാറരുത്. ഈ നിലക്ക് ക്വുർആനിനെ അറിയാനും പലിക്കാനുമുള്ള ഒരു വേദിയായും അല്ലെങ്കിൽ ഒരു തുടക്കമായും റമദാനിനെ ഉപയോഗപ്പെടുത്താൻ നമുക്ക് സാധിക്കണം. ക്വുർആൻ ഓതുമ്പോൾ നമ്മുടെ ഈമാനും തക്വ്‌വയും വർധിക്കേണ്ടതുണ്ട്. അങ്ങനെയാണല്ലോ നല്ല ആളുകൾ:

"അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ"(8: 2).

ഈ ഒരു അവസ്ഥ സാധ്യമാകണമെങ്കിൽ ആ നിലക്ക് നാം ക്വുർആനുമായി അടുത്തേ പറ്റൂ. അവസരങ്ങൾ അസുലഭാനുഗ്രഹങ്ങളാണ്. എപ്പോഴും നഷ്ടപ്പെടാം. അവസരങ്ങളെ ഉപയോഗപ്പെടുത്തുന്നവനാണ് ബുദ്ധിമാൻ. ഒരു ഉപകാരവുമില്ലാത്ത പലകാര്യങ്ങളിലും റമദാനിന്റെ ദിനരാത്രങ്ങളെ പലരും തുലച്ചുകളയാറുണ്ട്. അനാവശ്യമായി കറങ്ങി നടന്ന് സമയം നശിപ്പിക്കാറുണ്ട്.

നമ്മുടെ സഹോദരിമാർക്കും നാം അവസരങ്ങൾ നൽകണം. അവരും ക്വുർആൻ ഓതുകയും പഠിക്കുകയും ചെയ്യട്ടെ. ഭക്ഷണം പാകം ചെയ്യുന്നതിൽ മാത്രം മുഴുകി റമദാൻ മുഴുവൻ അടുക്കളയിൽ തളച്ചിടപ്പെടേണ്ടവരല്ല അവർ. ക്വുർആൻ മത്സര പരീക്ഷകൾ പോലുള്ളവയിൽ പങ്കെടുക്കാൻ സഹോദരിമാർക്കും പ്രത്യേക പ്രോത്സാഹനങ്ങൾ നൽകി ക്വുർആൻ പഠനത്തിലേക്ക് അവരെ നാം കൊണ്ടുവരേണ്ടതുണ്ട്. ഒരു വീട്ടിൽ ക്വുർആനുമായുള്ള ഉമ്മയുടെയും ഉപ്പയുടെയും അടുപ്പവും ബന്ധവുമാണ് മക്കൾക്ക് മാതൃകയാവുക എന്നുള്ളതും ഈ സന്ദർഭത്തിൽ നാം വിസ്മരിക്കരുത്. ●

ശമീർ നദ്‌വി, ബാലുശ്ശേരി

ലേഖനം

# ഉപജീവനത്തിലെ ഐശ്വര്യം

സമ്പത്ത് മനുഷ്യനിലനിൽപിന്റെ അടിസ്ഥാനമാണ്. വ്യക്തിയുടെ സുരക്ഷയും ആവശ്യങ്ങളും നിറവേറ്റപ്പെടുന്നത് സാമ്പത്തിക ഭദ്രത കൈവരിക്കുമ്പോഴാണ്. തനിക്ക് വേണ്ട ഉപജീവനം തേടുവാനും രക്ഷാമാർഗങ്ങൾ അന്വേഷിക്കുവാനും മനുഷ്യനോട് അല്ലാഹു ആവശ്യപ്പെടുന്നു. വിഭവസമ്പാദനത്തിനായി അവൻ വൈവിധ്യമാർന്ന വഴികൾ ഒരുക്കിവെച്ചു. സമ്പത്ത് നിലനിൽപിന്റെ ആധാരമാണെന്നും അതിന്റെ ക്രയവിക്രയങ്ങൾ ബുദ്ധിപരമായി നിർവഹിക്കേണ്ടതാണെന്നും അവൻ നമുക്ക് മുന്നറിയിപ്പ് നൽകി. ക്വുർആൻ പറയുന്നു:

"അല്ലാഹു നിങ്ങളുടെ നിലനിൽപിനുള്ള മാർഗമായി നിശ്ചയിച്ച് തന്നിട്ടുള്ള നിങ്ങളുടെ സ്വത്തുക്കൾ നിങ്ങൾ വിവേകമില്ലാത്തവർക്ക് വിട്ടുകൊടുക്കരുത്" (4:5).

ഉപജീവനത്തിൽ വർധനവുണ്ടാകാനും ഐശ്വര്യം നിറഞ്ഞതാവാനുമുള്ള വിവിധ മാർഗങ്ങൾ ഇസ്‌ലാം നമുക്ക് വിവരിച്ച് തരുന്നുണ്ട്:

**പശ്ചാത്താപവും പാപമോചനം തേടലും**

ഉപജീവനമാർഗത്തിൽ വിശാലതയും വർധനവും ലഭിക്കുവാനുള്ള കാരണങ്ങളിൽ ഒന്നാണ് ഇസ്തിഗ്ഫാർ (പാപമോചനം തേടൽ). പാപമോചനം തേടൽ ഏറ്റവും ശ്രേഷ്ഠമായ കാര്യമാണ്. ക്വുർആനും സുന്നത്തും അത് നമുക്ക് പഠിപ്പിച്ച് തരുന്നു. നൂഹ് നബി(അ) പറഞ്ഞതായി ക്വുർആൻ അറിയിക്കുന്നു:

"അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു. അവൻ നിങ്ങൾക്കു മഴ സമൃദ്ധമായി അയച്ചുതരും. സ്വത്തുക്കളും സന്താനങ്ങളും കൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കുകയും നിങ്ങൾക്കവൻ തോട്ടങ്ങൾ ഉണ്ടാക്കിത്തരികയും അരുവികൾ ഉണ്ടാക്കിത്തരികയും ചെയ്യും" (നൂഹ്: 10-12).

ഹൃദയമറിഞ്ഞുള്ള പശ്ചാത്താപമാണ് വേണ്ടത്. പലരും തിന്മയിൽനിന്ന് പൂർണമായും വിരമിക്കുന്നില്ല. വിരമിച്ചാൽതന്നെ കഴിഞ്ഞുപോയതിനെ ഓർത്ത് ഖേദിക്കുന്നുമില്ല. ചിലപ്പോൾ അത്തരം ഒരവസരം വീണ്ടും ലഭിച്ചിരുന്നുവെങ്കിൽ എന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ട് തന്നെ വീണ്ടും ആ തിന്മയിലേക്ക് മടങ്ങുകയില്ല എന്ന ശക്തമായ തീരുമാനമെടുക്കുന്നതിൽ അവർ പരാജയപ്പെട്ടുപോകുന്നു.

ഈ സൂക്തത്തെ വ്യാഖ്യാനിച്ചുകൊണ്ട് ഇമാം ഇബ്നു കഥീർ(റഹി) പറയുന്നു: "നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും പാപമോചനം തേടുകയും അവനെ അനുസരിക്കുകയും ചെയ്താൽ അവൻ നിങ്ങൾക്ക് ഉപജീവനം വർധിപ്പിക്കും. മഴ സമൃദ്ധമായി ലഭിക്കും. ഭൂമിയിൽ വിഭവങ്ങൾ മുളക്കും. കൃഷിയിൽ ഐശ്വര്യം കൈവരും. കന്നുകാലികളുടെ അകിട് പാൽകൊണ്ട് സമൃദ്ധമാകും. സമ്പത്തിലും സന്താനങ്ങളിലും വർധനവ് ഉണ്ടാവും. നിങ്ങൾക്ക് വൈവിധ്യമാർന്ന തോട്ടങ്ങളും വിഭിന്നങ്ങളായ ഫലങ്ങളും ലഭിക്കും. അവക്കിടയിലൂടെ ഒഴുകുന്ന പുഴകളും അവൻ നൽകും" (തഫ്സീർ ഇബ്നു കഥീർ).

ഒരാൾ ഇമാം ഹസനുൽ ബസ്വരി(റഹി)യുടെ അടുത്ത് വന്ന് വരൾച്ചയെയും ക്ഷാമത്തെയും കുറിച്ച് ആവലാതി പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: നീ പാപമോചനം തേടുക. മറ്റൊരാൾ ദാരിദ്ര്യത്തെക്കുറിച്ച് ആവലാതിപ്പെട്ടു. അവനോടും പാപമോചനം തേടാൻ ആവശ്യപ്പെട്ടു. മറ്റൊരാൾ സന്താനം ഇല്ലാത്തതിനെപ്പറ്റി പറഞ്ഞു. അവനോടും പാപമോചനം തേടാൻ ആവശ്യപ്പെട്ടു. മറ്റൊരാൾ കൃഷി നശിച്ചതിനെപ്പറ്റി പറഞ്ഞു. അവനോടും പാപമോചനം തേടാൻ ആവശ്യപ്പെട്ടു. ഈ മറുപടികളെല്ലാം കേട്ടുകൊണ്ടിരുന്ന റബീഅ് ബ്നു സ്വാബിഹ് എന്നയാൾ അദ്ദേഹത്തോട് ചോദിച്ചു: "വ്യത്യസ്ത ആവശ്യങ്ങളുമായി വന്നവർക്കെല്ലാം താങ്കൾ 'പാപമോചനം തേടുക' എന്ന ഒരേയൊരു മറുപടിയാണല്ലോ നൽകിയത്." അപ്പോൾ ഹസനുൽ ബസ്വരി(റ) പറഞ്ഞു: "ഞാൻ എന്റെ വകയായി ഒന്നും പറഞ്ഞിട്ടില്ല. അല്ലാഹു സൂറഃ നൂഹിൽ പറയുന്നു: 'തീർച്ചയായും പാപമോചനം തേടുന്നത് വർധിപ്പിക്കുന്നവർക്ക് അല്ലാഹു അവരുടെ മനോവിഷമം അകറ്റുകയും, അവർക്ക് റിസ്ഖ്(ഉപജീവനം) വർധിപ്പിക്കുകയും ചെയ്യും.

**സൂക്ഷ്മത**

ഉപജീവനത്തിൽ വർധനവും ഐശ്വര്യവും ലഭിക്കുവാനുള്ള മറ്റൊരു മാർഗം സൂക്ഷ്മത(തക്‌വ)യാണ്. ഒരു അടിമ സ്രഷ്ടാവിന്റെ കൽപനകൾ അനുസരിച്ചും വിരോധിച്ചവയിൽനിന്ന് വിട്ടുനിന്നുകൊണ്ടുമുള്ള ജീവിതമാണ് തക്‌വ കൊ

ണ്ട് വിവക്ഷിക്കുന്നത്. അവൻ അല്ലാഹുവിന്റെ ശിക്ഷയെയും കോപത്തെയും ഭയക്കുന്നവനാണ്. അതുകൊണ്ട് അവൻ തിന്മകളിൽ അകപ്പെടാതിരിക്കാൻ സൂക്ഷ്മത പാലിക്കുന്നവനും നന്മകൾ ചെയ്യാൻ മത്സരിക്കുന്നവനുമായിരിക്കും.

തക്വയിൽ ജീവിക്കുന്നവന് അല്ലാഹു ഉപജീവിനത്തിൽ സമൃദ്ധിയും ഐശ്വര്യവും നൽകും. അല്ലാഹു പറയുന്നു: "അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവനൊരു പോംവഴി ഉണ്ടാക്കിക്കൊടുക്കുകയും അവൻ കണക്കാക്കാത്തവിധത്തിൽ അവന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്" (അത്ത്വലാക്വ്: 2).

"ആ നാടുകളിലുള്ളവർ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ ആകാശത്തു നിന്നും ഭൂമിയിൽനിന്നും നാം അവർക്ക് അനുഗ്രഹങ്ങൾ തുറന്നുകൊടുക്കുമായിരുന്നു. പക്ഷേ, അവർ നിഷേധിച്ചുതള്ളുകയാണ് ചെയ്യുന്നത്. അപ്പോൾ അവർ ചെയ്ത് വെച്ചിരുന്നതിന്റെ ഫലമായി നാം അവരെ പിടികൂടി" (അൽഅഅ്റാഫ്:96).

"തൗറാത്തും ഇഞ്ചിലും അവർക്ക് അവരുടെ രക്ഷിതാവിൽനിന്ന് അവതരിക്കപ്പെട്ട സന്ദേശങ്ങളും അവർ നേരാംവണ്ണം നിലനിർത്തിയിരുന്നെങ്കിൽ തങ്ങളുടെ മുകൾഭാഗത്തുനിന്നും കാലുകൾക്കു ചുവട്ടിൽനിന്നും അവർക്ക് ആഹാരം ലഭിക്കുമായിരുന്നു. അവരിൽതന്നെ മിതത്വം പാലിക്കുന്ന ഒരു സമൂഹമുണ്ട്. എന്നാൽ അവരിൽ അധികപേരുടേയും പ്രവർത്തനങ്ങൾ വളരെ ചീത്ത തന്നെ" (അൽമാഇദ: 66).

ആഹാരം ലഭിക്കുവാനുള്ള മാർഗംകൂടിയാണ് അല്ലാഹുവിന്റെ സന്ദേശങ്ങൾ ജീവിതത്തിൽ പകർത്തുക എന്നർഥം.

**അല്ലാഹുവിൽ ഭരമേൽപിക്കൽ**

ഉപജീവനം സമൃദ്ധമാകാനുള്ള മറ്റൊരു കാര്യം അല്ലാഹുവിൽ ഭരമേൽപിക്കൽ (തവക്കുൽ) ആകുന്നു. നബി(സ) പറഞ്ഞു: "നിങ്ങൾ അല്ലാഹുവിൽ ഭരമേൽപിക്കേണ്ട മുറപ്രകാരം ഭരമേൽപിച്ചാൽ പക്ഷികൾക്ക് അന്നം ലഭിക്കുന്നതു പോലെ നിങ്ങൾക്കും അന്നം ലഭിക്കും. അവർ പ്രഭാതത്തിൽ വയറൊട്ടിയനിലയിൽ പോകുന്നു. പ്രദോഷത്തിൽ വയറ് നിറഞ്ഞവരായി മടങ്ങിവരുന്നു." (തിർമിദി).

"ഭൂമിയിൽ യാതൊരു ജീവിയും അതിന്റെ ഉപജീവനം അല്ലാഹു ബാധ്യത ഏറ്റെടുത്തതായിട്ടല്ലാതെയില്ല. അവയുടെ താമസസ്ഥലവും സൂക്ഷിപ്പുസ്ഥലവും അവൻ അറിയുന്നു. എല്ലാം സ്പഷ്ടമായ ഒരു രേഖയിലുണ്ട്" (ഹൂദ്: 6).

**ആരാധനകളിൽ മുഴുകുക**

ഉപജീവനം ഐശ്വര്യപൂർണമാവാനുള്ള പ്രധാന കാരണങ്ങളിൽ ഒന്നാണ് ആരാധനകളിൽ മുഴുകുക എന്നത്. അല്ലാഹു പറഞ്ഞുതായി നബി(സ) പറയുന്നു: "ഹേ ആദമിന്റെ മകനേ, നീ എന്നെ ആരാധിക്കുന്നതിൽ മുഴുകുക. എന്നാൽ നിന്റെ ഹൃദയത്തിൽ ഞാൻ ഐശ്വര്യം നിറക്കും. നിന്റെ ദാരിദ്ര്യം ഞാൻ തടുക്കും. നീ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ നിന്റെ മുമ്പിൽ ഞാൻ ജോലിത്തിരക്ക് നിറക്കും. നിന്റെ ദാരിദ്ര്യം ഞാൻ തടയുകയും ഇല്ല."(തിർമിദി, ഇബ്നുമാജ).

മനഃസാന്നിധ്യമുള്ള, ഭയഭക്തിയോടെയുള്ള നമസ്കാരവും ഭൗതികപ്രതീക്ഷകൾ ഇല്ലാതെയുള്ള ദാനധർമങ്ങളും വിജയത്തിന് അനിവാര്യമാണ്. 'സമയമില്ല', 'ബിസിയാണ്' തുടങ്ങിയ കാരണങ്ങൾ നിരത്തിയാണ് പലരും ആരാധനകളിൽ നിന്ന് അകന്നു നിൽക്കുന്നത്.

**കുടുംബബന്ധം പുലർത്തൽ**

കുടുംബബന്ധം പുലർത്തൽ ഉപജീവനം വർധിക്കുവാൻ ഇടയാക്കുന്ന കാര്യമാണ്. നബി(സ) പറഞ്ഞു: "തന്റെ ഉപജീവനത്തിൽ വിശാലതയും ആയുസ്സിൽ ദൈർഘ്യവും ആരെയെങ്കിലും സന്തോഷിപ്പിക്കുന്നുവെങ്കിൽ അവൻ കുടുംബബന്ധം പുലർത്തട്ടെ" (ബുഖാരി, മുസ്ലിം).

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: 'നിങ്ങളുടെ കുടുംബത്തെക്കുറിച്ച് അറിയുവിൻ. നിങ്ങൾ കുടുംബബന്ധം ചേർക്കുകയും ചെയ്യുവിൻ. തീർച്ചയായും കുടുംബബന്ധം ചേർക്കൽ വീട്ടുകാർക്കിടയിൽ സ്നേഹം വർധിപ്പിക്കും, ആയുസ്സ് വർധിപ്പിക്കുകയും ചെയ്യും."

കുടുംബ ബന്ധം ചേർക്കുവാനും അത് നിലനിർത്തുവാനുമുള്ള ഇസ്ലാമിന്റെ നിർദേശങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. സാമ്പത്തികമായ നഷ്ടം ഭയപ്പെട്ടുകൊണ്ടാണ് കുടുംബബന്ധം ചേർക്കാൻ പലരും മടികാണിക്കുന്നത്.

**അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കൽ**

അല്ലാഹു പറയുന്നു: 'നീ പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് തന്റെ ദാസന്മാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലമാക്കുകയും താൻ ഉദ്ദേശിക്കുന്നവർക്ക് ഇടുങ്ങിയതാക്കുകയും ചെയ്യുന്നതാണ്. നിങ്ങൾ എന്തൊക്കെ ചെലവഴിച്ചാലും അവൻ പകരം നൽകുന്നതാണ്. അവൻ ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനത്രെ" (അസ്സബഅ്: 39).

നബി(സ) പറയുന്നു: "പരിശുദ്ധനായ അല്ലാഹു പറഞ്ഞു: 'ഹേ ആദംസന്തതികളേ, നിങ്ങൾ ചെലവഴിക്കുക. എന്നാൽ നിങ്ങളുടെമേൽ നാം ചെലവഴിക്കും" (മുസ്ലിം).

റസൂൽ(സ) ബിലാൽ(റ)വിനെ ഉപദേശിക്കുന്നു: "ബിലാൽ! നീ ചെലവഴിക്കുക, അർശിന്റെ ഉടമയിൽ നിന്ന് ഇല്ലായ്മയെ നീ ഭയപ്പെടരുത്" (അഹ്മദ്).

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽ നിന്നും ഭൂമിയിൽ നിന്ന് നിങ്ങൾക്ക് നാം ഉദ്പാദിപ്പിച്ചുതന്നതിൽ നിന്നും നിങ്ങൾ ചെലവഴിക്കുവിൻ..." (അൽബക്വറ: 267,268).

അശ്‌റഫ് എകരൂൽ

ഇസ്‌ലാമിക് പാരന്റിംഗ്: 20

# ക്വുർആൻ പഠനവും കുട്ടികളും

**കു**ട്ടികളിൽ വിശ്വാസം ഊട്ടിയുറപ്പിക്കുകയും വളർച്ച സാധ്യമാക്കുകയും ചെയ്യുന്ന ഘടകങ്ങളെ കുറിച്ചാണ് നാം പറഞ്ഞുവന്നത്. അതിന്റെ മറ്റ് രണ്ടു ഇനങ്ങൾ കൂടി നമുക്ക് പഠന വിധേയമാക്കാം.

കുട്ടികൾക്ക് വിശുദ്ധ ക്വുർആൻ പഠിപ്പിക്കുക: വിശ്വാസ വളർച്ച സാധ്യമാക്കുകയാണ് ക്വുർആൻ വചനങ്ങളുടെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്ന്. അല്ലാഹു പറയുന്നു: '...അവർക്ക് അല്ലാഹുവിന്റെ വചനങ്ങൾ ഓതിക്കേൾപിക്കപ്പെട്ടാൽ അവരുടെ വിശ്വാസം വർധിക്കും...' (8:2).

മനുഷ്യ ഹൃദയങ്ങളെ നിഷേധത്തിന്റെയും അന്ധവിശ്വാസത്തിന്റെയും മാലിന്യങ്ങളിൽ നിന്ന് വൃത്തിയാക്കുന്ന, ദിവ്യപ്രകാശമായി അവതരിച്ച അല്ലാഹുവിന്റെ വചനങ്ങൾ, കുട്ടികളുടെ ഹൃദയങ്ങൾക്കും വെളിച്ചമാണെന്നതിൽ സംശയമില്ല. കുട്ടികൾ ക്വുർആനിൽ നിന്ന് (കേട്ടു)പഠനം ആരംഭിക്കണം. പഠിക്കാൻ എളുപ്പമുള്ളതും എല്ലാവരും പഠിക്കാൻ തുടങ്ങുന്നതുമായ ക്വുർആനിന്റെ അവസാനഭാഗ അധ്യായങ്ങൾ ചെറിയവയാണ്. അവയിലധികവും സ്രഷ്ടാവിന്റെ അസ്തിത്വത്തെ സ്ഥാപിക്കുന്നതും അവന്റെ ഏകത്വത്തെ ബോധ്യപ്പെടുത്തുന്നതും അതിന്റെ തെളിവുകൾ വെളിപ്പെടുത്തുന്നതുമാണ്.

ക്വുർആനിന്റെ പാരായണവും പഠനവും നടക്കുന്നോതോടൊപ്പം പതിയെ അതിന്റെ സാരാംശങ്ങൾ കൂടി കുട്ടികളുടേതായ ബൗദ്ധിക നിലവാരത്തിൽ ലഭ്യമാകും വിധമുള്ള പാഠ്യപദ്ധതികൾ നമുക്കുണ്ടാവേണ്ടതുണ്ട്. കുട്ടികൾക്കു മതപഠനത്തിന്നായ് നാം തയ്യാറാക്കിയ പാഠ്യ പദ്ധതികളിൽ അധികവും (ക്വുർആൻ പഠന വിഭാഗത്തിൽ) പാരായണവും മനനവുമാണ് മുന്നിൽ കാണുന്നത്. മറ്റു വിഷയങ്ങൾ പഠിപ്പിക്കുന്നതിനിടയിൽ തെളിവുകളായി മാത്രം ക്വുർആൻ വചനങ്ങൾ കൊണ്ടുവരികയെന്ന രീതിക്കപ്പുറം ക്വുർആൻ ആശയങ്ങളെയും അവതരണ ശൈലിയെയും കുഞ്ഞുപ്രായത്തിൽ തന്നെ പരിചയപ്പെടുത്തുന്ന രീതിയിലുള്ള പാഠ്യ പദ്ധതികളുടെ അഭാവം പ്രകടമാണ്. എന്നാൽ ലോകത്തിന്റെ പല ഭാഗങ്ങളിലും കുട്ടികൾക്കുള്ള മത പഠനത്തിന്റെ ഭാഗമായി പാരായണവും മനഃപാഠവും മുഖ്യമായി കാണുന്നതോടൊപ്പം ആശയ പഠനം സിലബസ്സിൽ ഉൾപെടുത്തിയതായി കാണാൻ കഴിയും. ചിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇക്‌റഅ് എഡ്യൂക്കേഷണൽ ഫൗണ്ടേഷന്റെ സ്‌കൂൾ പഠന സിലബസ്സുകളിൽ സബ് ജൂനിയർ പ്രായം മുതൽ സെക്കണ്ടറി തലം വരെയുള്ള വ്യത്യസ്ത ഇസ്‌ലാമിക പഠന സീരീസുകളിൽ ഇത്തരം പുസ്തകങ്ങളും പാഠ്യ പദ്ധതികളും നമുക്ക് കാണാം.

അല്ലാഹുവിന്റെ ഗ്രന്ഥം അതിന്റെ പ്രഥമ ഉറവിടത്തിൽ നിന്ന് തന്നെ ഉൾക്കൊള്ളാൻ പറ്റുന്ന രീതി പരിചയിക്കുന്നതിലൂടെ ക്വുർആനിന്റെ സ്വാധീനം കുട്ടികളിൽ ഉണ്ടാകും. ക്വുർആൻ സാരങ്ങളുടെ ഗ്രാഹ്യത ഏതൊരാൾക്കും പ്രാപ്യമാണെന്ന ഒരു പൊതുബോധം ഹൃദയത്തിൽ നിലനിൽക്കാനും ഇത് സഹായകമാണ്. 'അണ്ടർസ്റ്റാന്റിംഗ് ക്വുർആൻ' പദ്ധതിയുമായി രംഗത്ത് വന്ന ഹൈദരാബാദിലുള്ള ഡോ. അബ്ദുൽ അസീസ് മുന്നോട്ട് വെച്ച ഒരാശയമുണ്ടായിരുന്നു. ലോകത്തിലുള്ള എല്ലാ മുസ്‌ലിം വിദ്യാർഥികൾക്കും പ്ലസ്ടു പൂർത്തിയാകുമ്പോഴേക്കും ക്വുർആനിന്റെ ആശയം ഒരാവർത്തി പൂർത്തിയായി മനസ്സിലാക്കാൻ കഴിയും വിധമുള്ള ഒരു പാഠ്യ പദ്ധതി മുസ്‌ലിം ലോകത്തിനു ആവശ്യമല്ലേ എന്നതായിരുന്നു അത്. ഇസ്‌ലാമിക സ്‌കൂളുകളിലൂടെയും അതില്ലാത്തിടത്തു സമാന്തര സംവിധാനങ്ങളിലൂടെയും അത് സാധ്യമാക്കാൻ കഴിയുമോ എന്ന് ഈ രംഗത്ത് പണിയെടുക്കുന്നവർക്ക് ചിന്തിക്കാവുന്നതാണ്. ഏകദേശം എല്ലാ മാനവിക വിജ്ഞാനങ്ങളുടെയും ഒരു പ്രാഥമിക പരിജ്ഞാനം ലഭ്യമാകാൻ സ്‌കൂൾ പഠന കാലം കഴിയുന്ന വിദ്യാർഥിക്ക് ക്വുർആനിനെ ഒരാവർത്തിയിങ്കിലും പ്രാഥമികമായി പരിചയപ്പെടാൻ അവസരമുണ്ടാവേണ്ടതുണ്ട്.

ഏതായാലും മാതാപിതാക്കളുടെ ശ്രദ്ധ പതിയേണ്ട ഒന്നാണ് കുട്ടികളുടെ ക്വുർആൻ പഠനം. മനനവും പാരായണവും ആശയ ബോധ്യവും എല്ലാം അതിന്റേതായ അളവിൽ അതാത് പ്രായത്തിൽ ലഭ്യമാക്കുകയെന്ന ഉത്തരവാദിത്തം നാം മറന്നുകൂടാ. മാ

ത്രവുമല്ല നൽകാവുന്നതിൽ വെച്ച് ഏറ്റവും നല്ല അറിവുകളിൽ പ്രഥമ സ്ഥാനത്ത് നിർത്തേണ്ടതും ക്വുർആൻ തന്നെ. 'നിങ്ങളിൽ ഏറ്റവും ഉത്തമൻ ക്വുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണന്ന്' (ബുഖാരി) നബി വചനത്തിന്റെ വൃത്തത്തിൽ നിന്ന് കുട്ടികൾ പുറത്തല്ലല്ലോ. മക്കളുടെ ക്വുർആൻ പഠനത്തിൽ ശ്രദ്ധിച്ച മാതാപിതാക്കളെ പരലോകത്തു കാത്തിരിക്കുന്ന ആദരവും പ്രതിഫലവും എന്താണെന്ന് കൂടി ഒരു വിശ്വാസി അറിഞ്ഞാൽ ക്വുർആൻ പഠനം ഒരു 'അഡീഷണൽ' ചടങ്ങായി കാണാൻ കഴിയില്ല. നബി(സ്വ) പറഞ്ഞു: "ഒരാൾ ക്വുർആൻ പഠിക്കുകയും പഠിപ്പിക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്താൽ അവന്റെ മാതാപിതാക്കൾക്കു നാളെ പരലോകത്തു അല്ലാഹു പ്രകാശത്തിന്റെ ഒരു കിരീടം അണയിക്കും. അതിന്നു സൂര്യന്റെ പ്രകാശത്തെക്കാൾ വെളിച്ചമുണ്ടാകും" (അബൂദാവൂദ്).

ചെറിയ പ്രായം മുതൽ തന്നെ കുട്ടികൾ ചൊല്ലിപ്പഠിച്ചു തുടങ്ങുന്ന അധ്യായങ്ങളുടെയും സൂക്തങ്ങളുടെയും ചെറിയ വിവരണം അവർക്ക് നൽകിയാൽ അത് എന്നും അവരുടെ ഓർമയിലുണ്ടാവും. ഉദാഹരണത്തിന് സൂറഃ അൽ ഫീൽ മനപ്പാഠമാക്കുന്ന കുട്ടിക്ക് അതോടൊപ്പം ആനക്കലഹ സംഭവത്തിന്റെ കഥ പറഞ്ഞു കൊടുത്താൽ ജീവിതത്തിലെവിടെ വെച്ചും 'ഫീൽ' അധ്യായം ഓതുകയോ കേൾക്കുകയോ ചെയ്താൽ സ്വാഭാവികമായും ആ സംഭവം മനോമുകരത്തിൽ ഓടിയെത്തും. അത് പോലെ സൂറഃ അൽ മസദ് പഠിക്കുന്ന തുടക്കക്കാലത്ത് തന്നെ അബൂലഹബ് നബിയെ കയ്യേറ്റം ചെയ്ത കഥ പറഞ്ഞു കൊടുത്താൽ നബി(സ്വ)യുടെ പരസ്യ പ്രബോധനത്തിന്റെ തുടക്കത്തിന്റെ ഒരു ചിത്രം മനസ്സിൽ മായാതെ കിടക്കും. അതാണ് ക്വുർആനിന്റെ ശക്തിയും സ്വാധീനവും. ക്വുർആൻ മനഃപാഠമാക്കാൻ ഏറ്റവും അനുയോജ്യമായത് കുട്ടിപ്രായമാണ്. മനഃപാഠമാക്കുന്നതിൽ മികവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രത്യേകം നാം ഇതിന്നായി സജ്ജമാകേണ്ടതുണ്ട്.

അഞ്ച്:വിശ്വാസത്തിൽ ഉറച്ചു നിൽക്കാനും ആ മാർഗത്തിൽ ത്യാഗം സഹിക്കാനും ശീലിപ്പിക്കുക.

ഏതൊരു മനുഷ്യനും അവന്റെ വിശ്വാസ സംരക്ഷണത്തിന്റെ മാർഗത്തിൽ ക്ഷമയും ത്യാഗവും പുലർത്തേണ്ടി വരും തോറും അത് അവന്റെ വിശ്വാസത്തിന്റെ ശക്തിയും ചൈതന്യവും വർധിപ്പിക്കും. ഇന്നത്തെ വിശ്വാസികളായ കുട്ടികൾ ഈ രംഗത്ത് വലിയ പ്രതിസന്ധികൾ പലപ്പോഴും നേരിടുന്നവരാണ്. തന്റെ വിശ്വാസത്തെ മലിനീകരിക്കാനും സംസ്കാരത്തെ അവമതിക്കാനും ആസൂത്രിതമായ നീക്കം ചുറ്റിലും ഇന്ന് മനപ്പൂർവം സൃഷ്ടിക്കപ്പെടുന്നുണ്ട്. ഇസ്‌ലാമിക ചിഹ്നങ്ങളും വിശ്വാസങ്ങളും ഇളംതലമുറകളിൽ നിന്ന് ഊരിയെടുക്കുകയാണ് ഏറ്റവും വലിയ വിദ്യാഭ്യാസ സേവനമെന്നു കരുതുന്ന ചിലരെങ്കിലും കലാലയങ്ങളുടെ നടുമുറ്റത്തിലുണ്ടെന്ന് സമീപ കാല അനുഭവങ്ങൾ നമ്മോടു വിളിച്ചു പറയുന്നുണ്ട്. പലപ്പോഴും മനപ്പൂർവമല്ലാതെയും ഇത് സംഭവിക്കാറുണ്ട്. സിലബസിന്റെ ഭാഗമായും മറ്റും പഠിപ്പിക്കപ്പെടുന്ന പലതിലും ഇസ്‌ലാമിന്റെ ഏകദൈവ വിശ്വാസത്തിനെ നിരാകരിക്കുന്നതോ പരിക്കേൽപിക്കുന്നതോ ആയ പല ഭാഗങ്ങളും ഉണ്ടാവാറുണ്ട്. പഠിപ്പിക്കുന്ന അധ്യാപകർ പലപ്പോഴും അതിന്റെ ഗൗരവം ഓർത്തുകൊള്ളണമെന്നില്ല.

**വസ്ത്രമുരിഞ്ഞാൽ മാത്രം പങ്കാളിത്തം കിട്ടുന്ന മത്സരങ്ങളുടെ വിജയ സാധ്യതകളെക്കാൾ മൂല്യവത്തായി വിശ്വാസത്തെ കാണാനും അതിന്റെ മാർഗത്തിൽ വിലപ്പെട്ടത് പലതും ത്യജിക്കേണ്ടിവന്നാൽ മനഃക്ലേശം തോന്നാത്ത ഹൃദയത്തിന്റെ ഉടമയാകാൻ നമ്മുടെ മക്കൾക്ക് നാം ശീലവും ധൈര്യവും നൽകണം. 'കുട്ടികളല്ലേ, അത് വലിയ കാര്യമാക്കേണ്ടതില്ലെ'ന്ന നിലപാട് വിശ്വാസികളുടെ ഭാഗത്തു നിന്ന് ഉണ്ടായിക്കൂടാത്തതാണ്. ഇസ്‌ലാമിക ചരിത്രങ്ങളിൽ അതിന്റെ മാതൃകകൾ ധാരാളം ഉണ്ട്.**

ഇവിടെ രക്ഷിതാക്കളുടെയും സ്ഥാപന നടത്തിപ്പുകാരുടെയും ശ്രദ്ധയാണ് ആവശ്യം. ഒരിക്കൽ ഒരു പള്ളിക്കമ്മറ്റിയുടെ കീഴിൽ നടക്കുന്ന നഴ്സറിയുടെ പരിസരത്തു നിൽക്കുന്ന നേരത്ത് ക്ലാസ്സിലെ കുട്ടികളെ ടീച്ചർ മലയാളം കവിത ചൊല്ലിപ്പഠിപ്പിക്കുന്നത് കേൾക്കാൻ ഇടവന്നു. ഒന്ന് രണ്ടു കുട്ടികളൊഴിച്ചാൽ ബാക്കി എല്ലാവരും മുസ്‌ലിം കുട്ടികൾ. 'അമ്മയാണ് ദൈവം, അച്ഛനാണ് ദൈവം...' എന്ന് ടീച്ചർ ഈണത്തിൽ ചൊല്ലിക്കൊടുക്കുന്നു. കുട്ടികൾ ഏറ്റു ചൊല്ലുന്നു. സ്ഥാപന നടത്തിപ്പുകാർ തെരഞ്ഞെടുത്തു നൽകിയ ടെക്സ്റ്റ് ബുക്കിലെ വരികൾ മാത്രമാണത്. എനിക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്ന ഒരു ഇടമായതിനാൽ ഞാൻ ഉടൻ ടീച്ചറെ അത് മാന്യമായ നിലയിൽ ബോധ്യപ്പെടുത്തി. അപ്പോൾ മാത്രമാണ് അവർക്ക് അതിന്റെ ഗൗരവം തിരിഞ്ഞത്. ഇത് പോലെ തിരുത്താനും തിരുത്തിക്കാനും അവസരമുള്ളിടത്തു കാര്യങ്ങൾ എളുപ്പമാണ്. എന്നാൽ അല്ലാത്തിടങ്ങളിൽ വിശ്വാസത്തിൽ വിട്ടുവീഴ്ച ചെയ്യാതിരിക്കാൻ കുട്ടികളെ ശീലിപ്പിക്കേണ്ടതുണ്ട്.

വസ്ത്രമുരിഞ്ഞാൽ മാത്രം പങ്കാളിത്തം കിട്ടുന്ന മത്സരങ്ങളുടെ വിജയ സാധ്യതകളെക്കാൾ മൂല്യവത്തായി വിശ്വാസത്തെ കാണാനും അതിന്റെ മാർഗത്തിൽ വിലപ്പെട്ടത് പലതും ത്യജിക്കേണ്ടിവന്നാൽ മനഃക്ലേശം തോന്നാത്ത ഹൃദയത്തിന്റെ ഉടമയാകാൻ നമ്മുടെ മക്കൾക്ക് നാം ശീലവും ധൈര്യവും നൽകണം. 'കുട്ടികളല്ലേ, അത് വലിയ കാര്യമാക്കേണ്ടതില്ലെ'ന്ന നിലപാട് വിശ്വാസികളുടെ ഭാഗത്തു നിന്ന് ഉണ്ടായിക്കൂടാത്തതാണ്. ഇസ്‌ലാമിക ചരിത്രങ്ങളിൽ അതിന്റെ മാതൃകകൾ ധാരാളം ഉണ്ട്. ●



അബൂ അമീൻ

ക്വുർആൻ പഠനം

# മഴക്കാല ചിന്തകൾ

"അല്ലാഹുവാകുന്നു കാറ്റുകളെ അയക്കുന്നവൻ. എന്നിട്ട് അവ (കാറ്റുകൾ) മേഘത്തെ ഇളക്കിവിടുന്നു. എന്നിട്ട് അവൻ ഉദ്ദേശിക്കുന്ന പ്രകാരം അതിനെ ആകാശത്ത് പരത്തുന്നു. അതിനെ പല കഷ്ണങ്ങളാക്കുകയും ചെയ്യുന്നു. അപ്പോൾ അതിന്നിടയിൽ നിന്ന് മഴ പുറത്ത് വരുന്നതായി നിനക്ക് കാണാം. എന്നിട്ട് തന്റെ ദാസൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ആ മഴ എത്തിച്ചുകൊടുത്താൽ അവരതാ സന്തുഷ്ടരാകുന്നു. ഇതിന് മുമ്പ് – ആ മഴ അവരുടെ മേൽ വർഷിപ്പിക്കപ്പെടുന്നതിന് മുമ്പ് – തീർച്ചയായും അവർ ആശയറ്റവർ തന്നെയായിരുന്നു. അപ്പോൾ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഫലങ്ങൾ നോക്കൂ. ഭൂമി നിർജീവമായിരുന്നതിന് ശേഷം എങ്ങനെയാണ് അവൻ അതിന് ജീവൻ നൽകുന്നത്? തീർച്ചയായും അത് ചെയ്യുന്നവൻ മരിച്ചവരെ ജീവിപ്പിക്കുക തന്നെ ചെയ്യും. അവൻ ഏത് കാര്യത്തിനും കഴിവുള്ളവനത്രെ"– ക്വുർആൻ 30:48–50.

മഴയും വെള്ളവും ഇല്ലാത്ത ഒരു ലോകത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാനാവുമോ? ജീവന്റെ തുടിപ്പും പച്ചപ്പുമില്ലാത്ത വരണ്ടുണങ്ങിയ ലോകം നമ്മുടെ ചിന്തകൾക്കും ഭാവനകൾക്കുമപ്പുറമാണ്. അതുകൊണ്ടു തന്നെ മഴയില്ലാതാകുമ്പോൾ നാം ഭയാശങ്കയിലാകുന്നു. മുൻ വർഷങ്ങളെക്കാൾ മഴയുടെ ലഭ്യതയിൽ വരുന്ന മാറ്റം നമ്മെ വല്ലാതെ അലോസരപ്പെടുത്തുകയും പത്രമാധ്യമങ്ങൾ അത് ഗൗരവത്തോടെ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു.

എന്നാൽ ആരാണ് മഴ പെയ്യിക്കുന്നത് എന്നതിനെക്കുറിച്ച് നാം ആലോചിച്ചിട്ടുണ്ടോ? മഴയില്ലാതെ വിഷമിക്കുമ്പോൾ ആരോടാണ് സങ്കടം പറയുക? ആർക്കാണ് അത് കേട്ട് ആ സങ്കടം നീക്കി മഴ തന്ന് നമ്മെ സഹായിക്കുവാൻ സാധിക്കുക?

മഴ കൂടിയാൽ അതിന്റെ കെടുതികളിൽ നിന്നും ആർക്കാണ് നമ്മെ രക്ഷിക്കാൻ സാധിക്കുക? മഴ നൽകുന്നവനും നിയന്ത്രിക്കുന്നവനും ആരാണോ അവന് മാത്രമാണ് അത് നൽകുവാനും അതിന്റെ ദുരിതങ്ങളിൽ നിന്നും നമ്മെ രക്ഷിക്കുവാനും സാധിക്കുക.

കാരുണ്യവാനായ സ്രഷ്ടാവിന്റെ കാരുണ്യത്തിന്റെ ഭാഗമാണ് മഴയെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. "അല്ലാഹു ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതരികയും, അത് മൂലം ഭൂമിയെ- അത് നിർജീവമായികിടന്നതിന് ശേഷം- അവൻ സജീവമാക്കുകയും ചെയ്തു. കേട്ട് മനസ്സിലാക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്"(16:65).

പക്ഷേ, കാരുണ്യവാനായ അല്ലാഹുവിന്റെ കാരുണ്യമായി മഴയെ കാണാനും ആ രീതിയിൽ വിലയിരുത്താനും മതവിശ്വാസികളിൽ പോലും അധികപേർക്കും സാധിക്കാറില്ല. അതുകൊണ്ട് തന്നെ മഴമൂലമുണ്ടാകുന്ന താൽക്കാലിക വിഷമതകൾ പോലും സഹിക്കാൻ തയ്യാറല്ലാതെ മഴയെ പഴിക്കുകയും ശപിക്കുകയും ചെയ്യുന്ന എത്രയോ വിവരദോഷികളെ നമുക്കു ചുറ്റും കാണാം.

മക്കയിലെ ബഹുദൈവാരാധകർ പോലും മഴയെന്ന അനുഗ്രഹത്തെ അല്ലാഹുവിന്റെ ഔദാര്യമായിക്കണ്ടിരുന്നു എന്ന കാര്യം വിശുദ്ധ ക്വുർആൻ നമ്മെ ഉണർത്തുന്നു:

"ആകാശത്ത് നിന്ന് വെള്ളം ചൊരിയുകയും, ഭൂമി നിർജീവമായി കിടന്നതിനു ശേഷം അതുമൂലം അതിന് ജീവൻ നൽകുകയും ചെയ്താരെന്ന് നീ അവരോട് ചോദിക്കുന്ന പക്ഷം തീർച്ചയായും അവർ പറയും; അല്ലാഹുവാണെന്ന്. പറയുക: അല്ലാഹുവിന് സ്തുതി! പക്ഷേ, അവരിൽ അധികപേരും ചിന്തിച്ച് മനസ്സിലാക്കുന്നില്ല." (29:63).

മഴയെ കേവലം ഒരു ഭൗതികപ്രതിഭാസം എന്നതിലുപരി യുക്തിമാനും സർവശക്തനും കാരുണ്യവാനുമായ പടച്ചതമ്പുരാന്റെ ഔദാര്യമായിട്ടു തന്നെയാണ് ബുദ്ധിയും വിവേകവും നഷ്ടപ്പെട്ടിട്ടില്ലാത്ത ഏതൊരാൾക്കും വിലയിരുത്താനാവുക. കാരണം അത്ഭുതാവഹവും വിസ്മയകരവുമാണ് അതിന്റെ കാര്യം. അല്ലാമാ ഇബ്നുൽഖയ്യിം(റ) തന്റെ 'മിഫ്താഹു ദാരിസ്സആദഃ' എന്ന ഗ്രന്ഥത്തിലുണർത്തിയതുപോലെ നമുക്ക് കുളിക്കാനും കുടിക്കാനും നനക്കാനുമൊക്കെ ആവശ്യമായ വെള്ളം മഴയായിപ്പെയ്യുന്നത് കുത്തിയൊഴുക്കായിട്ടല്ല. മറിച്ച് ഓരോ തുള്ളിയും മറ്റൊന്നുമായി കൂടിച്ചേരാതെ അതിന്റേതായ റൂട്ടിലൂടെ ചെറുചെറു തുള്ളികളായിട്ടാണ് പതിച്ച് കൊണ്ടിരിക്കുന്നത്. ആരാണവക്ക് ആ വഴി നിർണയിച്ചത്? അല്ലായിരുന്നെങ്കിൽ മഴ ഒരു അനുഗ്രഹമെന്നതിന് പകരം നാശകാരിയാകുമായിരുന്നു എന്ന കാര്യം ഓർക്കുക.

# പീസ് റേഡിയോ രണ്ടാം വർഷത്തിലേക്ക്...




24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

**peaceradio**
Tune to reality

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Scan QR Code

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

[illegible]

[illegible]

Wisdom Books

[illegible]